പഞ്ചായത്ത് വകുപ്പ്
പ്രസിദ്ധീകരണം

# പഞ്ചായത്ത്‌രാജ്

പുസ്തകം 58 ലക്കം 5
ആഗസ്റ്റ് 2018






# നമ്മുടെ ലക്ഷ്യം മാലിന്യമുക്ത കേരളം

പകർച്ചവ്യാധികളെ
അകറ്റി നിർത്തുക
പരിസര ശുചിത്വ
പ്രവർത്തനങ്ങൾക്ക്
മുൻകൈ എടുക്കുക

# പഞ്ചായത്ത്‌രാജ്
ആഗസ്റ്റ് 2018


## അകത്ത്






നവകേരള ലക്ഷ്യത്തിന് 'ലൈഫി'ന്റെ തിളക്കം
ഡോ. കെ.ടി. ജലീൽ 5

ശക്തിപ്പെടുന്ന പൊതുവിദ്യാഭ്യാസം
എ. ഷാജഹാൻ ഐ.എ.എസ് 9

കോഴിമാലിന്യം - പാപ്പിനിശ്ശേരി പറഞ്ഞുതരും
ഡോ. പി.വി. മോഹനൻ 11

ആരോഗ്യജീവിതത്തിന്റെ അനുപമ മാതൃക - കുമരംപുത്തൂർ
ഡോ.അബ്ദുൾ റഷീദ് വി.പി., വി. ടി. വിനോദ് 16

ജൈവഗ്രാമസൃഷ്ടിയിലേക്ക് നെടുമങ്ങാട് ബ്ലോക്ക്
മനോജ് ബി. 18

നാളികേരത്തിന്റെ നാട്ടിലെനിക്കൊരു...
സി.എൻ. സുബാഷ് 20

പൈതൃക നെൽവിത്തുകൾക്കായി ഒരു ഗ്രാമം
വിഷ്ണു എസ്.പി 22

മാലിന്യസംസ്കരണത്തിന്റെ വടകരപെരുമ
ടി.പി. ബിജു 24

പ്രളയക്കെടുതിയിൽ ആശ്വാസത്തിന്റെ തെളിനീരുമായി
ഡോ. ജോയ് ഇളമൺ 27

മാലിന്യങ്ങളില്ലാത്ത അടിമാലി സത്യമായി
കെ.എൻ. സഹജൻ 29

ഊഞ്ഞാൽ
ഗിരീഷ് പുലിയൂർ 35

ഓണം - ഒരുമയുടെ പൊലിമ
വട്ടപ്പറമ്പിൽ പീതാംബരൻ 36

മഹാബലി ചരിതം
വെള്ളനാട് രാമചന്ദ്രൻ 37

പൂവിളി പൂവിളി... പൊന്നോണമായി
എൻ.പി. മുരളീകൃഷ്ണൻ 39

ഓണപ്പദങ്ങളാൽ പൂക്കളമൊരുക്കാം
മുരളീധരൻ തഴക്കര 40

മാടായിക്കാവിലെ കാക്കപ്പൂക്കൾ
ജേക്കബ് ഏബ്രഹാം 41


### പംക്തികൾ


| | |
|---|---|
| കില ന്യൂസ് | 32 |
| വാർത്തകൾ വിശേഷങ്ങൾ | 34 |
| കണ്ണും കാതും | 42 |

ആഗസ്റ്റ് 2018
പുസ്തകം 59 ലക്കം 5
വാർഷികവരിസംഖ്യ ₹ 120
www.lsgkerala.gov.in
www.dop.lsgkerala.gov.in

# പഞ്ചായത്ത് രാജ്

പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം

## എഡിറ്റോറിയൽ

ഉപദേശക സമിതി

ചെയർമാൻ
**ഡോ. കെ.ടി. ജലീൽ**
തദ്ദേശസ്വയംഭരണവകുപ്പ് മന്ത്രി

അംഗങ്ങൾ
ടി.കെ. ജോസ് ഐ.എ.എസ്
അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
ടി.വി. സുബാഷ്
ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
കെ. തുളസിഭായ് പത്മനാഭൻ
പ്രസിഡന്റ്, കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ
കെ.ആർ. അജയൻ
സെക്രട്ടറി, പ്രസ് ക്ലബ്, തിരുവനന്തപുരം
ജി. ഹരികൃഷ്ണൻ
പബ്ലിസിറ്റി ഓഫീസർ, പഞ്ചായത്ത് വകുപ്പ്

കൺവീനർ
എം.പി. അജിത് കുമാർ
പഞ്ചായത്ത് ഡയറക്ടർ (ഇൻ-ചാർജ്)

എഡിറ്റർ
എം.പി. അജിത് കുമാർ
Email: directorofpanchayat@gmail.com
Tel: 0471 2323286

അസിസ്റ്റന്റ് എഡിറ്റർ
ജി. ഹരികൃഷ്ണൻ
Email: prmdp2015@gmail.com
ഫോൺ: 0471 2786303
മൊബൈൽ: 9496047036, 7907344705

കവർ ഡിസൈൻ & ലേ ഔട്ട്
നാരായണ ഭട്ടതിരി
പ്രിന്റെയ്ഡ്സ് ലേസർ മീഡിയ

മേൽവിലാസം
എഡിറ്റർ, പഞ്ചായത്ത് രാജ് മാസിക
പഞ്ചായത്ത് ഡയറക്ടറേറ്റ്, മ്യൂസിയം പി.ഒ.
തിരുവനന്തപുരം 695033

ലേഖകരുടെ അഭിപ്രായം സർക്കാരിന്റേതായിരിക്കണമെന്നില്ല. അവയുടെ പൂർണ്ണമായ ഉത്തരവാദിത്തം ലേഖകർക്ക് മാത്രമായിരിക്കും. പരസ്യങ്ങളുടെ ഉള്ളടക്കത്തിലും പഞ്ചായത്ത് രാജിന് ഉത്തരവാദിത്തമില്ല.

## സമത്വമുള്ളോരുലകമാകട്ടെ

സമൃദ്ധിയുടെയും സമത്വത്തിന്റെയും സന്ദേശവുമായി വീണ്ടുമൊരു ഓണം വരവായി. ജനക്ഷേമത്തിന് പ്രാധാന്യം നൽകി നാടുവാണിരുന്ന മഹാബലിയുടെ കാലം തിരിച്ചുകൊണ്ടുവരാനുള്ള ശ്രമത്തിലാണ് കേരള സർക്കാർ. ഈ ലക്ഷ്യത്തോടെയാണ് നവകേരളം കർമ്മപദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് നാല് മിഷനുകൾ രൂപീകരിച്ചത്. ജീവിതത്തിന്റെ സർവ്വമേഖലകളെയും മാറ്റിത്തീർക്കാനുതകുന്ന തരത്തിലാണ് മിഷനുകൾ സംവിധാനം ചെയ്തിട്ടുള്ളത്. മിഷനുകളുടെ പ്രവർത്തനം ഒന്നര വർഷം പിന്നിട്ടപ്പോൾ ഗുണപരമായ മാറ്റങ്ങൾ സാമൂഹ്യ - പാരിസ്ഥിതിക മേഖലകളിൽ കണ്ടുതുടങ്ങിയിരിക്കുന്നു.

അർഹതയുള്ളവർക്കെല്ലാം പാർപ്പിടം നല്കുന്ന ലൈഫ് മിഷന്റെ ഒന്നാം ഘട്ടം വിജയകരമായി പൂർത്തീകരിച്ചുവരുന്നു. നിർമ്മാണം മുടങ്ങിക്കിടന്ന 54960 വീടുകൾ പൂർത്തീകരിക്കുവാൻ ലക്ഷ്യമിട്ടതിൽ ഇതിനകം 45000 ത്തോളം വീടുകൾ പൂർത്തീകരിച്ചു. ലൈഫിന്റെ രണ്ടാംഘട്ട പ്രവർത്തനങ്ങൾക്ക് ഹഡ്കോയിൽ നിന്ന് 4000 കോടി രൂപയുടെ വായ്പയെടുക്കാൻ ലൈഫ് മിഷന് സർക്കാർ അനുമതി നല്കിയിട്ടുണ്ട്. രണ്ടാംഘട്ടത്തിൽ 30000ത്തോളം ഗുണഭോക്താക്കൾ ഇപ്പോൾത്തന്നെ തദ്ദേശസ്ഥാപനങ്ങളുമായി കരാറിലേർപ്പെട്ടു കഴിഞ്ഞു. ആർദ്രം മിഷനിലൂടെ സർക്കാർ ആശുപത്രികളുടെ നിലവാരമുയർത്താനുള്ള നടപടികൾ പുരോഗമിക്കുന്നു. ഒ.പി സമയം ദീർഘിപ്പിച്ചതും ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതും ഇതിന്റെ ഭാഗമാണ്. ആരോഗ്യമേഖലയിൽ ആർദ്രത്തിന് ഒരു പുത്തനുണർവ്വ് സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ട്.

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം മിഷന്റെ പ്രവർത്തനങ്ങൾ സർക്കാരിന്റെ വിദ്യാഭ്യാസ സമീപനം വ്യക്തമാക്കുന്നു. അതിന്റെ ഫലമായാണ് 1.5 ലക്ഷത്തോളം കുട്ടികൾ കൂടുതലായി സർക്കാർ വിദ്യാലയങ്ങളിൽ പ്രവേശനം നേടിയത്. ആകെയുള്ള ക്ലാസ് മുറികളിൽ 40087 എണ്ണം ഇതിനകം ഹൈടെക് ആക്കി മാറ്റിക്കഴിഞ്ഞു. 6134 ക്ലാസ് മുറികളേ ഇനി ബാക്കി നില്ക്കുന്നുള്ളൂ. ഹരിതകേരളത്തിനായി നിരവധി പഞ്ചായത്തുകളും നഗരസഭകളും മാലിന്യസംസ്കരണ സംവിധാനം സ്ഥാപിച്ച് പ്രകടമായ മാറ്റത്തിന് തുടക്കമിട്ടിരിക്കുന്നു. വരട്ടാർ, കിള്ളിയാർ തുടങ്ങി സംസ്ഥാനത്ത് പല നദികളും ജനപങ്കാളിത്തത്തോടെ മാലിന്യമുക്തമാക്കിക്കൊണ്ടിരിക്കുകയാണ്.

ഓണം ഇങ്ങെത്തിയെങ്കിലും ഇത്തവണ ദുഃഖകരമായ ഒരന്തരീക്ഷത്തിലാണ് നമ്മുടെ നാട്. മഴക്കാലദുരിതത്തിലകപ്പെട്ടിരിക്കുന്ന നമ്മുടെ സഹോദരങ്ങൾക്ക് പരമാവധി സഹായമെത്തിക്കുമ്പോഴേ ഓണത്തിന്റെ സമഭാവന അർത്ഥപൂർണ്ണമാക്കാൻ കഴിയൂ. അതിനാവട്ടെ നമ്മുടെയെല്ലാ ശ്രമങ്ങളും. സർവ്വപിന്തുണയുമായി സർക്കാരുള്ളപ്പോൾ പ്രവർത്തനസജ്ജരായി നമുക്കൊത്തു നീങ്ങാം.

ഏവർക്കും ഓണാശംസകൾ

**എം.പി. അജിത് കുമാർ**

**ഇഷ്ടമുള്ളതെന്തും ചെയ്യാനുള്ളതല്ല സ്വാതന്ത്ര്യം**

**-മഹാത്മാഗാന്ധി**

# നവകേരള ലക്ഷ്യത്തിന് 'ലൈഫി'ന്റെ തിളക്കം



**കെ.ടി. ജലീൽ**
തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി

നാടിന്റെ വികസനപ്രശ്നങ്ങളിൽ ജനകീയാഭിപ്രായം സ്വരൂപിച്ച്, ജനശക്തിയുടെ കരുത്തിൽ മുന്നോട്ട് പോവുക എന്നതാണ് ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ ജനകീയ വികസന സമീപനത്തിന്റെ കാതൽ. വികസന ദൗത്യങ്ങളിൽ ഇത്രയധികം ജനപങ്കാളിത്തമുണ്ടായ മറ്റൊരു കാലഘട്ടം കേരളത്തിന്റെ ഭരണചരിത്രത്തിൽ ഉണ്ടായിട്ടില്ല. നാടിന്റെ വികസനത്തിൽ തങ്ങൾക്കും പങ്കുണ്ടെന്ന് പൊതുപ്രവർത്തകർക്കൊപ്പം സാധാരണക്കാരും തിരിച്ചറിയുന്നതിന്റെ തെളിവാണ് നവകേരള മിഷനുകളിലെ വമ്പിച്ച ജനപങ്കാളിത്തം. പതിനായിരക്കണക്കിന് സന്നദ്ധ പ്രവർത്തകർ ഒരുമിച്ച് അണിനിരക്കുന്ന ശുചീകരണ യജ്ഞങ്ങളും തണ്ണീർത്തട സംരക്ഷണ ദൗത്യങ്ങളും നാടിന് പുതിയ അനുഭവമാവുകയാണ്. നാടിന്റെ ഹരിതസമൃദ്ധി തിരിച്ചു വരികയാണ്. സർക്കാർ സ്കൂളുകളിൽ നിന്നുള്ള വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് പഴങ്കഥയാക്കി, ഈ അധ്യയന വർഷാരംഭത്തിൽ പൊതു വിദ്യാലയങ്ങളിലേക്ക് വിദ്യാർത്ഥികളുടെ ഒഴുക്കുണ്ടായി. രാജ്യത്തിന് മാതൃകയായ കേരളത്തിന്റെ പൊതുജനാരോഗ്യ രംഗം പുതിയ കാലഘട്ടത്തിന്റെ ആവശ്യങ്ങൾക്കനുസരിച്ച് മാറുകയാണ്. ഒച്ചിന്റെ വേഗത്തിൽ ഇഴഞ്ഞിരുന്ന വൻകിട പദ്ധതികളുടെ പുരോഗതിയും ശരവേഗത്തിലായിരിക്കുന്നു. വികസനത്തിന് വഴിമുടക്കാൻ വന്ന നിക്ഷിപ്തതാൽപര്യക്കാരെ സർക്കാർ ഇച്ഛാശക്തിയോടെ നേരിട്ടപ്പോൾ ജനങ്ങൾ ഒപ്പം നിന്നു.

സർക്കാരിന്റെ ജനക്ഷേമ ലക്ഷ്യങ്ങളിൽ ലൈഫ് പദ്ധതിക്ക് മറ്റേത് നേട്ടത്തെക്കാളും തിളക്കമുണ്ട്.സമ്പൂർണ്ണ പാർപ്പിട സുരക്ഷ എന്ന ലക്ഷ്യത്തോടെ സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന ലൈഫ് (ലൈവിലിഹുഡ്, ഇൻക്ലൂഷൻ & ഫിനാൻഷ്യൽ എംപവർമെന്റ്) രാജ്യത്തെ ഏറ്റവും ബൃഹത്തായ സംസ്ഥാനാവിഷ്കൃത ഭവന പദ്ധതിയാണ്. ഈ സർക്കാർ കാലാവധി പൂർത്തിയാക്കുന്നതിനു മുൻപായി സംസ്ഥാനത്തെ ഭവനരഹിതരായ മുഴുവൻ ദരിദ്രകുടുംബങ്ങൾക്കും സുരക്ഷിതമായ പാർപ്പിടം സ്വന്തമാകും.

സർക്കാർ സഹായത്തോടെ ലഭിക്കുന്ന വീട് അന്യാധീനപ്പെടാതെ സൂക്ഷിക്കാൻ കഴിയുന്ന വിധത്തിൽ ഗുണഭോക്താക്കളുടെ ജീവനസുരക്ഷ ഉറപ്പാക്കുകയെന്നതും ലൈഫ് മിഷന്റെ ലക്ഷ്യമാണ്. സർക്കാരിന്റെ വിവിധങ്ങളായ സേവന -ക്ഷേമ പദ്ധതികളുടെ പ്രയോജനം അവയുടെ യഥാർത്ഥ ഗുണഭോക്താക്കളായ ദരിദ്രർക്കും ദുർബല വിഭാഗങ്ങൾക്കും ലഭ്യമാവുന്നത് സുരക്ഷിതമായ വീടും സ്ഥിര മേൽവിലാസവും സ്വന്തമാവുമ്പോൾ മാത്രമാണ്. ദരിദ്രരിൽ ദരിദ്രരും ദുർബലരിൽ ദുർബലരുമായ ആളുകളിൽ ഒരു വിഭാഗം ഇത്തരം ആനുകൂല്യങ്ങളുടെ പരിധിയിൽ നിന്ന് പുറത്താവുന്ന അവസ്ഥ പൂർണ്ണമായി ഇല്ലാതാക്കുകയാണ് സർക്കാരിന്റെ ലക്ഷ്യം. അതിനു വേണ്ടിയുള്ള സത്യസന്ധവും സുതാര്യവും കാര്യക്ഷമവുമായ പ്രവർത്തനങ്ങളിൽ സംസ്ഥാന സർക്കാരും പ്രാദേശിക സർക്കാരുകളും ഒറ്റക്കെട്ടായി നിൽക്കുന്നത് അഭിമാനകരമാണ്.

നാടിന്റെ ഹരിതസമൃദ്ധി തിരിച്ചു വരികയാണ്. സർക്കാർ സ്കൂളുകളിൽ നിന്നുള്ള വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് പഴങ്കഥയാക്കി, ഈ അധ്യയന വർഷാരംഭത്തിൽ പൊതു വിദ്യാലയങ്ങളിലേക്ക് വിദ്യാർത്ഥികളുടെ ഒഴുക്കുണ്ടായി. രാജ്യത്തിന് മാതൃകയായ കേരളത്തിന്റെ പൊതുജനാരോഗ്യരംഗം പുതിയ കാലഘട്ടത്തിന്റെ ആവശ്യങ്ങൾക്കനുസരിച്ച് മാറുകയാണ്.



നിരവധി ഭവനപദ്ധതികൾ നടപ്പിലാക്കിയതിനു ശേഷവും കേരളത്തിൽ നാലേകാൽ ലക്ഷത്തിലേറെ ഭവനരഹിത കുടുംബങ്ങളുണ്ടെന്ന് സംസ്ഥാന ആസൂത്രണ ബോർഡിന്റെ കണക്കുകൾ വ്യക്തമാക്കുന്നു. ഇതിൽ ഒന്നര ലക്ഷത്തിലേറെ കുടുംബങ്ങൾക്ക് സ്വന്തമായി ഭവനമില്ലെന്ന് കണ്ടെത്തിയിട്ടുണ്ട്. ലൈഫ് പദ്ധതിയിലെ ഗുണഭോക്താക്കളെ കണ്ടെത്താൻ നടത്തിയ സർവ്വെ പ്രകാരം സംസ്ഥാനത്തെ ഭൂരഹിത ഭവനരഹിതരുടെ എണ്ണം ഇതിലും കൂടുതലാണ്. സ്ഥലമോ വീടോ ഇല്ലാത്തവരും പുറമ്പോക്കിലോ തീരദേശത്തോ തോട്ടം മേഖലയിലോ താൽക്കാലിക ഭവനമുള്ളവരും ഈ കണക്കിൽ ഉൾപ്പെടും. ലൈഫ് പദ്ധതിയുടെ നിർവ്വഹണ ലക്ഷ്യം പൂർത്തിയാവുന്നതോടെ പാർപ്പിട സുരക്ഷയിലേക്ക് ചുവടുവയ്ക്കുന്ന ഇന്ത്യയിലെ ആദ്യ സംസ്ഥാനമായി കേരളം മാറും.

ഭവന രഹിതർക്കു മാത്രമായല്ല ലൈഫ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. അവർക്കു പുറമെ, വിവിധ ഭവനപദ്ധതികളിൽ ധനസഹായം ലഭിച്ച് നിർമ്മാണം പൂർത്തീകരിക്കാൻ കഴിയാതെ പോയവർക്കും വാസയോഗ്യമല്ലാത്ത വീടുള്ളവർക്കും ഈ പദ്ധതിയിൽ സഹായം ലഭിക്കും. വാസയോഗ്യമല്ലാത്ത വീടുകൾ കണ്ടെത്തുന്നതിന് തേഡ് പാർട്ടി ടെക്നിക്കൽ എജൻസിയുടെ സഹായം തേടാനാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത്. ഭവനരഹിതർക്ക് വീട് ലഭ്യമാക്കിയതിനു ശേഷമാവും ഇവരെ പരിഗണിക്കുക. തടി, ഷീറ്റ്, ഓല എന്നിവ കൊണ്ട് നിർമ്മിച്ച താൽക്കാലിക ഭവനങ്ങളിൽ താമസിക്കുന്നവരെ ഭവനരഹിതരായി പരിഗണിച്ച് ഈ ഘട്ടത്തിൽ സഹായം നൽകുന്നുണ്ട്.

സർക്കാർ സഹായം അനുവദിച്ചതിൽ പണി പൂർത്തീകരിക്കാത്ത ഭവനങ്ങൾ പൂർത്തീകരിക്കുന്നതിനാണ് ലൈഫ് പദ്ധതിയിൽ ആദ്യ പരിഗണന നൽകിയത്. വിവിധ ഭവന പദ്ധതികളിൽ സഹായം ലഭിച്ച് നിർമ്മാണം പൂർത്തീകരിക്കാത്തവരുടെ പേരുവിവരങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തിരിച്ച് പ്രത്യേകം പട്ടികപ്പെടുത്തി ചെയ്ത പ്രവൃത്തിയുടെയും അനുവദിച്ച തുകയുടെയും വിശദാംശങ്ങൾ പ്രത്യേകം ശേഖരിച്ചു. അത്തരം വീടുകൾ പൂർത്തീകരിക്കുന്നതിന് നടത്തിയ പ്രവർത്തനങ്ങൾ ഫലം കണ്ടു. കണ്ടെത്തിയ 54,000 ത്തിലധികം വീടുകളിൽ 44,000 ത്തിലേറെ വീടുകൾ ഇതിനകം പണി തീർന്നു. ഭവന നിർമ്മാണത്തിനുള്ള യൂണിറ്റ് നിരക്ക് വർധിപ്പിച്ച്, ഈ ഗുണഭോക്താക്കൾക്ക് ലഭിക്കാനുള്ള തുകയിൽ അതിന് ആനുപാതികമായ വർധനവ് നൽകിയാണ് വർഷങ്ങളായി പണി മുടങ്ങിക്കിടന്ന നാൽപ്പതിനാലായിരത്തോളം വീടുകൾ ഈ സർക്കാർ പൂർത്തീകരിച്ചത്. ബാക്കിയുള്ള വീടുകളുടെ പ്രവൃത്തി നടക്കുകയാണ്.

ഒരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പരിധിയിൽ സ്ഥിരതാമസമുള്ളവർക്ക് അതേ പരിധിയിൽ സ്ഥലമുണ്ടെങ്കിൽ മാത്രം ആനുകൂല്യം അനുവദിക്കുകയെന്ന രീതിയല്ല ലൈഫിൽ സ്വീകരിച്ചിട്ടുള്ളത്. ഇത്തരം അപേക്ഷകരെ അവർ നിലവിൽ താമസിക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ ഗുണഭോക്താവായി പരിഗണിച്ച് അന്തിമ ലിസ്റ്റ് തയ്യാറാക്കാനാണ് സർക്കാർ നിർദേശം നൽകിയിട്ടുള്ളത്. അവരുടെ പേരുവിവരങ്ങൾ അവർക്ക് സ്ഥലമുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറണം. അതിനുശേഷം, വീട് നിർമ്മിക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ ഗുണഭോക്താക്കളായാണ് ഇവരെ പരിഗണിക്കുക.

വാർഡോ ഡിവിഷനോ നോക്കാതെ, അർഹതയുള്ള മുഴുവൻ പേർക്കും മുൻഗണനാടിസ്ഥാനത്തിൽ സഹായം നൽകാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. മാനസിക വെല്ലുവിളി നേരിടുന്നവർ, അന്ധർ, ശരീരം തളർന്നവർ, അഗതികൾ, ഭിന്നശേഷിക്കാർ, ഭിന്നലിംഗക്കാർ, മാരകരോഗികൾ, അവിവാഹിതരായ അമ്മമാർ, അപകടത്തിൽ പെട്ട് അവശതയനുഭവിക്കുന്നവർ എന്നിങ്ങനെയുള്ള ക്ലേശങ്ങൾ നേരിടുന്നവർക്ക് മുൻഗണന നൽകി തയ്യാറാക്കിയ ലിസ്റ്റിൽ ഉൾപ്പെട്ട ഭവനരഹിതരായ ഗുണഭോക്താക്കളെയാണ് ലൈഫ് പദ്ധതിയുടെ ഈ ഘട്ടത്തിൽ സഹായിക്കുന്നത്. ആവർത്തിച്ചുള്ള പരിശോധനകൾക്ക് ശേഷം കുറവു തീർത്ത ലിസ്റ്റുകളാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പക്കൽ ഇപ്പോഴുള്ള

**ഭവനരഹിതർക്കു മാത്രമായല്ല ലൈഫ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. അവർക്കു പുറമെ, വിവിധ ഭവന പദ്ധതികളിൽ ധന സഹായം ലഭിച്ച് നിർമ്മാണം പൂർത്തീകരിക്കാൻ കഴിയാതെ പോയവർക്കും വാസയോഗ്യമല്ലാത്ത വീടുള്ളവർക്കും ഈ പദ്ധതിയിൽ സഹായം ലഭിക്കും.**

ത്. വില്ലേജ് ഓഫീസുകൾ അടക്കമുള്ള സർക്കാർ സ്ഥാപനങ്ങളിൽ കരട് പട്ടികകൾ പ്രസിദ്ധീകരിച്ചിരുന്നു. പദ്ധതി നിർവ്വഹണം കൂടുതൽ കാര്യക്ഷമവും സുതാര്യവും ആക്കുകയെന്ന ലക്ഷ്യത്തോടെ ഈ ലിസ്റ്റുകൾ മുഴുവൻ എംഐഎസ് ചെയ്ത് വെബ്സൈറ്റിൽ വിവരങ്ങൾ ലഭ്യമാക്കി. അപ്പീലുകളും ആക്ഷേപങ്ങളും പരിശോധിച്ചതിനു ശേഷം ആദ്യലിസ്റ്റിലെ ഉൾപ്പെടുത്തലുകളും ഒഴിവാക്കലുകളും അടക്കമുള്ള ഭേദഗതികൾ പ്രസിദ്ധപ്പെടുത്തുകയുണ്ടായി. പട്ടയമില്ലാത്ത ഭൂമിയിൽ താമസിക്കുന്നവരെയും ഭൂരഹിത ഭവനരഹിതരായി കണക്കാക്കിയാണ് ലിസ്റ്റുകൾ തയ്യാറാക്കിയിട്ടുള്ളത്. എന്നാൽ കുടുംബസ്വത്തിൽ നിന്ന് വിഹിതം കിട്ടാൻ സാധ്യതയുള്ളവരെ ഭൂരഹിതരായി കണക്കാക്കുകയില്ല. അത്തരക്കാർ ലിസ്റ്റിൽ കടന്നു കൂടിയിട്ടുണ്ടെങ്കിൽ അവരെ അനർഹരായി കണക്കാക്കും. ലൈഫ് പദ്ധതിയിലെ അപേക്ഷകരുടെ വാസയോഗ്യമല്ലാത്ത വീടുകൾ അറ്റകുറ്റപ്പണി ചെയ്ത് വാസയോഗ്യമാക്കുന്നതിന് സഹായം നൽകുന്നത് സംബന്ധിച്ച തീരുമാനം ഉചിതമായ സമയത്ത് സർക്കാർ കൈക്കൊള്ളുന്നതാണ്.

സർക്കാരിലോ അർദ്ധ സർക്കാർ - പൊതുമേഖലാ സ്ഥാപനങ്ങളിലോ സ്ഥിരവരുമാന ജോലിയുള്ളവരും ഈ സ്ഥാപനങ്ങളിൽ നിന്ന് പെൻഷൻ വാങ്ങുന്നവരും ലൈഫ് പദ്ധതിയുടെ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ അവർ പുറത്താവും. ഉയർന്ന വരുമാനമുള്ളവരെ ലിസ്റ്റിൽ ഉൾപ്പെടുത്തില്ല. പഞ്ചായത്തുകളിൽ 50 ഒരേക്കറിലോ മുനിസിപ്പാലിറ്റികളിൽ 25 സെന്റിലോ കോർപ്പറേഷനുകളിൽ 25 സെന്റിലോ കൂടുതൽ ഭൂമിയുള്ള കുടുംബങ്ങൾക്ക് ലൈഫ് പദ്ധതിയിൽ ആനുകൂല്യം ലഭിക്കില്ല. ഒരു റേഷൻ കാർഡിൽ അർഹരായ ഒന്നിൽ കൂടുതൽ കുടുംബങ്ങളുള്ള സാഹചര്യത്തിൽ, അത്തരക്കാരുടെ വിവരങ്ങൾ സംസ്ഥാനതലത്തിൽ ക്രോഡീകരിച്ചതിനു ശേഷം ഉചിതമായ ഉത്തരവുകൾ നൽകും. ചുട്ടെടുക്കാത്ത കട്ട കൊണ്ടും മണ്ണു കൊണ്ടും നിർമ്മിച്ച വീടുകളെ ഉൾപ്പെടുത്താൻ നിലവിൽ അനുവാദം നൽകിയിട്ടില്ല. വീടില്ലാത്തവർക്ക് ആദ്യ പരിഗണന ലഭിച്ചുവെന്ന് ഉറപ്പുവരുത്തിയതിനു ശേഷം, അവരെ സംബന്ധിച്ച വ്യക്തമായ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കും. ഗുണഭോക്തൃ പട്ടിക അന്തിമമാവുമ്പോൾ ഗുണഭോക്താക്കളുടെ ഫോട്ടോ എടുത്ത് വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്താൻ നിർദ്ദേശിച്ചിട്ടുണ്ട്.

സ്വന്തം പേരിലുള്ള സ്ഥലവും ഭൂമിയും മക്കൾക്ക് എഴുതിക്കൊടുത്തതിനു ശേഷം, ഭവനരഹിതരുടെ ലിസ്റ്റിൽ ഉൾപ്പെടാൻ അപേക്ഷ നൽകുന്ന പ്രവണത സർക്കാർ പ്രോത്സാഹിപ്പിക്കുന്നില്ല. അനർഹർ ലിസ്റ്റിൽ ഉൾപ്പെടുന്നത് അർഹതയുള്ളവർക്ക് ആനുകൂല്യങ്ങൾ നഷ്ടപ്പെടാൻ ഇടയാക്കും. എന്നാൽ മക്കളുടെ സംരക്ഷണം ലഭിക്കാത്ത, ക്ലേശമനുഭവിക്കുന്ന അപേക്ഷകരെ ലിസ്റ്റിൽ നിന്ന് ഒഴിവാക്കാൻ കഴിയുകയുമില്ല. അത്തരക്കാർക്ക് വീടു നൽകുകയോ ഭവനസമുച്ചയങ്ങളിലും കെയർ ഹോമുകളിലും പാർപ്പിക്കുകയോ ചെയ്യാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. മാതാപിതാക്കൾക്ക് വസ്തുവുണ്ടായിരിക്കെ, അവരുടെ മക്കളെ ഭൂരഹിതരും ഭവനരഹിതരുമായി കണക്കാക്കി ആനുകൂല്യത്തിന് പരിഗണിക്കുന്നതും ശരിയായ രീതിയല്ല.

ലൈഫ് പദ്ധതി വിജയിപ്പിക്കുന്നതിന് പഴുതടച്ച സജ്ജീകരണങ്ങളും സഹായക സംവിധാനങ്ങളുമാണ് സർക്കാർ ഒരുക്കിയിരിക്കുന്നത്. ഐ.ടി.അധിഷ്ഠിത മോണിറ്ററിംഗിലൂടെ പദ്ധതിയുടെ നിർവ്വഹണ പുരോഗതി ജനങ്ങളെ അറിയിക്കും. നിർമ്മാണ സാമഗ്രികളുടെ ലഭ്യത ബ്ലോക്ക് തലത്തിൽ ഉറപ്പാക്കും. ബന്ധപ്പെട്ട ബ്ലോക്ക് പഞ്ചായത്തുകളുടെയും ഗ്രാമപഞ്ചായത്തുകളുടെയും മുൻകൈ ഇക്കാര്യത്തിൽ ഉണ്ടാവണം. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയുടെ സാധന ഘടകം ഇതിന് ഫലപ്രദമായി ഉപയോഗപ്പെടുത്താൻ കഴിയും. സാങ്കേതിക സഹായത്തിന് എൻജിനീയറിംഗ് കോളെജുകളുടെ മേൽനോട്ട സംവിധാനവും സർക്കാർ ഒരുക്കുന്നുണ്ട്. കേരളത്തിലെ എൻജിനീയറിംഗ് കോളെജുകളും പോളിടെക്നിക്കുകളും

## പദ്ധതി ചെലവ് മുഖ്യമന്ത്രി അവലോകനം ചെയ്തു

### തദ്ദേശസ്ഥാപനങ്ങൾ ആദ്യ പാദത്തിൽ 17.10 ശതമാനം

സംസ്ഥാനത്തെ ആദ്യപാദ പദ്ധതി ചെലവ് മുഖ്യമന്ത്രി പിണറായി വിജയൻ അവലോകനം ചെയ്തു. മുൻ വർഷങ്ങളെ അപേക്ഷിച്ച് പദ്ധതി ചെലവിൽ മികച്ച നേട്ടം സംസ്ഥാനം കൈവരിച്ചതായി വിലയിരുത്തി. ആദ്യപാദത്തിൽ 16.85 ശതമാനമാണ് ചെലവ്. 2016ൽ 7.99 ശതമാനവും 2017ൽ 13.84 ശതമാനവുമായിരുന്നു. സംസ്ഥാന പദ്ധതി വിഹിതമായ 22150 കോടി രൂപയിൽ 3698.96 കോടി രൂപ ചെലവഴിച്ചു കഴിഞ്ഞു. കേന്ദ്രത്തിന്റേതുൾപ്പെടെ 37272.99 കോടി രൂപയാണ് ആകെ വിഹിതം. ഇതിൽ 6177.16 കോടി രൂപയാണ് ആദ്യ പാദത്തിൽ ചെലവഴിച്ചിരിക്കുന്നത്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ചെലവിലും വർധനയുണ്ട്. 17.10 ശതമാനം വിനിയോഗിച്ചു. 2017-ൽ 11.75 ശതമാനമായിരുന്നു. പത്തു കോടി രൂപയ്ക്കു മുകളിലുള്ള 87 പദ്ധതികളിൽ 64 എണ്ണം പുരോഗമിക്കുന്നു. പ്രധാനപ്പെട്ട 15 മേജർ പദ്ധതികളും 104 ഇംപാക്ട് പദ്ധതികളും നാലു നവകേരളം കർമ്മ പദ്ധതികളും പുരോഗതിയിലാണ്. കിഫ്ബി പദ്ധതികളിൽ 36 എണ്ണത്തിൽ നടപടി ആരംഭിച്ചു. പദ്ധതികളുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് ബഡ്ജറ്റിൽ പ്രത്യേകമായി തുക അനുവദിച്ചിട്ടുണ്ട്. ഈ തുക ആവശ്യമുള്ള വകുപ്പുകൾക്ക് വിഭജിച്ചു നൽകണമെന്ന് അദ്ദേഹം നിർദ്ദേശിച്ചു.

**സർക്കാരിലോ അർദ്ധ സർക്കാർ - പൊതുമേഖലാ സ്ഥാപനങ്ങളിലോ സ്ഥിരവരുമാന ജോലിയുള്ളവരും ഈ സ്ഥാപനങ്ങളിൽ നിന്ന് പെൻഷൻ വാങ്ങുന്നവരും ലൈഫ് പദ്ധതിയുടെ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ അവർ പുറത്താവും. ഉയർന്ന വരുമാനമുള്ളവരെ ലിസ്റ്റിൽ ഉൾപ്പെടുത്തില്ല.**



ലൈഫ് പദ്ധതിയുടെ തേഡ് പാർട്ടി ടെക്നിക്കൽ ഏജൻസികളാണ്.

ഏറെ ബുദ്ധിമുട്ടിയും കടം വാങ്ങിയും നിർമ്മിച്ച വീടുകൾ അന്യാധീനപ്പെടുത്തിയോ വിറ്റോ വീണ്ടും ഭവനരഹിതരായി മാറിയ കുടുംബങ്ങൾ ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലും നിരവധിയുണ്ട്. മാരക രോഗങ്ങൾക്കുള്ള ചികിൽസയ്ക്കും പെൺമക്കളുടെ വിവാഹത്തിനും മറ്റും വലിയ തുക ചെലവാക്കി, ഉള്ളതത്രയും വിറ്റ് ഭവനരഹിതരായി മാറിയവരാണ് പലരും. ലൈഫ് പദ്ധതിയിൽ കിടപ്പാടം ലഭിക്കുന്നവർക്ക് ഈ അവസ്ഥ വരാതിരിക്കാനുള്ള മുൻകരുതലുകൾ സർക്കാർ കൈക്കൊള്ളും.

ഗുണഭോക്താക്കളുടെ ജീവിത നിലവാരം മെച്ചപ്പെടുത്താനും സമ്പൂർണ്ണ ജീവന സുരക്ഷ ഉറപ്പുവരുത്താനും സഹായിക്കുന്ന വ്യത്യസ്തങ്ങളായ സൗകര്യങ്ങളും സഹായങ്ങളും ലൈഫ് പദ്ധതിയുടെ ഭാഗമായി സംയോജിപ്പിക്കും. ഏറ്റവും കൂടുതൽ ഭൂരഹിത ഭവനരഹിതരുള്ള അറുപതോളം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഭവന സമുച്ചയങ്ങൾ ഉയരും. ഇവിടങ്ങളിൽ അങ്കണവാടി, മത്സര പരീക്ഷകൾക്കുള്ള സ്പെഷ്യൽ കോച്ചിങ്ങ്, വിവരസാങ്കേതിക പരിശീലനം, കൗമാരക്കാർക്കുള്ള കൗൺസലിങ്ങ്, വിവിധ തൊഴിലുകൾക്കുള്ള വൈദഗ്ധ്യ പരിശീലനം, ആരോഗ്യ പരിരക്ഷ, വയോജന പരിപാലനം, പാലിയേറ്റീവ് ശുശ്രൂഷ തുടങ്ങിയ പൊതുസേവനങ്ങൾ ലഭ്യമാക്കും. പട്ടികവർഗ മേഖലകളിൽ അട്ടപ്പാടി മാതൃകയിൽ വിശ്വാസ്യതയുള്ള ഏജൻസികളെ വച്ച് വീടുകൾ നിർമ്മിക്കുന്നുണ്ട്. വിവിധ സർക്കാരിതര, സന്നദ്ധ സംഘടനകൾ, സാമൂഹിക സംഘടനകൾ, മത സ്ഥാപനങ്ങൾ മുതലായവയ്ക്ക് ലൈഫ് പദ്ധതിയുടെ ഭാഗമായ അധികവിഭവ സമാഹരണത്തിലും സാമൂഹിക സംഘാടനത്തിലും പങ്കാളികളാവാൻ അവസരമുണ്ട്.

കേന്ദ്ര, സംസ്ഥാന സർക്കാരുകൾ വിവിധ വകുപ്പുകൾ മുഖാന്തരം നടപ്പിലാക്കുന്ന ഭവന പദ്ധതികളിൽ നൽകുന്ന യൂണിറ്റ് തുകയോട് അധിക സഹായം കൂടി ചേർത്ത് ലൈഫ് പദ്ധതിയുമായി ഏകീകരിച്ചാണ് നടപ്പിലാക്കുന്നത്. ഭൂമിയില്ലാത്ത മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ഭൂമി കണ്ടെത്തി വീട് നിർമ്മിച്ചു നൽകുന്ന പദ്ധതിയും ഇതിൽ ഉൾപ്പെടും. പത്ത് ലക്ഷം രൂപയാണ് ഫിഷറീസ് വകുപ്പ് നടപ്പിലാക്കുന്ന ഈ പദ്ധതിക്ക് നിശ്ചയിച്ചിട്ടുള്ള യൂണിറ്റ് തുക.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഈ വർഷത്തെ പദ്ധതിതുകയുടെ ഒരു വിഹിതം ലൈഫ് പദ്ധതിക്കു വേണ്ടി മാറ്റിവച്ചിട്ടുണ്ട്. കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി ഇനത്തിൽ നല്ലൊരു തുക സമാഹരിക്കാനാവും എന്നാണ് സർക്കാരിന്റെ പ്രതീക്ഷ. ഹഡ്കോയിൽ നിന്ന് 4000 കോടി രൂപ വായ്പയെടുക്കാൻ ലൈഫ് മിഷന് സംസ്ഥാന സർക്കാർ അനുമതി നൽകിക്കഴിഞ്ഞു. വായ്പയായി ലഭ്യമാകുന്ന തുകയുടെ പലിശഭാരം സംസ്ഥാന സർക്കാർ വഹിക്കും. മുതൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതി വിഹിതത്തിൽ നിന്ന് തിരിച്ചടയ്ക്കണം. ലൈഫ് പദ്ധതിയിൽ രണ്ടര ലക്ഷത്തോളം വീടുകളാണ് ഈ സാമ്പത്തിക വർഷം ഉയരുന്നത്. നവകേരളം എന്ന ലക്ഷ്യത്തിലേക്കുള്ള ഏറ്റവും ഉറപ്പാർന്ന ചവിട്ടുപടികളിൽ ഒന്നായി "ലൈഫ് " മാറിയിരിക്കുന്നു.

വിഭവപരിമിതി ക്ഷേമ പ്രവർത്തനങ്ങളെ ബാധിക്കാൻ അനുവദിക്കില്ലെന്ന ധനകാര്യ മന്ത്രി തോമസ് ഐസക്കിന്റെ പ്രഖ്യാപനത്തിന് ലൈഫ് പദ്ധതിയേക്കാൾ വലിയ ഉറപ്പു വേണ്ട. സംസ്ഥാനത്തെ മുഴുവൻ ഭവന രഹിതർക്കും ഈ വർഷം തന്നെ വീടു നൽകുകയെന്നത് പ്രായോഗികമല്ല. എന്നാൽ, എല്ലാവർക്കും സുരക്ഷിതമായ പാർപ്പിടം ഉറപ്പുവരുത്താൻ ഈ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. മുഴുവൻ പേർക്കും സ്വീകാര്യമായ ഒരു മാനദണ്ഡമെന്ന നിലയിൽ, ഭവനരഹിത കുടുംബങ്ങളെ ആദ്യം പരിഗണിക്കുന്നു എന്ന മാത്രം. ഈ സർക്കാർ അഞ്ചു വർഷ കാലാവധി പൂർത്തിയാക്കുന്നതിനു മുൻപ്, അർഹരായ മുഴുവൻ അപേക്ഷകർക്കും ലൈഫ് പദ്ധതിയുടെ ആനുകൂല്യം ലഭ്യമായിരിക്കും.

ഈ സർക്കാർ അഞ്ചു വർഷ കാലാവധി പൂർത്തിയാക്കുന്നതിനു മുൻപ്, അർഹരായ മുഴുവൻ അപേക്ഷകർക്കും ലൈഫ് പദ്ധതിയുടെ ആനുകൂല്യം ലഭ്യമായിരിക്കും.



# ശക്തിപ്പെടുന്ന പൊതുവിദ്യാഭ്യാസം

എ. ഷാജഹാൻ ഐ.എ.എസ്

നവകേരളം കർമ്മപദ്ധതിയുടെ ഭാഗമായ പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം അനന്യമായ ജനകീയ പദ്ധതിയായി മാറിക്കഴിഞ്ഞു. അധ്യാപകരും കുട്ടികളും രക്ഷകർത്താക്കളും അടങ്ങിയ സ്കൂൾ സമൂഹത്തോടൊപ്പം സമൂഹമാകെ അണിചേരുന്ന കാഴ്ചയാണ് എല്ലായിടത്തും കാണുന്നത്. പൊതുവിദ്യാഭ്യാസ സംരക്ഷണം സർക്കാരിന്റെ നയമാണ് എന്ന് പ്രഖ്യാപിച്ച് പ്രവർത്തനങ്ങളുമായി മുന്നോട്ടുപോയപ്പോൾ അത് വലിയ ആത്മവിശ്വാസമാണ് സമൂഹത്തിന് പ്രദാനം ചെയ്തത്. സാമൂഹ്യരാഷ്ട്രീയ പ്രവർത്തകരുൾപ്പടെയുള്ള രക്ഷിതാക്കൾ അവരുടെ മക്കളെ പൊതുവിദ്യാലയങ്ങളിൽ എൻറോൾ ചെയ്തു. പലരും സ്വകാര്യ അൺഎയ്ഡഡ് വിദ്യാലയങ്ങളിൽ നിന്നും കുട്ടികളെ മാറ്റിയാണ് പൊതുവിദ്യാലയങ്ങളിൽ ചേർത്തത്. ഇതിന്റെ ഫലമായി 2017-18ൽ 1.45 ലക്ഷത്തിലധികവും 2018-19 വർഷത്തിൽ 1.86 ലക്ഷത്തിലധികം കുട്ടികളും മുൻ വർഷത്തെക്കാൾ കൂടുതലായി പൊതുവിദ്യാലയങ്ങളിലെത്തിച്ചേർന്നു.

പൊതുവിദ്യാലയങ്ങളിൽ മികച്ച അക്കാദമിക പഠനാനുഭവങ്ങൾ ഒരുക്കിക്കൊണ്ട് മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുക എന്നതാണ് സർക്കാർ ലക്ഷ്യം. കഴിഞ്ഞ വർഷം 32 വിവിധങ്ങളായ അക്കാദമിക പ്രവർത്തനങ്ങൾ നടത്തുകയുണ്ടായി. സ്കൂൾ വിദ്യാഭ്യാസ ഘട്ടത്തിലെ മുഴുവൻ കുട്ടികൾക്കും ഇതിന്റെ പ്രയോജനം ലഭിക്കുകയുണ്ടായി. പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് അധിക പഠനസഹായം നൽകുന്നതിനായി ശ്രദ്ധ, നവപ്രഭ, മലയാളത്തിളക്കം തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തി. ഇതുവഴി 7.8 ലക്ഷം കുട്ടികളുടെ പഠനപ്രശ്നങ്ങൾ അഭിമുഖീകരിക്കാൻ കഴിഞ്ഞു. ഈ പ്രവർത്തനങ്ങളുടെ ഫലമായി കുട്ടികളുടെ ആത്മവിശ്വാസവും അറിവും അതാത് മേഖലകളിലെ നൈപുണിയും വികസിപ്പിച്ചിട്ടുണ്ട് എന്നാണ് ഫലപ്രാപ്തി സംബന്ധിച്ച പ്രാഥമിക പഠനങ്ങൾ വെളിപ്പെടുത്തുന്നത്.

ഹലോ ഇംഗ്ലീഷ്, ഗണിത വിജയം, ലിറ്റിൽ ഗലീലിയോ എന്നീ പ്രവർത്തനങ്ങൾ ഇംഗ്ലീഷ്, ഗണിതം, ശാസ്ത്രം എന്നീ മേഖലകളിലെ പാഠ്യപദ്ധതി ലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിന് വിദ്യാർത്ഥികളെ സഹായിക്കുന്ന പ്രവർത്തനങ്ങളായി മാറി.

അക്കാദമികമായി നടക്കുന്ന പ്രവർത്തനങ്ങളെ കൂടുതൽ സുഗമമാക്കാനും അറിവിന്റെ വിശാലലോകത്തേക്ക് വാതായനങ്ങൾ തുറന്നിടാനും സഹായകമായ തരത്തിൽ കേരളത്തിലെ മുഴുവൻ സെക്കന്ററി, ഹയർസെക്കന്ററി, വൊക്കേഷണൽ ഹയർസെക്കന്ററി ക്ലാസ്സ് മുറികൾ സാങ്കേതികവിദ്യാ സൗഹൃദമാക്കുന്നതിന്റെ ഭാഗമായി ഹൈടെക്ക് ക്ലാസ്സ് മുറികളാക്കി മാറ്റാൻ സർക്കാർ തീരുമാനിക്കുകയുണ്ടായി. ആകെയുള്ള ക്ലാസ്സ് മുറികളിൽ

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞ ത്തിന്റെ ഇതുവരെയുള്ള അനുഭവങ്ങൾ ആവേശകരമാണ്. വലിയ മാറ്റങ്ങളാണ് വിദ്യാഭ്യാസ രംഗത്ത് പ്രകടമാകുന്നത്.

40087 എണ്ണം ഇതിനകം ഹൈടെക്കാക്കി മാറ്റിക്കഴിഞ്ഞു. പല കാരണങ്ങളാൽ 6134 ക്ലാസ്സ് മുറികളെ ഇനി ബാക്കി നിൽക്കുന്നുള്ളൂ. ഉപകരണങ്ങൾ സജ്ജീകരിക്കാൻ ക്ലാസ്സ് മുറികൾ ഒരുങ്ങുന്ന മുറയ്ക്ക് ഈ ക്ലാസ്സ് മുറികളും സാങ്കേതിക വിദ്യാസൗഹൃദമായി മാറും. ഹൈടെക്ക് പദ്ധതിക്കായി 492.50 കോടി രൂപയുടെ പദ്ധതിയാണ് സർക്കാർ നടപ്പാക്കുന്നത്.

ഇങ്ങനെ സാങ്കേതിക വിദ്യാസൗഹൃദമായ ക്ലാസ്സ്മുറികളെ ഫലപ്രദമായി പ്രയോജനപ്പെടുത്തണമെങ്കിൽ അതിനാവശ്യമായ വിഭവ പിന്തുണ അധ്യാപകർക്ക് നൽകേണ്ടതുണ്ട്. ഈ പ്രശ്നം അഭിമുഖീകരിക്കുവാനായി സമഗ്ര വിഭവ വിനിമയ പോർട്ടൽ സജ്ജമാക്കി. ഇതിനകം 21000 ഡിജിറ്റൽ വിഭവങ്ങൾ രൂപപ്പെടുത്തി. ഇതിൽ 6117 ചിത്രങ്ങൾ, 3843 വീഡിയോകൾ, 4315 ഇന്ററാക്ടീവുകൾ, 6579 മറ്റിനങ്ങൾ, 599 ഓഡിയോകൾ എന്നിവപെടും. അധ്യാപക സമൂഹം ഇതിനോട് ക്രിയാത്മകമായാണ് പ്രതികരിക്കുന്നത്. ഇതിനകം 1.25 ലക്ഷം അധ്യാപകർ ഈ പോർട്ടലിൽ രജിസ്റ്റർ ചെയ്തു കഴിഞ്ഞു. 5.5 ലക്ഷം സമഗ്രാസൂത്രണങ്ങൾ നടത്തിയിട്ടുണ്ട്. 8.89 ലക്ഷം സൂക്ഷ്മതലാസൂത്രണങ്ങളും നടന്നു. കഴിഞ്ഞ രണ്ട് മാസത്തിനകം 8 കോടി ഹിറ്റുകളുണ്ടാക്കി. അധ്യാപകർ സമഗ്ര പോർട്ടലിനെ പ്രയോജനപ്പെടുത്താൻ തുടങ്ങി എന്നാണ് ഇതെല്ലാം വ്യക്തമാക്കുന്നത്.

നൽകിയ ഉപകരണങ്ങൾ തകരാറാവുന്ന ഘട്ടത്തിൽ അതു പരിഹരിക്കാൻ ഹാർഡ് വെയർ ക്ലിനിക്ക് സംവിധാനമുണ്ട്. ഇതുവരെ 1616 കമ്പ്യൂട്ടറുകൾ, 1721 ലാപ്ടോപ്പുകൾ, 250 പ്രൊജക്റ്ററുകൾ എന്നിവ ഇതുവഴി പ്രവർത്തനക്ഷമമാക്കി. കൂടാതെ പ്രശ്നമായി മാറുന്ന ഇ-മാലിന്യങ്ങളെ സ്കൂളിൽ നിന്നും ഒഴിവാക്കാനും പദ്ധതിയുണ്ട്. 5.5 ലക്ഷം കിലോ ഇ-മാലിന്യം സ്കൂളുകളിൽ നിന്ന് ഇതിനോടകം നിർമ്മാർജ്ജനം ചെയ്തിട്ടുണ്ട്.

സ്കൂൾ പ്രവർത്തനങ്ങളെ വിലയിരുത്തുന്നതിന് ദേശീയതലത്തിൽ തയ്യാറാക്കിയ ശാലസിദ്ധി സോഫ്റ്റ് വെയർ ഫലപ്രദമായി പ്രയോജനപ്പെടുത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. സ്കൂളിന്റെ ഭൗതിക, അക്കാദമിക പ്രവർത്തനങ്ങളെല്ലാം മോണിറ്റർ ചെയ്യാൻ ഇതുവഴി കഴിയും.

അക്കാദമിക മികവിനുള്ള പ്രവർത്തനത്തോടൊപ്പം പ്രധാനമാണ് ഭൗതികസൗകര്യ വികസനം. നമ്മുടെ സമൂഹത്തിന്റെ സ്കൂൾ അന്തരീക്ഷത്തെപ്പറ്റി മാറിവരുന്ന സങ്കൽപ്പത്തെയും കെട്ടിടങ്ങളെക്കുറിച്ചുള്ള പുത്തൻ സൗന്ദര്യ സങ്കൽപ്പത്തെയും പരിഗണിച്ചുള്ള ഭൗതിക സൗകര്യ വികസനമാണ് ലക്ഷ്യം വയ്ക്കുന്നത്. കേരളത്തിലെ മുഴുവൻ വിദ്യാലയങ്ങളുടെയും ഭൗതിക സൗകര്യം ഘട്ടംഘട്ടമായി വികസിപ്പിക്കണം എന്നാണ് ഉദ്ദേശിക്കുന്നത്. ആദ്യഘട്ടം എന്ന നിലയിൽ നിയോജകമണ്ഡലത്തിൽ ഒന്ന് എന്ന നിലയിൽ 141 സ്കൂളുകളിലും 1000 കുട്ടികളിൽ കൂടുതലുള്ള 229 സ്കൂളുകളിലും യഥാക്രമം 5 കോടി, 3 കോടി രൂപയുടെ കിഫ്ബി സഹായത്തോടെയുള്ള ഭൗതിക സൗകര്യ വികസനമാണ് നടപ്പാക്കുന്നത്. കൂടാതെ പ്രൈമറി ക്ലാസ്സുകളിലേക്ക് സംസ്ഥാന പദ്ധതിയുടെ ഭാഗമായും കെട്ടിട നിർമ്മാണം നടത്തുന്നുണ്ട്. ചിലയിടങ്ങളിൽ ഈ നിർമ്മാണ പ്രവർത്തനങ്ങൾ മുന്നോട്ടു കൊണ്ടുപോകുന്നതിന് തടസ്സങ്ങളുണ്ടാകുന്നുണ്ട്. തടസ്സങ്ങൾ പലയിടത്തും പല രീതിയിലാണ്. പ്രാദേശിക സർക്കാരുകൾ ഫലപ്രദമായി ഇടപെടുന്ന ഇടങ്ങളിലെല്ലാം തടസ്സങ്ങൾ സുഗമമായി മറികടക്കാൻ കഴിയുന്നു. എയ്ഡഡ് സ്കൂളുകളെ ലക്ഷ്യം വച്ചുകൊണ്ട് നിബന്ധനകൾക്ക് വിധേയമായി ചലഞ്ച് ഫണ്ടും നൽകുന്നു.

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ആത്മാവ് എന്നത് തുല്യതയും ഗുണതയും ആണ്. സ്കൂളിലെത്തുന്ന മുഴുവൻ കുട്ടികൾക്കും മികച്ച വിദ്യാഭ്യാസത്തിന് തുല്യ അവസരം ലഭിക്കണം. ഇതിന് സഹായിക്കുംവിധം മുഴുവൻ വിദ്യാലയത്തിനും കഴിഞ്ഞ വർഷം അക്കാദമിക മാസ്റ്റർപ്ലാനുകൾ വികസിപ്പിച്ചു. അതിനെ പ്രായോഗികമായ പ്രവർത്തന പദ്ധതിയാക്കാനുള്ള പ്രവർത്തനങ്ങൾ സമഗ്ര ശിക്ഷകിന്റെ നേതൃത്വത്തിൽ നടക്കുന്നു. സമൂഹ പങ്കാളിത്തം പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ അവിഭാജ്യ ഭാഗമാണ്. വൻതോതിലുള്ള ജനകീയ പങ്കാളിത്തമാണ് എല്ലാ അർത്ഥത്തിലുമുണ്ടാകുന്നത്. വൻതോതിലുള്ള വിഭവ പിന്തുണയും ഉണ്ടാകുന്നുണ്ട്. ഹൈടെക് ആക്കുന്നതിനായി ക്ലാസ്സ് മുറിയെ സജ്ജമാക്കിയത് സമൂഹവും തദ്ദേശഭരണ സ്ഥാപനങ്ങളുമാണ്.

രക്ഷിതാക്കളെ സന്നദ്ധമാക്കുന്നതിനുള്ള സംവിധാന പ്രവർത്തനങ്ങൾ ആസൂത്രണംചെയ്തിട്ടുണ്ട്. കഴിഞ്ഞ വർഷം എല്ലാ സ്കൂളുകളും കേന്ദ്രീകരിച്ച് രക്ഷകർതൃ പരിശീലന പദ്ധതി നടപ്പാക്കി. രക്ഷിതാക്കൾക്ക് വേണ്ടി 'നന്മ പൂക്കുന്ന നാളെ' എന്ന പുസ്തകം എസ്.സി.ഇ.ആർ.ടി സജ്ജമാക്കി.

ചുരുക്കത്തിൽ പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഇതുവരെയുള്ള അനുഭവങ്ങൾ ആവേശകരമാണ്. വലിയ മാറ്റങ്ങളാണ് വിദ്യാഭ്യാസ രംഗത്ത് പ്രകടമാകുന്നത്. പുരോഗമനപരമായ പരിവർത്തനങ്ങൾ സ്ഥായിയായി നിലനിർത്തേണ്ടതുണ്ട്. അതിനായി ഇന്ന് വികസിച്ച് വരുന്ന കൂട്ടായ്മകളെ ക്രിയാത്മകമായി പ്രയോജനപ്പെടുത്തേണ്ടതുണ്ട്. ഇതിനെല്ലാം കഴിയുക അതാത് പ്രദേശത്തെ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്കാണ്.

*ലേഖകൻ പൊതുവിദ്യാഭ്യാസ വകുപ്പ് ഗവൺമെന്റ് സെക്രട്ടറിയാണ്*




# കോഴിമാലിന്യം ഇനി ശല്യമാകില്ല പാപ്പിനിശ്ശേരി പറഞ്ഞുതരും

## കണ്ണൂർ രാജ്യത്തെ ആദ്യത്തെ അറവുമാലിന്യമുക്ത ജില്ലയാകും

**ഡോ. പി.വി. മോഹനൻ**

ദൈവത്തിന്റെ സ്വന്തം നാടാണ് കേരളം. എങ്കിലും മാലിന്യപ്രശ്നം നാം പരിഹരിച്ചു കഴിഞ്ഞിട്ടില്ല. ചാക്കുകളിലും പ്ലാസ്റ്റിക് സഞ്ചികളിലുമാക്കി റോഡരികിൽ തള്ളുന്ന കോഴിമാലിന്യം ശല്യമായി മാറിയിട്ടുണ്ട്.

സംസ്ഥാനത്ത് ഇരുപതിനായിരത്തിലധികം കോഴിക്കടകളുണ്ട്. ഇവിടെ പ്രതിദിനം കൊന്നുവില്ക്കുന്നത് 25 ലക്ഷത്തിലധികം കോഴികളെ! ഇതിൽ നിന്നുണ്ടാകുന്ന കോഴി അവശിഷ്ടത്തിന്റെ തൂക്കം 1500 ടണ്ണിലധികം വരും. ഇത്രയും കോഴി മാലിന്യങ്ങൾ എത്തുന്നത് നമ്മുടെ തോടുകളിലും പുഴകളിലും പാതയോരത്തും ആൾപാർപ്പില്ലാത്ത പറമ്പുകളിലുമാണ്. ഈ മാലിന്യമാണ് തെരുവു നായ്ക്കളുടെ പ്രധാന ആഹാരവും.

2 കിലോ ഗ്രാം തൂക്കമുള്ള കോഴിയിൽ നിന്നും 626 ഗ്രാം മാലിന്യം ഉണ്ടാകും. കേരളത്തിലെ ഓരോ ചിക്കൻ സ്റ്റാളുകളിലും പ്രതിദിനം 50-1000 കോഴികളെ കൊല്ലുന്നതായാണ് കണക്ക്. അങ്ങനെ വരുമ്പോൾ ഓരോ കോഴിക്കടയിലും 31 കിലോ ഗ്രാം മുതൽ 625 കിലോ ഗ്രാം വരെ മാലിന്യം ഉണ്ടാകും. കേരളത്തിൽ ഒരു പഞ്ചായത്തിൽ ശരാശരി 15 ചിക്കൻ സ്റ്റാളുകളുണ്ട്. ഇവിടങ്ങളിലുണ്ടാകുന്ന മാലിന്യത്തിന്റെ

# റെന്ററിംഗ് പ്ലാന്റ്

സംസ്ഥാനത്തെ മാലിന്യ സംസ്കരണരംഗത്തെ ഒരു മുഖ്യവെല്ലുവിളിയായിരുന്നു കോഴിമാലിന്യം. റെന്ററിംഗ് പ്ലാന്റ് സംവിധാനത്തിലൂടെ അതിനൊരു ശാശ്വതപരിഹാരമാവുകയാണ്.

മാലിന്യസംസ്കരണ സംവിധാനമില്ലാതെ പ്രവർത്തിക്കുന്ന ചിക്കൻ സ്റ്റാളുകൾക്ക് പുതിയ ഭക്ഷ്യസുരക്ഷാ നിയമമനുസരിച്ച് ലൈസൻസ് ലഭിക്കുകയില്ല. ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന ചിക്കൻ സ്റ്റാളുകളിൽ നിന്നും ഹോട്ടലുകാർക്ക് ചിക്കൻ വാങ്ങാൻ അനുമതിയുമില്ല. ഈ സാഹചര്യത്തിൽ ആയിരക്കണക്കിന് ചിക്കൻ സ്റ്റാളുകൾ പൂട്ടേണ്ടി വരും. ഇതൊഴിവാക്കാൻ കേന്ദ്രീകൃത കോഴിമാലിന്യ സംസ്കരണ സംവിധാനമൊരുക്കുകയാണ് ഏക പോംവഴി. ഇതിനായി ആധുനിക ഡ്രൈ റെന്ററിങ്ങ് പ്ലാന്റുകൾ ജില്ലയിൽ 2 എണ്ണം വീതം സ്ഥാപിച്ചാൽ കോഴിമാലിന്യ പ്രശ്നങ്ങൾക്ക് പരിഹാരമാകും.

കോഴിമാലിന്യം $160^0$C 6 മണിക്കൂർ നീരാവിയിൽ പ്രഷർകുക്കറിൽ വേവിച്ച് പൊടിയാക്കുന്നതാണ് ഡ്രൈ റെന്ററിങ്ങ് രീതി. വേവിക്കുന്നതോടൊപ്പം അതിലെ ജലത്തിന്റെ അളവ് കുറയ്ക്കുന്നതിനും ഹോമോജിനൈസ് ചെയ്യുന്നതിനുമുള്ള സംവിധാനങ്ങളുണ്ട്. ഒരു റെന്ററിംഗ് പ്ലാന്റിൽ താഴെ പറയുന്ന യന്ത്ര സംവിധാനങ്ങളാണുള്ളത്.

1. ഡയജസ്റ്റർ.
2. മാലിന്യം കൈകാര്യം ചെയ്യുന്ന സംവിധാനം
3. വാക്വം സൃഷ്ടിക്കുന്ന സംവിധാനം.
4. നീരാവിയുണ്ടാക്കുന്ന സംവിധാനം.
5. ജലാംശം നീക്കുന്ന സംവിധാനം.

തൂവൽ ഉൾപ്പെടെയുള്ള എല്ലാ ജൈവമാലിന്യവും ഹൈഡ്രോലൈസിസ് എന്ന പ്രക്രിയയിൽ വെന്തു പൊടിക്കുകയാണിവിടെ ചെയ്യുന്നത്. ഉയർന്ന സമർദ്ദത്തിലും ഊഷ്മാവിലും സംസ്കരിക്കുന്നതിനാൽ ഇതിൽ നിന്നുണ്ടാകുന്ന ഉല്പന്നം അണുവിമുക്തവുമായിരിക്കും. cyclon separator, condensor, scrubber, ETP സംവിധാനങ്ങളും ചിമ്മിനിയുമുള്ളതുകൊണ്ട് അന്തരീക്ഷമലിനീകരണം ഉണ്ടാകുന്നില്ല.

### പ്രവർത്തനം

മാലിന്യം ഉറവിടങ്ങളിൽനിന്നും ശേഖരിച്ച് 6 മണിക്കൂറിനകം സംസ്കരണപ്ലാന്റിൽ എത്തിക്കണം. മാലിന്യം ചീയാൻ തുടങ്ങിയാൽ ഉല്പന്നത്തിന്റെ ഗുണമേന്മ കുറയാനിടയാകും. 6 മണിക്കൂർ കൊണ്ട് ഒരു ബാച്ച് സംസ്കരണം നടക്കും. പ്രതിദിനം 3 ബാച്ച് വരെ സംസ്കരിക്കാം.

### മീറ്റ് മീൽ

കോഴിമാലിന്യം സംസ്കരിച്ചുണ്ടാക്കുന്ന ഉല്പന്നമാണ് മീറ്റ് മീൽ. ഇതിൽ 60% മാംസവും 20% കൊഴുപ്പും 6% ജലാംശവും അടങ്ങിയിട്ടുണ്ട്. കൂടാതെ കാൽസ്യം, ഫോസ്ഫറസ് തുടങ്ങിയ മൂലകങ്ങളും നല്ല അളവിലുണ്ട്. ഇത് നല്ല ജൈവവളമായി ഉപയോഗിക്കാം. ഒരു തരത്തിലുള്ള ദുർഗന്ധവും ഇല്ലെന്നുള്ളത് ഇതിന്റെ പ്രത്യേകതയാണ്. നായ്ക്കൾക്കുള്ള തീറ്റ, മത്സ്യത്തിന്റെ തീറ്റ, പൂച്ചതീറ്റ എന്നിവയുടെ നിർമ്മാണത്തിന് ഉപയോഗിക്കാവുന്നതാണ്. കൂടാതെ കോഴി, പന്നി എന്നിവയുടെ തീറ്റയിലും ഇത് ചേരുവയാണ്. 1 കിലോഗ്രാം കോഴി മാലിന്യത്തിൽ നിന്നും 300 ഗ്രാം മീറ്റ് മീൽ ലഭിക്കും.

അളവ് ഏകദേശം 10 ടണ്ണിനടുത്തുണ്ടാകും.

ഈ പ്രശ്നങ്ങൾക്കെല്ലാം പ്രായോഗികമായി തന്നെ ഉത്തമ പരിഹാരം കണ്ടിരിക്കുന്ന ഒരു ഗ്രാമപഞ്ചായത്ത്. കണ്ണൂർ ജില്ലയിലെ പാപ്പിനിശ്ശേരി ഗ്രാമപഞ്ചായത്തിലേക്ക് വരൂ... കോഴിമാലിന്യത്തെ ശാസ്ത്രീയമായി സംസ്കരിച്ച് ഉപയോഗപ്രദമാക്കിമാറ്റുന്ന റെന്ററിംഗ് പ്ലാന്റ് എന്ന നവീന സംവിധാനത്തെ മനസ്സിലാക്കാം.

പഞ്ചായത്തിന്റെ കൈവശമുള്ള 70 സെന്റ് സ്ഥലവും അതിനകത്തുള്ള കെട്ടിടവും 'ക്ലീൻ കണ്ണൂർ വെൻചേഴ്സ്' എന്ന വിദേശമലയാളികളുടെ കൂട്ടായ്മക്ക് നൽകുകയാണുണ്ടായത്. ശുചിത്വമിഷന്റെ സാങ്കേതികസഹായത്തോടെ നിയമപരമായ എല്ലാ ലൈസൻസുകളും കരസ്ഥമാക്കി പ്ലാന്റ് സ്ഥാപിച്ചു. ഇതിനായി ഏകദേശം 2.50 കോടി രൂപ ക്ലീൻ കണ്ണൂർ വെൻചേഴ്സിന് ചെലവായി. 8 മാസം കൊണ്ടാണ് പ്ലാന്റ് പ്രവർത്തനക്ഷമമായത്.

### കോഴിമാലിന്യം

*2 കിലോ ഗ്രാം തൂക്കമുള്ള ഒരു ഇറച്ചിക്കോഴിയിൽ നിന്നും ഉണ്ടാകുന്ന മാലിന്യത്തിന്റെ അളവ്:*

| | |
|---|---|
| *രക്തം* | *: 3.5 % (70 ഗ്രാം)* |
| *തല, കാൽ, കുടൽമാല* | *: 15.8% (316 ഗ്രാം)* |
| *തൂവൽ* | *: 12% (240 ഗ്രാം)* |
| *ആകെ* | *: 31.3% (626 ഗ്രാം)* |

### മാലിന്യ ശേഖരണരീതി

കോഴിക്കടകൾക്ക് 30 കി.ഗ്രാം വീതം കോഴിമാലിന്യം ശേഖരിക്കാൻ കപ്പാസിറ്റിയുള്ള എയർ ടൈറ്റ് ബോക്സുകൾ നല്കി. കോഴികടക്കാർ പ്ലാസ്റ്റിക്കോ, മറ്റ് മാലിന്യങ്ങളോ കലരാതെ ഇതിൽ മാലിന്യം നിക്ഷേപിക്കുന്നു. കോഴിക്കടയിലുണ്ടാകുന്ന മാലിന്യത്തിന്റെ അളവ് അനുസരിച്ചാണ് ബോക്സുകൾ നല്കിയത്. ബോക്സിൽ കൊടുത്തിരിക്കുന്ന നമ്പർ



വ്യവസായ സംരംഭമായതിനാൽ കെട്ടിട നിർമ്മാണ അനുമതി, ബോയിലർ നിർമ്മാണ അനുമതി, മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി എന്നിവ വേണം. യന്ത്രസാമഗ്രികൾ ഒരുക്കുന്നതിന് 30x15 മീറ്റർ വല്പപ്പമുള്ള ഒരു ഷെഡ്ഡ് മതിയാകും. വ്യവസായമായതിനാൽ യൂണിറ്റിലേക്ക് 4 മീറ്റർ വീതിയുള്ള റോഡ് വേണം.

ബ്ലോക്ക് തലത്തിൽ പഞ്ചായത്തുകളുടെ സഹകരണത്തോടെ റെന്ററിങ് പ്ലാന്റുകൾ ആരംഭിക്കാം. സ്വകാര്യവ്യക്തികൾക്ക് ജില്ല വ്യവസായ കേന്ദ്രത്തിന്റെ സാമ്പത്തിക സഹായം ലഭിക്കും. ബാങ്കിൽനിന്നും ലോണും തരപ്പെടുത്തണം. വായ്പാബന്ധിത പദ്ധതിയായ തിനാൽ ബാങ്ക് ലോൺ നിർബന്ധമാണ്. സ്വകാര്യ വ്യക്തികൾക്ക് സ്വന്തം നിലയിൽ ആരംഭിച്ചാൽ പോലും ഇത് ലാഭകരമായി നടത്താൻ കഴിയും. പഞ്ചായത്തുകൾ ചിക്കൻ സ്റ്റാളുകൾക്ക് ലൈസൻസ് കൊടുക്കുമ്പോൾ മാലിന്യം ഏറ്റവും അടുത്തുള്ള പ്ലാന്റിൽ എത്തിക്കുമെന്ന എഗ്രിമെന്റ് നിർബന്ധമാക്കണം.

ജൈവകൃഷിക്ക് ഊന്നൽ നല്കുന്ന പഞ്ചായത്തുകൾക്ക് റെന്ററിംഗ് പ്ലാന്റ് അഭിലഷണീയമാണ്. കൂടാതെ നമ്മുടെ നാട്ടുവഴികളും പാതയോരവും പുഴകളും തോടുകളും മാലിന്യവിമുക്തമാകുകയും ചെയ്യും.

### സാമ്പത്തികം

ഒരു കിലോഗ്രാം മീറ്റ് മീലിന് 15 രൂപ വില കിട്ടും. നായതീറ്റയുണ്ടാക്കുന്ന കമ്പനികളാണ് ഇത് എടുക്കുന്നത്. 1000, 2000, 3500, 5000 കിലോഗ്രാം ശേഷിയുള്ള പ്ലാന്റുകൾ നിലവിലുണ്ട്. ഒരു ദിവസം 3 ഷിഫ്റ്റ് വരെ റെന്ററിങ്ങ് നടത്താം. അതനുസരിച്ച് പ്ലാന്റിന്റെ ശേഷിയും തീരുമാനിക്കാം. 3.5 ടൺ ബാച്ച് ശേഷിയുള്ള പ്ലാന്റ് സ്ഥാപിക്കാൻ ഏകദേശം 2 കോടി രൂപ ചെലവ് വരും. പ്ലാന്റ് സ്ഥാപിക്കുന്നതിന് ജില്ല വ്യവസായ കേന്ദ്രത്തിൽനിന്നും 20% സബ്സിഡി ലഭ്യമാണ്.

പ്രത്യേകതയുള്ളതായിരിക്കും. വേസ്റ്റിൽ മറ്റ് മാലിന്യം ചേർത്താൽ ഇതുവഴി തിരിച്ചറിയാൻ കഴിയും. ദിവസം രണ്ടുനേരം ഉച്ചയ്ക്ക് 12 മണിക്കും രാത്രി 8 മണിക്കും Puff insulated വണ്ടികൾ മാലിന്യം ശേഖരിക്കും. പ്ലാന്റിൽ മാലിന്യമെത്തിയാൽ അത് ഫ്രീസറിലേക്ക് മാറ്റും ഇതിനായി 10 ടൺ ശേഷിയുള്ള ഫ്രീസർ പ്രവർത്തിക്കുന്നുണ്ട്. 3.5 ടൺ ശേഖരിച്ചു കഴിഞ്ഞാൽ മാലിന്യം ഡയജസ്റ്ററിലേക്ക് ഓട്ടോമാറ്റിക്ക് കൺവേയർ വഴി നിറയ്ക്കും. ഈ മാലിന്യമാണ് വിവിധ ഉപയോഗത്തിനുള്ള മീറ്റ് മീലാക്കി മാറ്റുന്നത്.

### കണ്ണൂർ ആദ്യത്തെ അറവുമാലിന്യമുക്ത ജില്ലയാകും

കണ്ണൂർ ജില്ല പഞ്ചായത്ത് 2017- 18 ലെ ബജറ്റിൽ പ്രഖ്യാപിച്ചതാണ് ജില്ലയെ ആദ്യത്തെ അറവുമാലിന്യവിമുക്ത ജില്ലയാക്കുമെന്നത്. ഇതിനായി ജില്ല പഞ്ചായത്തുതന്നെ



ഇതിനായി ജില്ല പഞ്ചായത്തുതന്നെ സ്വന്തമായി ഒരു പ്ലാന്റ് സ്ഥാപിക്കാൻ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ സ്വകാര്യ സംരംഭകർ ആരംഭിക്കുന്ന കൂത്തുപറമ്പ്, പയ്യന്നൂർ എന്നിവിടങ്ങളിലെ പ്ലാന്റുകളും കൂടി സ്ഥാപിച്ചു കഴിഞ്ഞാൽ ജില്ലയുടെ പ്രഖ്യാപനം നടപ്പിലാകും.




സ്വന്തമായി ഒരു പ്ലാന്റ് സ്ഥാപിക്കാൻ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ സ്വകാര്യ സംരംഭകർ ആരംഭിക്കുന്ന കൂത്തുപറമ്പ്, പയ്യന്നൂർ എന്നിവിടങ്ങളിലെ പ്ലാന്റുകളും കൂടി സ്ഥാപിച്ചു കഴിഞ്ഞാൽ പ്രഖ്യാപനം നടപ്പിലാകും.

പാപ്പിനിശ്ശേരി പ്ലാന്റ് സ്ഥാപിച്ചതോടുകൂടി ജില്ല ആസൂത്രണസമിതി പ്രത്യേക യോഗം ചേർന്ന് വിഷയം ചർച്ച ചെയ്തു. പാപ്പിനിശ്ശേരി പഞ്ചായത്തിന്റെ സമീപ പഞ്ചായത്തുകളായ കല്ല്യാശ്ശേരി, ചെറുകുന്ന്, കണ്ണപുരം, മാടായി, ഏഴോം, നാറാത്ത്, കൊളച്ചേരി, മുണ്ടേരി, അഴീക്കോട്, ചിറക്കൽ എന്നിവയെയും മുനിസിപ്പാലിറ്റികളായ തളിപ്പറമ്പ്, ആന്തൂർ എന്നിവയെയും കണ്ണൂർ കോർപ്പറേഷനെയും പദ്ധതിയുടെ ഭാഗമാക്കാൻ തിരുമാനിച്ചു. ഈ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധ്യക്ഷൻമാരെയും സെക്രട്ടറിമാരെയും പ്രത്യേക യോഗം ചേർന്ന് പ്രവർത്തനരീതി വിശദീകരിച്ചു. പാപ്പിനിശ്ശേരി പഞ്ചായത്തിന്റെ നേതൃത്വത്തിൽ നടന്ന സമീപ പഞ്ചായത്തുകളുടെയും കോഴിക്കടക്കാരുടെ സംഘടനാ നേതാക്കളുടെയും യോഗത്തിൽ പ്രവർത്തന രീതി അംഗീകരിച്ചു. ഇത് പ്രകാരം 1 കി.ഗ്രാം തൂക്കത്തിന് 6 രൂപ എന്ന നിരക്കിൽ പ്രോസസിംഗ് ആന്റ് കളക്ഷൻ ചാർജ്ജ് റെന്ററിംഗ് പ്ലാന്റ് ഉടമയ്ക്ക് കോഴികടക്കാർ നൽകണം. പ്രതിവർഷം 10 ശതമാനം നിരക്കുവർദ്ധനയുണ്ടാകും.

കോഴിക്കടക്കാരുടെ സംഘടനയും ജില്ലാപഞ്ചായത്തും ജില്ലാതലത്തിൽ യോഗം ചേർന്ന് പാപ്പിനിശ്ശേരി പ്ലാന്റിലേക്ക് മാത്രമേ കോഴിമാ



ലിന്യം നല്കുവാൻ പാടുള്ളൂ എന്ന് കോഴികടക്കാർക്ക് നിർദ്ദേശം നൽകി.

റെന്ററിംഗ് പ്ലാന്റ് ഉടമകളും തദ്ദേശസ്വയംഭരണ സ്ഥാപനവും കോഴിക്കടക്കാരുമായി കരാറിലേർപ്പെടണമെന്ന് ജില്ല കളക്ടർ നിർദ്ദേശിച്ചു. എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും അതാതുപ്രദേശത്ത് കോഴിക്കടക്കാരുടെ യോഗം വിളിച്ചുചേർത്തു. കോഴിക്കടക്കാരുടെ സംഘടന തന്നെ മുൻകൈയെടുത്ത് കരാർ ഒപ്പിട്ടു നൽകി. കരാറിന്റെ കോപ്പി ഹാജരാക്കിയാൽ മാത്രമേ കോഴിക്കടയ്ക്ക് അനുമതി നല്കൂ എന്ന കാര്യം കോഴിക്കടക്കാരെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ രേഖാമൂലം അറിയിച്ചിരുന്നു. ഈ കരാറും തദ്ദേശസ്വയംഭരണ സ്ഥാപനം നൽകുന്ന അനുമതിയുമുണ്ടെങ്കിൽ NOC ലഭിക്കുമെന്ന് കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ എഞ്ചിനീയർ അറിയിച്ചു. ഈ ലൈസൻസുകളെല്ലാം ഹാജരാക്കി ഫുഡ്








## കോഫീ ടേബിൾ ബുക്ക് പ്രകാശനം ചെയ്തു

തദ്ദേശമിത്രം പദ്ധതിയിൽ ഗ്രാമ പഞ്ചായത്തുകളും നഗരസഭകളും നടപ്പിലാക്കിയ 44000 ത്തോളം ഉപപദ്ധതികളിൽ നിന്നും തെരഞ്ഞെടുത്തവ ഉൾപ്പെടുത്തി തയ്യാറാക്കിയ കോഫീ ടേബിൾ ബുക്ക് മെമ്മറീസ് തദ്ദേശ സ്വയംഭരണവകുപ്പ മന്ത്രി ഡോ.കെ.ടി.ജലീൽ പ്രകാശനം ചെയ്തു. തദ്ദേശമിത്രം പ്രോജെക്ട് ഡയറക്ടർ പി.ബാലകിരൺ, ഡെപ്യൂട്ടി പ്രോജെക്ട് ഡയറക്ടർ ഡോ.വി.പി.സുകമാരൻ എന്നിവർ സന്നിഹിതരായിരുന്നു. മാലിന്യ സംസ്കരണ യൂണിറ്റുകൾ, ആധുനിക രീതിയിലുള്ള ശ്മശാനങ്ങൾ, പ്രകൃതി വിഭവങ്ങളുടെ സംരക്ഷണം, ആധുനിക രീതിയിലുള്ള അറവു ശാലകൾ, ബഡ്സ് സ്കൂളുകൾ, അംഗൻവാടികൾ, ആശുപത്രി കെട്ടിടങ്ങൾ, ഡയാലിസിസ് യൂണിറ്റുകൾ, മാർക്കറ്റുകൾ, ഓഫീസ് കെട്ടിടങ്ങൾ, ബസ് സ്റ്റാൻഡുകൾ തുടങ്ങി നിരവധി നൂതന പദ്ധതികൾ വിഭാവനം ചെയ്യാനും അവ നടപ്പാക്കാനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ പ്രാപ്തമാക്കാൻ തദ്ദേശമിത്രം പദ്ധതിക്ക് സാധിച്ചിട്ടുണ്ട്. ലോക ബാങ്കിന്റെ ഉന്നത റേറ്റിംഗിൽ പദ്ധതി സ്ഥാനം പിടിച്ചിട്ടുണ്ട്.

സേഫ്റ്റി മാനദണ്ഡങ്ങൾ കൂടി പാലിക്കുന്ന കോഴികടകൾക്ക് FSSAI യുടെ അംഗീകാരവും ലഭിക്കും. ഇതോടെ ജില്ലയിലെ കോഴിക്കടകളെല്ലാം നിയമപരമായി അംഗീകാരം ലഭിച്ചതും ശാസ്ത്രീയവുമാകും.



ഈ പദ്ധതി ഇതേ മോഡലിൽ നടപ്പാക്കുന്നതിനു കാസർഗോഡ്, മലപ്പുറം, കോഴിക്കോട് ജില്ലകളും മുന്നോട്ട് വന്നിട്ടുണ്ട്. മലപ്പുറത്തും കോഴിക്കോട്ടും 3 പ്ലാന്റുകൾ വീതം സ്ഥാപിക്കും. കാസർഗോഡ് ജില്ലയിൽ 1 പ്ലാന്റ് പ്രവർത്തനം ആരംഭിച്ചു. ഇതെല്ലാം സ്വകാര്യസംരംഭകർ നടത്തുന്നവയാണ്. പാലക്കാട് മുനിസിപ്പാലിറ്റി സ്വന്തമായി 3.5 ടൺ ശേഷിയുള്ള ഒരു പ്ലാന്റ് സ്ഥാപിക്കുന്നതിന് തയ്യാറാക്കിയ പദ്ധതിക്കുള്ള സാങ്കേതികാനുമതി ശുചിത്വമിഷൻ നൽകിക്കഴിഞ്ഞു.

പൊതുസമൂഹത്തിന് ഉപദ്രവകരമാകാത്ത രീതിയിൽ കോഴിമാലിന്യം സംസ്കരിച്ച് വളമായും മൃഗങ്ങൾക്ക് തീറ്റയായും മാറ്റുക വഴി പുതിയ ഒരു മാലിന്യ സംസ്കരണ സംസ്കാരത്തിനാണ് പാപ്പിനിശ്ശേരി വഴിവിളക്കാകു

**ഇതോടെ ജില്ലയിലെ കോഴിക്കടകളെല്ലാം നിയമപരമായി അംഗീകാരം ലഭിച്ചതും ശാസ്ത്രീയവുമാകും.**

*ലേഖകൻ ശുചിത്വമിഷൻ സാങ്കേതിക വിദഗ്ദ്ധ കമ്മിറ്റി അംഗമാണ്*
*ഫോൺ: 9447005040*
*Email- pbmkakkad@gmail.com*



ആർദ്രം സഫലമാകുന്നു

# ആരോഗ്യജീവിതത്തിന്റെ അനുപമ മാതൃക – കുമരംപുത്തൂർ

**ഡോ.അബ്ദുൾ റഷീദ് വി.പി., വി. ടി. വിനോദ്**

പാലക്കാട് ജില്ലയിലെ മണ്ണാർക്കാടിനടുത്ത് പള്ളിക്കുന്ന് എന്ന ഗ്രാമത്തിലാണ് കുമരം പുത്തൂർ ഗ്രാമപഞ്ചായത്ത് കുടുംബാരോഗ്യ കേന്ദ്രം പ്രവർത്തിക്കുന്നത്. 2017 ഒക്ടോബർ 29-ന് കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തിയ ഈ സ്ഥാപനത്തിൽ നിലവിൽ 4 ഡോക്ടർമാരുടെയും 3 സ്റ്റാഫ് നഴ്സുമാരുടെയും 2 ഫാർമസിസ്റ്റുകളുടെയും 2 ലാബ് ടെക്നീഷ്യൻമാരുടെയും സേവനം ലഭ്യമാണ്. മുമ്പ് ഉച്ചവരെ മാത്രം ഒ.പി സേവനം നൽകി പോന്നിരുന്ന ഈ സ്ഥാപന





ത്തിൽ കുടുംബാരോഗ്യ കേന്ദ്രമായതിനു ശേഷം രാവിലെ 9 മണി മുതൽ വൈകുന്നേരം 6 മണിവരെ രോഗികളെ പരിശോധിക്കുന്നു. ദിവസ കൂലിക്ക് ജോലി ചെയ്യുന്നവർക്കും സ്കൂൾ വിദ്യാർത്ഥികൾക്കും വൈകുന്നേരം വരെ തുടരുന്ന ഒ.പി. സേവനം ഏറെ അനുഗ്രഹമാണ്. വൈദ്യ സേവനം ലഭിക്കുവാൻ 5 കിലോമീറ്ററോളം സഞ്ചരിക്കേണ്ടിയിരുന്ന മുൻ സാഹചര്യങ്ങളിൽ നിന്നുള്ള മാറ്റം ജനങ്ങൾ ശരിയായ രീതിയിൽ ഉപയോഗപ്പെടുത്തുന്നുണ്ട് എന്നുള്ളത് ഒ.പി എണ്ണത്തിലുണ്ടായിട്ടുള്ള വർദ്ധനവിൽ നിന്ന് വ്യക്തമാണ്.

കുടുംബാരോഗ്യ കേന്ദ്രമായതിനുശേഷം ഫ്രീ ചെക്കപ്പ്, കൗൺസിലിംഗ്, ശ്വാസ്, ആശ്വാസ് ക്ലീനിക്കുകൾ എന്നിവയെല്ലാം ഇവിടെ കാര്യക്ഷമമായി നടന്നുവരുന്നു. കൂടാതെ മികച്ച നിലവാരത്തോടെയുള്ള ലബോറട്ടറി സേവനവും ഇപ്പോൾ ലഭ്യമാണ്. കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തിയപ്പോൾ ഈ സ്ഥാപനത്തിലേക്ക് 4 ലക്ഷം രൂപ വിലവരുന്ന ഒരു ഹെമറ്റോളജി അനലൈസർ പേരു വെളിപ്പെടുത്താൻ ആഗ്രഹിക്കാത്ത ഒരു സാമൂഹ്യ പ്രവർത്തകൻ സംഭാവന ചെയ്തു.

കുഞ്ഞുങ്ങളെ ആകർഷിക്കുന്ന തരത്തിൽ അലങ്കരിച്ച ഇമ്മ്യൂണൈസേഷൻ റൂം, കാത്തിരിപ്പു കേന്ദ്രം, ടോക്കൺ സിസ്റ്റം എന്നിവ ഇവിടെ സജ്ജമാക്കിയിട്ടുണ്ട്. 45000-ത്തോളം ജനസംഖ്യയുള്ള കുമരംപുത്തൂർ ഗ്രാമപഞ്ചായത്തിൽ 2 ജെ.എച്ച്.ഐ-മാരും 3 ജെ.പി.എച്ച്.എൻ-മാരുമാണ് ജോലി ചെയ്യുന്നത്. പരിമിതമായ മനുഷ്യ വിഭവ ശേഷിയിലും ഇതിന്റെ കീഴിലുള്ള രണ്ട് കുടുംബക്ഷേമ ഉപകേന്ദ്രങ്ങളിൽ ആഴ്ചയിൽ ഒരു ദിവസം ജീവിതശൈലീരോഗ ക്ലിനിക്കുകൾ നടത്തിവരുന്നു. ഓരോ ക്ലിനിക്കിലും ശരാശരി പത്തിനടുത്ത് പുതിയ രോഗികളെ കണ്ടെത്താൻ കഴിയുന്നു എന്നത് ഈ ക്ലിനിക്കുകളുടെ സാധുതയെ അടിവരയിടുന്നു.

ഗ്രാമ പഞ്ചായത്തിലെ ജനങ്ങൾക്ക് കൂടുതൽ മെച്ചപ്പെട്ട ആരോഗ്യസേവനം നൽകാവുന്ന തരത്തിൽ ഇ-ഹെൽത്ത് പദ്ധതിയുടെ പ്രവർത്തനങ്ങൾ പുരോഗമിച്ചു കൊണ്ടിരിക്കുന്നു. കുമരം പുത്തൂർ കുടുംബാരോഗ്യ കേന്ദ്രത്തിനായി സംസ്ഥാന സർക്കാർ ബഡ്ജറ്റിൽ തുക നീക്കവച്ചിട്ടുള്ളതും മണ്ണാർക്കാട് എം.എൽ.എ അഡ്വ. എം. ഷംസുദ്ദീന്റെ ആസ്തി വികസന ഫണ്ടിൽ നിന്ന് തുക അനുവദിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുള്ളതും കുമരംപുത്തൂർ ഗ്രാമപഞ്ചായത്ത് ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി തുക വകയിരുത്തിയിട്ടുള്ളതും ഈ സ്ഥാപനത്തിന്റെ വികസന പ്രതീക്ഷകൾക്ക് ഏറെ ഊർജ്ജം നൽകുന്നു. ഒപ്പം രോഗീ സൗഹൃദ ആശുപത്രികൾ എന്ന സർക്കാരിന്റെ ആർദ്രം മിഷന്റെ ലക്ഷ്യത്തിലേക്കുള്ള ചുവടുവയ്പും.



**കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തിയപ്പോൾ ഈ സ്ഥാപനത്തിലേക്ക് 4 ലക്ഷം രൂപ വിലവരുന്ന ഒരു ഹെമറ്റോളജി അനലൈസർ പേരു വെളിപ്പെടുത്താൻ ആഗ്രഹിക്കാത്ത ഒരു സാമൂഹ്യ പ്രവർത്തകൻ സംഭാവന ചെയ്തു.**

*ലേഖകർ യഥാക്രമം കുമരംപുത്തൂർ മെഡിക്കൽ ഓഫീസറും ഹെൽത്ത് ഇൻസ്പെക്ടറുമാണ്*

# ജൈവഗ്രാമസൃഷ്ടിയിലേക്ക് നെടുമങ്ങാട് ബ്ലോക്ക്

**മനോജ് ബി.**

**ജൈവഗ്രാമം ജൈവവിപ്ലവം**

ഹരിതകേരളം മിഷൻ വിഭാവനം ചെയ്യുന്ന തരിശുരഹിത ഹരിതകേരളം എന്ന ലക്ഷ്യസാക്ഷാത്ക്കാരത്തിനായി തീവ്രശ്രമത്തിൽ ഏർപ്പെട്ടിരിക്കുകയാണ് നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്ത്. 'ജൈവഗ്രാമം ജൈവവിപ്ലവം' പദ്ധതിയുടെ ഭാഗമായി നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്തിന്റെ കൈവശമുള്ള 2.5 ഏക്കർ സ്ഥലത്ത് ബ്ലോക്ക് പഞ്ചായത്ത് മെമ്പർമാരും ഉദ്യോഗസ്ഥരും ചേർന്ന് സ്വന്തം മുതൽമുടക്കിൽ കൃഷി ആരംഭിച്ചുകൊണ്ടായിരുന്നു ഇതിന് തുടക്കമിട്ടത്. ഈ സംരംഭം വൻ വിജയമായതോടെ തുടർപ്രവർത്തനങ്ങൾ ബ്ലോക്ക് പ്രദേശം മുഴുവൻ വ്യാപിപ്പിക്കാൻ ബ്ലോക്ക് പഞ്ചായത്ത് തീരുമാനമെടുത്തു. ഇപ്പോൾ ബ്ലോക്ക് പഞ്ചായത്തിന്റെ കൈയ്യിലുള്ള 25 ഏക്കർ സ്ഥലം സംയോജിത കൃഷിരീതിയുടെ ഒരു മാതൃകയായി മാറിക്കഴിഞ്ഞു. തേനീച്ച ഉൾപ്പെടെ സംയോജിത കൃഷി രീതികൾ, തിരിനന, വെർട്ടിക്കൽ ഫാമിംഗ്, തുള്ളിനന, കരനെൽക്കൃഷി, പരിസ്ഥിതി പരിവർത്തന കൃഷിരീതി, താറാവ്, മീൻ, പക്ഷി-സമ്മിശ്ര കൃഷി യൂണിറ്റ് തുടങ്ങി വൈവിധ്യമാർന്ന കൃഷി രീതികൾ ഇവിടെ പ്രാവർത്തികമാക്കിയിരിക്കുകയാണ്. താൽപര്യമുള്ള കാർഷിക സംരംഭകർക്ക് പ്രായോഗിക രീതികൾ കണ്ടുപഠിക്കാൻ പറ്റുന്ന മോഡൽ ഫാമാണിത്. നെടുമങ്ങാട് ബ്ലോക്കിലെ കൃഷി അസിസ്റ്റന്റ് ഡയറക്ടർ ആന്റണി റോസിന്റെ നേരിട്ടുള്ള മേൽനോട്ടത്തിലാണ് പദ്ധതി നടപ്പിലാക്കി വരുന്നത്. ഈ ഫാമിലെ സംയോജിത കൃഷി രീതിയിൽ വെച്ചൂർ പശുക്കളും ജമ്നാപ്യാരി ആടുകളും 60 കോഴികൾ ഉള്ള യൂണിറ്റും അസ്സോള കൃഷിയും ഉൾപ്പെടുന്നു. തദ്ദേശഭരണസ്ഥാപനത്തിന്റെ വിവിധ പദ്ധതികൾക്ക് തൈകൾ ഗുണമേന്മയോടെ തയ്യാറാക്കി നൽകുന്ന നഴ്സറിയും ഇതോടനുബന്ധിച്ച് പ്രവർത്തിക്കുന്നുണ്ട് . 8 ലക്ഷം തൈകൾ ഒരേസമയം ഉല്പാദിപ്പിച്ച് വിപണിയിലെത്തിക്കാൻ ഈ നഴ്സറിക്ക് കഴിയും. റെയിൻഷെൽട്ടർ, സീറോ എനർജി കൂളിംഗ് സിസ്റ്റം, മണ്ണിര കമ്പോസ്റ്റ് നിർമ്മാണ കേന്ദ്രം എന്നിവയും നഴ്സറിയിൽ സജ്ജമാക്കിയിട്ടുണ്ട്. ഫാമിന്റെ ദൈനംദിന ചെലവുകൾക്കുള്ള വരുമാനത്തിന്റെ മുഖ്യ പങ്ക് വഹിക്കുന്നത് ഈ നഴ്സറിയാണ്.

ഇതോടനുബന്ധിച്ച് നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്തിനു കീഴിലുള്ള വിവിധ പഞ്ചായത്തുകളെ തരിശുരഹിത ഗ്രാമം ആക്കുന്നതിനുള്ള പ്രവർത്തനങ്ങളും ഇപ്പോൾ ഊർജ്ജിതമായി നടന്നുവരികയാണ്. ഇതിന്റെ ഭാഗമായി അരുവിക്കര, കരകുളം, പനവൂർ പഞ്ചായത്തുകളിൽ തരിശുഭൂമി കണ്ടെത്തി കൃഷി ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങളും നടക്കുന്നുണ്ട്. വട്ടപ്പാറ പേഴുംമൂട് പ്രദേശത്തെ 5 ഏക്കർ തരിശുഭൂമിയിലെ വാഴ, ചീര, മുളക്, പാവൽ, വെള്ളരി തുടങ്ങിയവയുടെ കൃഷി എങ്ങനെ തരിശ് ഭൂമിയിൽ ആദായകരമായി ചെയ്യാമെന്നതിന്റെ ഉത്തമ ഉദാഹരണമാണിത്. കൂടാതെ അരുവിക്കര പ്രീമെട്രിക് ഹോസ്റ്റലിന്റെ 1.5 ഏക്കർ, വേറ്റിനാട് 1 ഏക്കർ, കരകുളം ബാങ്ക് 1.5 ഏക്കർ, വേൾഡ് മാർക്കറ്റ് 3 ഏക്കർ എന്നിവിടങ്ങളിലും തരിശുഭൂമി കൃഷി ആരംഭിച്ചിട്ടുണ്ട്.

ഹരിതകേരളം മിഷന്റെ ലക്ഷ്യങ്ങളിലൊന്നായ ജൈവകൃഷി പ്രോൽസാഹനം പൂർണ്ണമായും ഏറ്റെടുത്ത് ജൈവവളവും ജൈവകീടനാശിനികളും ഉപയോഗിച്ച് പൂർണ്ണമായും ജൈവ





രീതിയിൽ ഒരു പ്രദേശം മുഴുവൻ കൃഷി നടപ്പിലാക്കാൻ യത്നിക്കുകയാണ് നെടുമങ്ങാട് ബ്ലോക്ക്. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ബിജുവിന്റെ നേതൃത്വത്തിലാണ് പ്രവർത്തനങ്ങൾ നടന്നുവരുന്നത്. ഈ സംരംഭം ഇപ്പോൾ ഒരു ജൈവകൃഷി പരിശീലന കേന്ദ്രമായി മാറിയിരിക്കുകയാണ്. ഹരിതകേരളം മിഷന്റെ മാതൃകാജൈവഗ്രാമമായി ഇതിനെ മാറ്റുകയാണ് ബ്ലോക്ക് പഞ്ചായത്ത്. ജൈവഗ്രാമത്തിൽ ഇതിനകം 339 ഗ്രൂപ്പുകൾ രജിസ്റ്റർ ചെയ്ത് ജൈവകൃഷിയിൽ പരിശീലനം നേടി കൃഷിചെയ്തുവരുന്നു. ജൈവകൃഷി നഷ്ടമാണ് എന്ന പ്രചാരണം തെറ്റാണെന്ന് ഇവിടത്തെ പ്രവർത്തനങ്ങളിൽ നിന്ന് മനസ്സിലാക്കാം.

'സമൃദ്ധി' എന്ന പേരിൽ ജൈവകീട നിയന്ത്രണ മിശ്രിതം ഉൾപ്പെടെയുള്ളവ വിപണനത്തിനായി ജൈവ ഗ്രാമം ഉല്പാദിപ്പിക്കുന്നുണ്ട്. ജൈവ ഉല്പന്ന വിപണന കേന്ദ്രം ഹരിതകേരളം മിഷന്റെ ഒന്നാം വാർഷികത്തോടനുബന്ധിച്ച് ഉദ്ഘാടനം ചെയ്ത് പ്രവർത്തിച്ചുവരുന്നു. 'ജൈവഗ്രാമം ജൈവ വിപ്ലവം:വല്ലം നിറ 2018' എന്ന പദ്ധതിയിലൂടെ ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിലുള്ള കുടുംബശ്രീ കൂട്ടായ്മയിലൂടെ എല്ലാ വീട്ടിലും ജൈവ പച്ചക്കറികൃഷിയും പൂക്കൃഷിയും ഓണം ലക്ഷ്യമാക്കി ഒരുക്കുന്നു. 17 കർഷകർക്ക് ജോലി നൽകുവാൻ ജൈവ ഗ്രാമത്തിന് കഴിഞ്ഞു. ബ്ലോക്ക് പഞ്ചായത്തിനുള്ളിലെ 15000 ത്തിലധികം വരുന്ന വീടുകളിൽ ജൈവകൃഷിയുടെ സന്ദേശം എത്തിച്ചും നെടുമങ്ങാട് ബ്ലോക്ക് തദ്ദേശഭരണസ്ഥാപനങ്ങളുടെ കൂട്ടത്തിൽ വേറിട്ട സ്ഥാനം നേടിയിരിക്കുകയാണ്. ഹരിതകേരളം മിഷൻ വിഭാവനം ചെയ്യുന്ന ഹരിതകേരളം ആശയത്തിന്റെ സാക്ഷാത്ക്കാരത്തിനായി യത്നിക്കുന്ന ഇത്തരം നല്ല മാതൃകകൾ മറ്റു സ്ഥാപനങ്ങൾക്കും അനുകരണീയമാണ്.

ബ്ലോക്ക് പഞ്ചായത്തിന്റെ കൈയ്യിലുള്ള 25 ഏക്കർ സ്ഥലം സംയോജിത കൃഷിരീതിയുടെ ഒരു മാതൃകയായി മാറിക്കഴിഞ്ഞു. തേനീച്ച ഉൾപ്പെടെ സംയോജിത കൃഷി രീതികൾ, തിരി നന, വെർട്ടിക്കൽ ഫാമിംഗ്, തുള്ളിനന, കരനെൽക്കൃഷി, പരിസ്ഥിതി പരിവർത്തന കൃഷിരീതി, താറാവ്, മീൻ, പക്ഷി -സമ്മിശ്ര കൃഷി യൂണിറ്റ് തുടങ്ങി വൈവിധ്യമാർന്ന കൃഷിരീതികൾ ഇവിടെ പ്രാവർത്തികമാക്കിയിരിക്കുകയാണ്

*ലേഖകൻ ഹരിതകേരളം മിഷനിൽ പബ്ലിക് റിലേഷൻസ് ഓഫീസറാണ്*

# ഗവി വിനോദസഞ്ചാര പാക്കേജുമായി കുടുംബശ്രീ

വിനോദ സഞ്ചാര മേഖലയിലും കുടുംബശ്രീ ശക്തമായ സാന്നിധ്യമാകാനൊരുങ്ങുന്നു. പത്തനംതിട്ട ജില്ലയിലെ പ്രധാന വിനോദ സഞ്ചാര കേന്ദ്രമായ ഗവിയിൽ കുടുംബശ്രീ ജില്ലാ മിഷൻ പ്രത്യേക പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കും. പട്ടികജാതി വികസന വകുപ്പ്, വനം വകുപ്പ്, ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ എന്നിവയുടെ സഹകരണത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്. ഇതിന്റെ ഭാഗമായി രണ്ട് മിനി ബസ്സുകൾ വാങ്ങി സർവ്വീസ് നടത്തുകയും ആധുനിക സൗകര്യങ്ങളുള്ള മൂന്ന് മിനി റെസ്റ്റോറന്റുകൾ ആരംഭിക്കുകയും ചെയ്യും. ഓഗസ്റ്റ് അവസാനത്തോടെ പദ്ധതി പ്രാവർത്തികമാക്കാനാണ് കുടുംബശ്രീ ലക്ഷ്യമിടുന്നത്. 37 അയൽക്കൂട്ട അംഗങ്ങളായ സ്ത്രീകൾക്ക് ഈ പദ്ധതി വഴി തൊഴിൽ ലഭിക്കും. 75 ശതമാനം സംവരണം പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്കാണ്.

ഈ വിനോദ സഞ്ചാര പദ്ധതിയുടെ ഭാഗമായി രണ്ട് പാക്കേജുകളുണ്ട്. ഭക്ഷണവും താമസവും (രണ്ട് ദിന പാക്കേജ്) ഉൾപ്പെടെയാണ് പാക്കേജുകൾ. അടൂരിൽ നിന്ന് ഗവിയിലെത്തി സന്ദർശനം നടത്തി തിരികെ അടൂരിൽ തന്നെ എത്തുന്ന ഏകദിന ടൂർ പാക്കേജും അടൂരിൽ നിന്ന് ഗവിയും കുമരകവും സന്ദർശിച്ച് തിരികെ അടൂരിലെത്തുന്ന രണ്ട് ദിന പാക്കേജും. ഏകദിന പാക്കേജിന്റെ ഭാഗമായുള്ള ബസ് സർവീസ് അടൂരിൽ നിന്ന് കൊടുമൺ, അംഗമൂഴി, കൊച്ചു പമ്പ വഴി ഗവിയിലെത്തും. വണ്ടിപ്പെരിയാർ, മുണ്ടക്കയം വഴി തിരികെ അടൂരും എത്തും. ട്രക്കിങ്, ജംഗിൾ സഫാരി, വന്യമൃഗ നിരീക്ഷണം, പക്ഷി നിരീക്ഷണം എന്നിവയും പാക്കേജിന്റെ ഭാഗമാണ്. ഒരു ദിന പാക്കേജിന് ഒരാൾക്ക് 2000 രൂപയാണ് തുക. രണ്ട് ദിനത്തെ പാക്കേജിനായി 4000 രൂപ നൽകണം. 24 സീറ്റുകളുള്ള മിനി ബസിനായി ജില്ലാ മിഷൻ ടെൻഡർ നൽകി കഴിഞ്ഞു.




അർഹതപ്പെട്ടവർക്ക്
വീട്

# നാളികേരത്തിന്റെ നാട്ടിലെനിക്കൊരു...

സി.എൻ. സുബാഷ്

## ശൈലകുമാരിയുടെ സ്വപ്നഭവനത്തിന് ലൈഫ് മിഷനിലൂടെ സാക്ഷാത്ക്കാരം

രാജ്മോഹനും ശൈലകുമാരിയും മക്കളും തങ്ങളുടെ സ്വപ്നം സഫലമായതിന്റെ സന്തോഷത്തിലാണ്. ഈ ഓണനാളുകളിൽ അവരുടെ സന്തോഷം ഇരട്ടിയാക്കി ലൈഫ്.

ഭാസ്കരൻ മാഷിന്റെ വരികൾ മലയാളി മനസ്സുകളിൽ മായാവികാരമായി പതിഞ്ഞിരിക്കുന്നു. ഈ മലയാളഭൂമികയിൽ കേറിക്കിടക്കാനൊരിടം- സുരക്ഷിതമായൊരുവീട്- ഏതൊരാളും വളരെ ആഗ്രഹിക്കുന്നൊരു കാര്യമാണ്. ഇനിയും സ്വന്തമായി ഭൂമിയില്ലാത്തവരും ഭൂമിയുണ്ടായിട്ടും താമസിക്കാൻ തക്കതായ വീടില്ലാത്തവരും നമ്മുടെയിടയിൽ ഉണ്ട് എന്ന യാഥാർത്ഥ്യം തിരിച്ചറിഞ്ഞൊരു സർക്കാരാണ് കേരളം ഭരിക്കുന്നത്. ആ തിരിച്ചറിവിൽ നിന്നുകൊണ്ടാണ് ജീവിതത്തിന്റെ സർവ്വതലസ്പർശിയായ നാലു മേഖലകളിലുമായി പ്രവർത്തനനിരതമായിരിക്കുന്ന നാലു മിഷനുകളിൽ പ്രധാനപ്പെട്ട ലൈഫ് മിഷന്റെ ലക്ഷ്യങ്ങളിലേക്ക് സർക്കാർ മുന്നോട്ടു പോകുന്നത്.

നല്ല വീടെന്ന ആഗ്രഹം പാതിവഴിയിൽ മുറിഞ്ഞുപോയ ഒരുപാട് മനുഷ്യർ നമുക്ക് ചുറ്റിലുമുണ്ട്. പല പദ്ധതികളിലും പെടുത്തി സർക്കാർ നൽകിയ ഭവനനിർമ്മാണസഹായം പല പ്രതികൂലസാഹചര്യങ്ങളാൽ മതിയാകാതെ വരുമ്പോൾ വീട്ടുപണി മുടങ്ങിപ്പോയ ദുരവസ്ഥ. അങ്ങനെയൊരാളായിരുന്നു ശൈലകുമാരിയും.

കോട്ടയം ജില്ലയിലെ പുതുപ്പള്ളി ഗ്രാമപഞ്ചായത്തിലെ പതിനെട്ടാം വാർഡിൽ കൊചീപ്പറമ്പിൽ വീട്ടിൽ താമസിക്കുന്ന ശൈലകുമാരിയുടെ ഏറ്റവും വലിയ സ്വപ്നമായിരുന്നു സ്വന്തമായി അടച്ചുറപ്പുള്ള ഒരു വീട്. ഭർത്താവും അമ്മായിഅച്ഛനും രണ്ട് പെൺമക്കളും അടങ്ങുന്ന കുടുംബം. മേസ്തിരിപ്പണിക്കാരനായ ഭർത്താവ് ജോലിസ്ഥലത്തുണ്ടായ അപകടത്തിൽ പരിക്കേറ്റ് 3 വർഷത്തോളം കിടപ്പിലായിരുന്നു. പിന്നീട് കഠിനമായ പണികളൊന്നും ചെയ്യാൻ പറ്റാതെയായി. ചികിത്സചെലവുകളും നിത്യചെലവുകളും എല്ലാം ശൈലകുമാരിയുടെ ഭവനം എന്ന സ്വപ്നത്തെ അകറ്റി നിർത്തി.

2010 ൽ പഞ്ചായത്തിന്റെ സഹായത്താൽ 3 സെന്റ് വസ്തു വാങ്ങാൻ കഴിഞ്ഞപ്പോൾ സ്വപ്നത്തിനു വീണ്ടും ചിറകു മുളച്ചു. പുതുപ്പള്ളി ഗ്രാമപ

## ലൈഫ് മിഷൻ – ഇതുവരെ

**ഒന്നാം ഘട്ടം**

ലൈഫ് മിഷൻ പദ്ധതിയുടെ ഒന്നാം ഘട്ടമായ പൂർത്തിക രിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണത്തിന് ലക്ഷ്യമിട്ടിരുന്ന ഭവനങ്ങളുടെ എണ്ണം 54,960 ആയിരുന്നു. ഇതിൽ 2018 ജൂലൈ 27 വരെ പൂർത്തീകരിച്ച ഭവനങ്ങളുടെ എണ്ണം 44,997. ബാക്കി 9963 വീടുകൾ 2018 ആഗസ്റ്റ് 31 -നകം പൂർത്തികരിക്കുന്നതി നാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

**രണ്ടാംഘട്ടം**

2018-19 വർഷത്തിൽ ലൈഫ് മിഷന്റെ രണ്ടാംഘട്ടമായ ഭൂമിയുള്ള ഭവനരഹിതർക്ക് ഭവനധനസഹായം നൽകുന്ന പ്ര വർത്തനത്തിൽ ആകെ 2,48,829 ഗുണഭോക്താക്കളാണ് ഉൾ പ്പെടുന്നത്. ഇതിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അം ഗീകരിച്ച് പ്രസിദ്ധീകരിച്ച ഗുണഭോക്തൃ പട്ടികയിലുള്ള 1,75,138 ഭൂമിയുള്ള ഭവനരഹിതരും ബാക്കി PMAY നഗരപ്രദേശ ഗുണ ഭോക്താക്കളുമാണുള്ളത്. ഈ രണ്ടാംഘട്ട പദ്ധതി ഗുണഭോക്താ ക്കളിൽ 1,66,342 പേർ ഗ്രാമപ്രദേശങ്ങളിലുള്ളവരും 82,487 പേർ നഗരപ്രദേശങ്ങളിലുള്ളവരുമാണ്. എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും ഈ ഗുണഭോക്താക്കളുടെ രേഖകൾ ഗുണ ഭോക്തൃ സംഗമങ്ങൾ വഴിയായി പരിശോധിച്ച് അർഹരായവർ ക്ക് ധനസഹായം നൽകുന്ന നടപടി പുരോഗമിക്കുന്നു.

ഇവരുടെ പട്ടിക ശരിയായ സുരക്ഷാ സംവിധാനങ്ങളോടെ സൂക്ഷിക്കുന്നതിനും അവർക്കുള്ള ഫണ്ട് വേഗത്തിൽ ലഭ്യമാക്കു ന്നതിനും ഡിജിറ്റൽ സംവിധാനം ഒരുക്കിയിട്ടുണ്ട്. ഇത് https://lifemissionmis.kerala.gov.in/ എന്ന URLൽ ലഭ്യമാണ്. എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ഈ സംവിധാനമാ ണ് ഇനി ഉപയോഗപ്പെടുത്തേണ്ടത്.

**രണ്ടാംഘട്ടപദ്ധതിയുടെ പുരോഗതി**

(27.07.2018 വരെയുള്ളത്)

| | |
|---|---|
| തദ്ദേശ സ്ഥാപനവുമായി കരാറിൽ ഏർപ്പെട്ട ഗുണഭോക്താക്കളുടെ എണ്ണം | 29573 |
| ആദ്യ ഗഡു തുക കൈപ്പറ്റിയവർ | 16070 |
| രണ്ടാം ഗഡു തുക കൈപ്പറ്റിയവർ | 1641 |
| മൂന്നാം ഗഡു തുക കൈപ്പറ്റിയവർ | 287 |
| നാലാം ഗഡു തുക കൈപ്പറ്റിയവർ | 28 |
| ആകെ പൂർത്തിയായ ഭവനങ്ങൾ | 50 |

**മൂന്നാം ഘട്ടം**

ലൈഫ് മിഷന്റെ മൂന്നാംഘട്ടത്തിൽ ഭൂരഹിത ഭവനരഹിത രായ ഗുണഭോക്താക്കളുടെ പുനരധിവാസ പ്രവർത്തനമാണ് ലക്ഷ്യമാക്കിയിട്ടുള്ളത്. 3,37,416 ഗുണഭോക്താക്കളാണ് ഇതിനായി ഗ്രാമസഭകൾ അംഗീകരിച്ച പട്ടികയിലുള്ളത്. ഈ പട്ടികയുടെയും വിശദപരിശോധനയും ഏറ്റവും അർഹരായവർ ക്ക് ആദ്യം വീടു ലഭിക്കത്തക്കവിധം മുൻഗണനാ ക്രമം നിശ്ച യിക്കലും നടത്തേണ്ടതുണ്ട്. 2018-19ലെ ലക്ഷ്യം ഓരോ ജില്ല യിലും പൈലറ്റ് അടിസ്ഥാനത്തിൽ ഓരോ ഭവന സമുച്ചയങ്ങൾ നിർമ്മിക്കുകയും അതിനോടനുബന്ധിച്ച് ഗുണഭോക്താക്കളുടെ സാമൂഹിക ശാക്തീകരണ പ്രവർത്തനത്തിനുള്ള മാതൃക വിക സിപ്പിക്കുകയുമാണ്.

പൈലറ്റ് ഭവന സമുച്ചയ നിർമ്മാണപ്രവൃത്തി ആരംഭിക്കുന്ന തിലേക്കായി സർക്കാർ അംഗീകൃത ഏജൻസികളിൽ നിന്ന് പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടൻസികളെ കണ്ടെത്തി നിയ മിക്കുന്നതിനായി ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്.

ഭവന സമുച്ചയങ്ങളുടെ നിർമ്മാണം 2018 നവംബർ 1-നകം തുടങ്ങുന്നതിനാണ് മിഷൻ ലക്ഷ്യമിടുന്നത്.

ഞ്ചായത്തിന്റെ അഞ്ചാം വാർഡിലാണ് വസ്തു വാങ്ങിയത്. പള്ളം ബ്ലോക്കിന്റെ 2010-11 ലെ ഐ.എ. വൈ ഭവനനിർമ്മാണ പദ്ധതി പ്രകാരം വീട് അനുവദിച്ചു. ഒരു ലക്ഷം രൂപ അനുവദിച്ച തിൽ നിന്ന് 3 ഗഡുക്കളായി 86125 രൂപ കൈപ്പ റ്റി. വീടിന്റെ ഭിത്തി കട്ടിളനിരപ്പായി. പ്രധാന റോഡിൽനിന്ന് ഏകദേശം 200 മീറ്റർ വാഹന സഞ്ചാരമില്ലാത്ത വഴിയിൽക്കൂടി നിർമ്മാണ സാമഗ്രികൾ ചുമന്നാണ് പണിസ്ഥലത്തെത്തി ച്ചിരുന്നത്. ചുമട്ടു കൂലിയും പണിക്കൂലിയും വർദ്ധി ച്ചപ്പോൾ കടുത്ത സാമ്പത്തിക ബാധ്യതയുണ്ടാ യി നിർമ്മാണം നിലച്ചു. സ്വപ്നത്തിന്റെ നിറം വീണ്ടും മങ്ങി.

2017-ൽ കേരള സർക്കാരിന്റെ ലൈഫ് മിഷന്റെ ഒന്നാം ഘട്ടമായ പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം പദ്ധതിയുടെ ലി സ്റ്റിൽ ഉൾപ്പെട്ടുവെന്നറിഞ്ഞപ്പോൾ അവർക്ക് സന്തോഷമായെങ്കിലും ബാക്കി ലഭിക്കാനുള്ള 55,500 രൂപ കൊണ്ട് വീട് പണി എങ്ങനെ തീ ർക്കുമെന്ന ആശങ്കയായി. എന്നാൽ ജനപ്രതി നിധികളുടെയും ഉദ്യോഗസ്ഥരുടെയും ഇടപെട ലിന്റെ ഫലമായും പയ്യപ്പാടി എഞ്ചിനീയറിംഗ് കോളെജിലെ നാഷണൽ സർവ്വീസ് സ്കീം യൂണി റ്റിന്റെ പ്രോഗ്രാം ഓഫീസറും വിദ്യാർത്ഥികളും ശ്രമദാനം നടത്തിയും ഭവനനിർമ്മാണത്തിന് ആവശ്യമായ തുക സമാഹരിച്ചും ശൈലകുമാരിയു ടെ സ്വപ്നത്തിനു പിന്തുണ നൽകി. മേസ്തിരിയായ ഭർത്താവ് രാജ്മോഹൻ സുഖമില്ലാതിരു ന്നിട്ടും ഭവന നിർമ്മാണത്തിൽ സജീവമായി നിന്നതിനാ ൽ പണി എളുപ്പത്തിൽ തീർക്കാൻ സാധിച്ചു. എല്ലാവരുടെയും കൂട്ടായ ഫലമായി 2018 മാർച്ച് 31 ന് തന്നെ വീട് മേൽക്കൂരയിട്ടു വാസയോഗ്യമാക്കി. ഇപ്പോൾ രാജ്മോഹനും ശൈലകുമാരിയും മക്കളും തങ്ങളുടെ സ്വപ്നം സഫലമായതിന്റെ സന്തോഷ ത്തിലാണ്. ഈ ഓണനാളുകളിൽ അവരുടെ സന്തോഷം ഇരട്ടിയാക്കി ലൈഫ്.

എല്ലാവരുടെയും കൂട്ടായ ഫലമായി 2018 മാർച്ച് 31 ന് തന്നെ വീട് മേൽക്കൂരയിട്ടു വാസയോഗ്യമാക്കി..

*ലേഖകൻ ലൈഫ് മിഷൻ കോട്ടയം ജില്ല കോർഡിനേറ്ററാണ്.*





# പൈതൃക നെൽവിത്തുകൾക്കായി ഒരു ഗ്രാമം

വിഷ്ണു എസ്.പി

രാജമേനി, തേവർ, കൊച്ചുവിത്ത്, ചൊക്കിരിയാൻ, അരിക്കിരായി, രസഗാദം, രാജകയമ, ജപ്പാൻവയലറ്റ്, ചിത്തേനി, തൊണ്ണൂറാൻ, സ്വർണ്ണമല്ലി, തവളക്കണ്ണൻ തുടങ്ങി 15 പൈതൃക നെൽവിത്തുകളാണ് പാടശേഖര സമിതിയിലെ കർഷകരെക്കൊണ്ട് കൃഷി ചെയ്യിപ്പിച്ചത്.

ഭക്ഷ്യസുരക്ഷയ്ക്കൊപ്പം തന്നെ സുരക്ഷിത ഭക്ഷണംകൂടി ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെയാണ് ഹരിതകേരളം പദ്ധതി പ്രവർത്തിച്ചുവരുന്നത്. വൃത്തിയും വെള്ളവും വിളവും വീണ്ടെടുക്കുകയാണിവിടെ. ഏതൊരു സംസ്കാരത്തിന്റെയും അടിത്തറ എന്നുപറയുന്നത് കൃഷി തന്നെയാണ്. കാലഗതിയിൽ നമ്മുടെ തനതു വിളകൾ നമ്മളിൽ നിന്നും എടുത്തുമാറ്റപ്പെടുകയോ നഷ്ടപ്പെടുകയോ ചെയ്തപ്പോൾ നമുക്ക് കൈമോശം വന്നത് ഒരു കാർഷിക സംസ്കാരം തന്നെയാണ്. പരമ്പരാഗത ഇനങ്ങൾ മാറി അത്യുത്പാദനശേഷിയുള്ള ഇനങ്ങൾ ഉപയോഗിച്ച് കൃഷി ആരംഭിച്ചപ്പോൾ ഉത്പാദനം വർദ്ധിച്ചെങ്കിലും പരിണത ഫലങ്ങൾ വളരെ തിക്തമായിരുന്നു. രാസവളങ്ങളുടെ ആവശ്യകത കൂടിവരികയും രോഗങ്ങളും കീടങ്ങളും കടന്നുകൂടുകയും ചെയ്തു. ഉത്പാദനച്ചെലവും ക്രമാതീതമായി വർദ്ധിച്ചു.

പരമ്പരാഗത വിളകൾക്ക് സവിശേഷതകൾ പലതാണ്. ഒരു പ്രത്യേക ജൈവ ആവാസവ്യവസ്ഥയിൽ ജന്മംകൊണ്ടതിനാൽ അവയുടെ കീടരോഗ പ്രതിരോധശേഷി മികച്ചതാണ്. അത്യുത്പാദന ഇനങ്ങളെ അപേക്ഷിച്ച് പോഷകസമ്പുഷ്ടവുമാണ്. ഉത്പാദനച്ചെലവ് വളരെക്കുറവും. ഇത്തരം വിളകളിൽതന്നെ ഏറ്റവും മികച്ച ഉത്പാദനമുള്ളവ കണ്ടെത്തിക്കഴിഞ്ഞാൽ കൃഷി കൂടുതൽ ലാഭകരമാക്കാമെന്ന ആശയമാണ് "പൈതൃക നെൽവിത്ത് ഗ്രാമപദ്ധതി"യുടെ ഉദ്ഭവത്തിന് കാരണം. കൃഷിവകുപ്പ് ഈ വർഷം ആദ്യംതന്നെ വിത്ത് ബാങ്ക് എന്ന ഒരു ആശയം കൂടി ഹരിതകേരളം പദ്ധതിയുടെ ഭാഗമായി ആവിഷ്കരിക്കുകയുണ്ടായി. അതായത് ഗവേഷണകേന്ദ്രങ്ങളിൽ വികസിപ്പിച്ചെടുത്തിട്ടുള്ള അത്യുത്പാദന ശേഷിയുള്ള നാടൻ ഇനങ്ങൾ കർഷകരുടെ ഇടയിൽകൂടി പ്രചരിപ്പിച്ച് പൊതുജനങ്ങളിലെത്തിക്കുക എന്നതാണ് വിത്തു ബാങ്കിന്റെ ആശയം. ഈ ഒരു ആശയംകൂടി മുൻനിർത്തിക്കൊണ്ടായിരുന്നു കൃഷിവകുപ്പ് പിലിക്കോട് ഗ്രാമപഞ്ചാത്തിന്റെയും കേരള കാർഷിക സർവകലാശാലയുടെ കാസർഗോഡുള്ള പിലിക്കോട്



മേഖലാ കാർഷിക ഗവേഷണ കേന്ദ്രത്തിന്റെയും നേതൃത്വത്തിൽ പിലിക്കോട് കൃഷിഭവൻ പരിധിയിൽ ആരംഭിച്ച പൈതൃക നെൽവിത്ത് ഗ്രാമം പദ്ധതി. പിലിക്കോട് പ്രാദേശിക ഗവേഷണ കേന്ദ്രത്തിലെ പ്രൊഫസർ ഡോ. വനജ. ടി. യാണ് പദ്ധതി പ്രവർത്തനങ്ങൾക്ക് വേണ്ടി പൈതൃക നെൽവിത്തുകൾ സംഘടിപ്പിച്ചത്.

കഴിഞ്ഞ 18 വർഷക്കാലമായി ഗവേഷണ കേന്ദ്രം ശേഖരിക്കുകയും സംരക്ഷിക്കുകയും വിശകലനം ചെയ്തുവരുന്നതുമായ ഉത്തരകേരളത്തിലെ 75-ഓളം നാടൻ നെല്ലിനങ്ങളുടെ കർഷക പങ്കാളിത്ത സംരക്ഷണവും വിത്ത് ഉത്പാദനവും വിതരണവും ആയിരുന്നു പൈതൃക നെൽവിത്ത് ഗ്രാമം പദ്ധതിയുടെ ഉദ്ദേശ്യം. ഗവേഷണകേന്ദ്രം സംരക്ഷിച്ചു വരുന്ന ഈ ഇനങ്ങളുടെ വിത്ത്, വലിയതോതിൽ കൃഷി ചെയ്യുന്നതിനായി പഞ്ചായത്തിലെ തെരഞ്ഞെടുത്ത കർഷകർക്ക് നൽകി, പഞ്ചായത്തിന്റെയും കൃഷിഭവന്റെയും സഹായസഹകരണത്തോടെ സംരക്ഷിച്ച്, വിത്തുത്പാദനം നടത്തി, ഭാവിയിൽ വർഷത്തിലൊരിക്കൽ നാടൻ നെൽവിത്ത് മേള സംഘടിപ്പിച്ച് ആവശ്യമുള്ള കർഷകർക്ക് വിതരണം ചെയ്യുന്നതിനാണ് ലക്ഷ്യമിടുന്നത്.

ഓരോ വർഷവും 15-ഓളം ഇനങ്ങളുടെ വിത്ത് ഗവേഷണകേന്ദ്രം പഞ്ചായത്തിന് കൈമാറി, വരുന്ന 5 വർഷത്തിനുള്ളിൽ പഞ്ചായത്തിനെ പൈതൃക നെൽവിത്ത് ഗ്രാമമാക്കി മാറ്റുക എന്ന വിശാലമായ ലക്ഷ്യം കൂടി ഇതിനു പിന്നിലുണ്ട്.

രാജമേനി, തേവർ, കൊച്ചുവിത്ത്, ചൊക്കിരിയാൻ, അരിക്കിരായി, രസഗാദം, രാജകയമ, ജപ്പാൻവയലറ്റ്, ചിത്തേനി, തൊണ്ണൂറാൻ, സ്വർണ്ണമല്ലി, തവളക്കണ്ണൻ തുടങ്ങി 15 പൈതൃക നെൽ വിത്തുകളാണ് പാടശേഖര സമിതിയിലെ കർഷകരെക്കൊണ്ട് കൃഷി ചെയ്യിപ്പിച്ചത്. ഗ്രാമപഞ്ചായത്തിന്റെ പ്ലാൻ ഫണ്ടും ജൈവവൈവിധ്യ ബോർഡിന്റെ ഫണ്ടും ഏകോപിപ്പിച്ചാണ് കർഷകർക്ക് വേണ്ട ധനസഹായം നൽകിയത്. പരമ്പരാഗത വിത്തിനങ്ങളായതുകൊണ്ടുതന്നെ കീടരോഗാക്രമണങ്ങൾ തീരെ കുറവായിരുന്നു. പൂർണ്ണമായും ജൈവരീതികൾ അവലംബിച്ചു കൊണ്ടായിരുന്നു കൃഷിരീതികൾ. സങ്കരയിനം വിത്തിനങ്ങളെ അപേക്ഷിച്ച് നാടൻ വിത്തിനങ്ങളുടെ പ്രത്യേകത ജൈവരീതിയിൽ നല്ല വിളവ് ലഭിക്കുമെന്നതുതന്നെയാണ്.

അടുത്ത വർഷം പഞ്ചായത്തിലെ മറ്റു പാടശേഖരങ്ങളിലേക്കും പദ്ധതി വ്യാപിപ്പിക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. കൂടാതെ കൂടുതൽ ഇനം വിത്തുകൾ രണ്ടാം വർഷം വിതരണം ചെയ്യുന്നതിനും ഇത്തരത്തിൽ കൃഷിയിടങ്ങൾ തന്നെ വിത്തുബാങ്കായി സംരക്ഷിക്കപ്പെടുന്നതിനുമാണ് ഹരിതകേരളം പദ്ധതിയുടെ ഭാഗമായുള്ള സുജലം സുഫലം കൃഷി ഉപമിഷനിലൂടെ കൃഷിവകുപ്പും ഗ്രാമപഞ്ചായത്തും ലക്ഷ്യമിടുന്നത്.

*ലേഖകൻ ഫാം ഇൻഫർമേഷൻ ബ്യൂറോയിൽ അഗ്രികൾച്ചറൽ ഓഫീസറാണ്*




ജനപങ്കാളിത്തത്തിലൂടെ സീറോ വേസ്റ്റ്

# മാലിന്യസംസ്കരണത്തിന്റെ വടകരപെരുമ

## ഹരിയാലി ഹരിതകർമ്മസേന

ടി.പി. ബിജു

ജനകീയ പങ്കാളിത്തത്തിന്റെ മാതൃകാപരമായ ചരിത്രം തീർത്തുകൊണ്ട് നഗരമാലിന്യ സംസ്കരണത്തിന് പുതുവഴി തീർത്തിരിക്കുകയാണ് വടകര നഗരസഭയുടെ 'ക്ലീൻസിറ്റി ഗ്രീൻ സിറ്റി - സീറോവേസ്റ്റ് വടകര' പദ്ധതി. ഹരിത കേരളം മിഷന്റെ മാലിന്യസംസ്കരണ ഉപമിഷൻ മാർഗ്ഗനിർദ്ദേശങ്ങൾ അക്ഷരാർത്ഥത്തിൽ നടപ്പിലാക്കി മറ്റു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് മാതൃകയാവുന്ന പ്രവർത്തനങ്ങളാണ് ' ഹരിയാലി ഹരിതകർമ്മസേന 'യുടെ നേതൃ

ത്വത്തിൽ വടകരയിൽ നടക്കുന്നത്. കുടുംബശ്രീ സംവിധാനത്തിൽ നിന്നും ഇന്റർവ്യൂ നടത്തി തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങളാണ് ഹരിത കർമ്മസേനയിലെ പ്രൊജക്റ്റ് എക്സിക്യൂട്ടീവ് ആയി ഓരോ വാർഡിലും പ്രവർത്തിക്കുന്നത്.

ഏതൊരു പദ്ധതിയുടെയും ആത്യന്തിക വിജയം എന്നു പറയുന്നത് ജനപങ്കാളിത്തത്തിലൂടെ പദ്ധതി നടപ്പിലാക്കുമ്പോഴാണ്. വടകര നഗരസഭയിലെ മാലിന്യ സംസ്കരണ പ്രവർത്തനം തികച്ചും ജനപങ്കാളിത്തത്തോടെയാണ് നടപ്പിലാക്കുന്നത്. വാർഡുതലങ്ങളിൽ മൊത്തം വീടുകളെ 40 വീതമുള്ള ക്ലസ്റ്ററുകളാക്കി തിരിച്ച് ഓരോ ക്ലസ്റ്ററിനും ഒരു ക്ലസ്റ്റർ ലീഡർ, അദ്ദേഹത്തെ സഹായിക്കാൻ 5 പേരുള്ള ശുചിത്വ സേന, വാർഡുതല പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ ഒരു ഗ്രീൻ വാർഡ് ലീഡർ, നഗരസഭാതല പ്രവർത്തന ഏകോപനത്തിന് മുൻസിപ്പൽ തല മോണിറ്ററിംഗ് സമിതി എന്നിവ പ്രവർത്തിക്കുന്നു.

ഈ സംവിധാനത്തെ ഉപയോഗപ്പെടുത്തിയാണ് 53 പേരുള്ള ഹരിതകർമ്മസേന മൂന്ന് ഗ്രൂപ്പുകളായി തിരിച്ച് ഒരു ദിവസം 2 വാർഡുകളിലെ അജൈവ മാലിന്യ ശേഖരണം പൂർത്തീകരിക്കുന്നത്. മുൻകൂട്ടി തയ്യാറാക്കിയ മാലിന്യ ശേഖരണകലണ്ടർ പ്രകാരമാണ് 2018 ജനവരി 1 മുതൽ മാലിന്യശേഖരണ പ്രവർത്തനം ആരംഭിച്ചത്. ജനവരി മാസത്തിൽ പ്ലാസ്റ്റിക് ക്യാരി ബാഗുകൾ, ഫെബ്രുവരിയിൽ പേപ്പറുകൾ, മാർച്ച് മാസത്തിൽ ഗ്ലാസുകൾ, ഏപ്രിലിൽ ഇ-വെയ്സ്റ്റ്, മെയ് മാസത്തിൽ പ്ലാസ്റ്റിക് കുപ്പികൾ, ജൂൺ മാസത്തിൽ ചെരുപ്പ് തുടങ്ങിയവ ശേഖരിച്ച് ഹരിതകർമ്മസേനാംഗങ്ങളെ ഉപയോഗിച്ച് തരംതിരിച്ച് റീ സൈക്ലിംഗ് സെന്ററിലേക്ക് അയയ്ക്കുന്ന പ്രവർത്തനങ്ങൾ ഇതിനകം നടന്നു കഴിഞ്ഞു. വേർതിരിച്ച് 61810 കിലോ കുപ്പിച്ചില്ലുകൾ, 4930 കിലോ പെറ്റ് ബോട്ടിലുകൾ, 5830 കിലോ പ്ലാസ്റ്റിക് ക്യാരിബാഗുകൾ, 610 കിലോ പ്ലാസ്റ്റിക് കുപ്പികൾ, 6760 കിലോ ബിയർകുപ്പികൾ, 3373 കിലോ ഇ-വെയ്സ്റ്റ്, 400 കിലോ പേപ്പർ, 3204 കിലോ മറ്റ് തരം പ്ലാസ്റ്റിക്കുകൾ, 500 കിലോ ഹാർഡ് ബോർഡ് എന്നിവ നഗരസഭ കരാറിൽ ഏർപ്പെട്ട ഏജൻസിക്ക് വിറ്റതിലൂടെ 3 ലക്ഷത്തോളം രൂപ അധിക വരുമാനമായി ഹരിതകർമ്മ സേനയ്ക്ക് ലഭ്യമായി. വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും യൂസർഫീ ഇനത്തിൽ നാളിതുവരെ 41 ലക്ഷം രൂപ ശേഖരിക്കാൻ കഴിഞ്ഞു. 8000 രൂപ ഓരോ ഹരിതകർമ്മസേനാംഗത്തിനും ശമ്പളം നൽകുന്നുണ്ട്. ശമ്പളം, റീസൈക്ലിംഗിന് അയക്കുന്നതിനുള്ള ചെലവുകൾ ഇതിൽനിന്നുമാണ് വഹിക്കുന്നത്.





### സാമ്പത്തിക സുസ്ഥിരതയ്ക്കായി മറ്റ് മേഖലകളിലേക്കും

**ഗ്രീൻഷോപ്പ്** - പ്ലാസ്റ്റിക് ക്യാരിബാഗുകളുടെ ഉപയോഗം കുറച്ചുകൊണ്ടുവരുന്നതിന് തുണി നിർമ്മിതമായ പാഴ്സ് ബാഗ്, മീൻ സഞ്ചി, ട്രാവൽ ബാഗ്, മാക്സി ബാഗ്, വാനിറ്റി ബാഗ് തുടങ്ങിയ വിവിധതരം ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്ന പരിസ്ഥിതി സൗഹൃദ നിർമ്മാണ വിപണനകേന്ദ്രവും പ്രവർത്തന പഥത്തിൽ എത്തി കഴിഞ്ഞു. ഹരിതകർമ്മ സേനയിലെ തന്നെ 5 അംഗങ്ങളാണ് ഇതിന്റെ ചുക്കാൻ പിടിക്കുന്നത്.



# കുടുംബശ്രീ 'സുരക്ഷ–2018' ബോധവത്ക്കരണ ക്യാമ്പയിന് സമാപനം

പതിനൊന്നു മാസം കൊണ്ട് 15623 തെരുവു നായ്ക്കളെ വന്ധ്യംകരിച്ച കുടുംബശ്രീ യൂണിറ്റ് അംഗങ്ങൾ 3.23 കോടി രൂപ വരുമാനം നേടി.

മൃഗസംരക്ഷണ വകുപ്പിന്റെ സഹകരണത്തോടെ കുടുംബശ്രീ നടപ്പാക്കുന്ന തെരുവുനായ നിയന്ത്രണ പദ്ധതിയിലൂടെ അടുത്ത വർഷം സംസ്ഥാനത്ത് രണ്ടു ലക്ഷം തെരുവുനായ്ക്കളെ വന്ധ്യംകരിക്കുന്നതിനാണ് ലക്ഷ്യമിടുന്നതെന്ന് മൃഗസംരക്ഷണ വകുപ്പ് മന്ത്രി അഡ്വ.കെ.രാജു പറഞ്ഞു. തെരുവുനായ വന്ധ്യംകരണ പദ്ധതിയുടെ ആവശ്യകത കൂടുതൽ ജനങ്ങളിലേക്കെത്തിക്കുന്നതിന്റെ ഭാഗമായി സംഘടിപ്പിച്ച സംസ്ഥാനതല ബോധവല്ക്കരണ ക്യാമ്പയിൻ സുരക്ഷ-2018ന്റെ സമാപന സമ്മേളനവും ശില്പശാലയും ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.

തെരുവുനായ ശല്യം കാരണം സംസ്ഥാനത്ത് ജനങ്ങൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി കൊണ്ടുവന്ന പദ്ധതി കുടുംബശ്രീ ഏറ്റെടുത്തതോടെ വലിയൊരളവിൽ പരിഹാരം കാണാൻ കഴിഞ്ഞു. കൂടുതൽ പഞ്ചായത്തുകളിലേക്ക് പദ്ധതി വ്യാപിപ്പിക്കുകയും അതുവഴി കൂടുതൽ കുടുംബശ്രീ എ.ബി.സി യൂണിറ്റുകൾ ഈ രംഗത്ത് സജീവമാകുകയും ചെയ്താൽ തെരുവുനായ പ്രശ്നത്തിന് ഗണ്യമായ രീതിയിൽ പരിഹാരം കാണാനും അംഗങ്ങൾക്ക് വളരെ മികച്ച രീതിയിൽ വരുമാനം നേടാനും കഴിയും. പദ്ധതി ആരംഭിച്ച് പതിനൊന്നു മാസം കൊണ്ട് 15623 തെരുവുനായ്ക്കളെ വന്ധ്യംകരിച്ച കുടുംബശ്രീ യൂണിറ്റ് അംഗങ്ങൾ 3.23 കോടി രൂപ വരുമാനം നേടിയെന്നതും ഏറെ ശ്രദ്ധേയമാണ്. കൂടുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതിക്കാവശ്യമായ തുക വകയിരുത്തുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കും. ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ വിജയിപ്പിക്കാൻ കുടുംബശ്രീക്കു കഴിയുമെന്നും അതിനു മൃഗസംരക്ഷണ വകുപ്പിന്റെ എല്ലാ പിന്തുണയും നല്കുമെന്നും മന്ത്രി പറഞ്ഞു.




*തൃശ്ശൂർ ജില്ലയിലെ എ.ബി.സി യൂണിറ്റ് അംഗങ്ങളുടെ അനുഭവസമാഹാരം തിരുവനന്തപുരം മേയർ അഡ്വ.വി.കെ.പ്രശാന്ത് തൃശ്ശൂർ ജില്ലാമിഷൻ അസിസ്റ്റൻറ് കോ-ഓർഡിനേറ്റർ ബൈജു മുഹമ്മദ് എം.എസ്സ് നൽകി പ്രകാശനം ചെയ്യുന്നു.*

**റിപ്പയർ & സ്വാപ്പ് ഷോപ്പ്** - വീടുകളിൽനിന്നും ശേഖരിച്ച പുനരുപയോഗ സാധ്യതയുള്ള ഉപകരണങ്ങൾ റിപ്പയർ ചെയ്ത് വീണ്ടും ലഭ്യമാക്കുന്നതിനുള്ള റിപ്പയർ & സ്വാപ്പ് ഷോപ്പിലേക്ക് ഒട്ടനവധി ആളുകളാണ് എത്തിക്കൊണ്ടിരിക്കുന്നത്.

**ക്ലീൻലിനെസ് & റെന്റ് ഷോപ്പ്** - മാലിന്യ സംസ്കരണ സാമഗ്രികൾ എല്ലാം തന്നെ ഒരു കുടക്കീഴിൽ പൊതു ജനങ്ങൾക്ക് ലഭ്യമാക്കാൻ കഴിയുന്ന ക്ലീൻലിനെസ് സെന്ററും അതോടൊപ്പം ഡിസ്പോസിബിൾ പാത്രങ്ങളുടെ ഉപയോഗം കുറയ്ക്കുന്നതിനായി സ്റ്റീൽപ്ലേറ്റ്, ഗ്ലാസ് എന്നിവ വാടകയ്ക്ക് നൽകുന്ന റെന്റ്ഷോപ്പും പ്രവർത്തനത്തിന്റെ ആരംഭഘട്ടത്തിലാണ്.

വടകരയിലെ ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങൾ കണ്ട് മനസിലാക്കുന്നതിന് വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പ്രതിനിധികളാണ് ദിനംപ്രതി എത്തിക്കൊണ്ടിരിക്കുന്നത്. ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് പ്രൊജക്റ്റ് മാനേജരായി ടി.പി. ബിജുവും പ്രൊജക്റ്റ് കോ-ഓർഡിനേറ്ററായി മണലിൽ മോഹനനും പ്രവർത്തിക്കുന്നു. പദ്ധതിയുടെ വിജയത്തിനായി കൗൺസിലർമാർക്കും ഉദ്യോഗസ്ഥർക്കുമൊപ്പം അക്ഷീണം പ്രവർത്തിക്കുന്ന നഗരസഭ ചെയർമാൻ കെ. ശ്രീധരൻ, സെക്രട്ടറി കെ.യു. ബിനി, വൈസ് ചെയർമാൻ പി.ഗീത, മുൻ ആരോഗ്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ പി. അശോകൻ, ആരോഗ്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ പി. ഗിരീശൻ എന്നിവരുടെ നേതൃത്വപരമായ ഇടപെടലും കൂട്ടായ പ്രവർത്തനങ്ങളും കൊണ്ടാണ് വടകരയിലെ ഹരിയാലി ഹരിതകർമ്മസേനയുടെ പ്രവർത്തനത്തെ മാതൃകാപരമാക്കാൻ കഴിഞ്ഞത്.

*ലേഖകൻ വടകര മുനിസിപ്പാലിറ്റി സീറോ വേസ്റ്റ് പ്രോജക്ടിന്റെ പ്രോജക്ട് മാനേജരാണ്*

# പ്രളയക്കെടുതിയിൽ ആശ്വാസത്തിന്റെ തെളിനീരുമായി

**ഡോ. ജോയ് ഇളമൺ**

കുട്ടനാട്ടിൽ തോരാമഴയുണ്ടാക്കിയ ദുരിതങ്ങൾ ഊഹങ്ങൾക്കും അപ്പുറത്താണ്. ആഴ്ചകളോളം നീണ്ട വെള്ളപ്പൊക്കത്തിൽ പൊട്ടിത്തകർന്ന സെപ്ടിക് ടാങ്കുകൾ. ഇ- കോളി ബാക്ടീരിയയുടെ വെല്ലുവിളി. ഏതു നിമിഷവും പടർന്നുപിടിക്കാൻ കോളറ, ഡയേറിയ രോഗങ്ങൾ. എലിപ്പനിയുടെ ഭീഷണി വേറെ. ഒട്ടുമിക്കവരുടെയും കാലുകളിൽ വളംകടിയുടെ വ്രണങ്ങൾ. എത്ര സുസജ്ജമായ ആരോഗ്യസുരക്ഷാസംവിധാനത്തിനും ഭീഷണിയായ സാഹചര്യം. ആ വെല്ലുവിളി ആലപ്പുഴ നേരിട്ടത് അസാധാരണമായ ഒരു കൂട്ടായ്മയിലൂടെയാണ്. സാങ്കേതിക വിദ്യയെ ചൂണ്ടുവിരലിൽ മെരുക്കിയ ന്യൂജെൻ ടെക്കികളും ടീമിൽ അണിനിരന്നപ്പോൾ സന്നദ്ധപ്രവർത്തനം ഹൈടെക്കായി.

ദുരിതാശ്വാസ ക്യാമ്പുകളിൽ നിന്നുള്ള പ്രതിദിന വിവരശേഖരണമാണ് ആരോഗ്യപ്രവർത്തകർ നേരിട്ട പ്രധാന വെല്ലുവിളി. ഓരോ ക്യാമ്പും ഓരോ തുരുത്താണ്. കാൻആലപ്പി (CANALPY) പരിപാടിയുമായി സഹകരിക്കുന്ന മുംബൈ ഐ.ഐ.ടിയിൽനിന്ന് സോഫ്റ്റ് വെയർ നിർമ്മാണത്തിൽ പരിശീലനം ലഭിച്ച കിലയിലെ പ്രവർത്തകർ പ്രശ്നം ലളിതമായി പരിഹരിച്ചു. ഒരു മൊബൈൽ ആപ്ലിക്കേഷൻ വഴി ഓരോ പ്രദേശത്തെയും പ്രതിനിധികൾക്കു അവരുടെ പ്രദേശത്തെ രോഗവിവരങ്ങൾ അപ്പപ്പോൾ റിപ്പോർട്ട് ചെയ്യാം. ഓരോ പ്രദേശത്തെയും അതതു ദിവസങ്ങളിലെ രോഗവിവരങ്ങൾ, രോഗം കണ്ടെത്തിയ പ്രദേശങ്ങൾ എന്നിവയും ഗൃഹനാഥന്റെ ഫോൺ നമ്പറും ഉൾപ്പെടെ അന്നുതന്നെ ആരോഗ്യവകുപ്പിന്റെ കൈവശമെത്തും. അഞ്ചുദിവസംകൊണ്ട് 1800 കുടുംബങ്ങളെ സംബന്ധിച്ച ഡാറ്റയാണ് അവർ ശേഖരിച്ചു നൽകിയത്. സന്ദർശിച്ച ക്യാമ്പുകളുടെ ജി.ഐ. എസ് (ജ്യോഗ്രാഫിക്ക് ഇൻഫർമേഷൻ സിസ്റ്റം) വിവരങ്ങൾ കൂടി മാപ്പു ചെയ്തുപോകും. അതുകൊണ്ട് ഏതെങ്കിലും പ്രദേശത്ത് പനിയോ വയറുകടിയോ കണ്ടെത്തിയാൽ അപ്പോൾ തന്നെ ആ പ്രദേശം കേന്ദ്രീകരിച്ചുള്ള പ്രതിരോധ നടപടികൾ ആരംഭിക്കാനാവും.



*സന്നദ്ധപ്രവർത്തകർ ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ.*

കേരള ശാസ്ത്ര സാഹിത്യപരിഷത്തിന്റെ പ്രവർത്തകർ പതിവുപോലെ സന്നദ്ധപ്രവർത്തനങ്ങൾക്കു മുൻനിരയിലുണ്ടായിരുന്നു. കുട്ടനാടിനൊപ്പം എന്നതായിരുന്നു അവരുടെ പരിപാടി. ആലപ്പുഴയിലെ എല്ലാ സന്നദ്ധസംഘടനകളെയും കൂട്ടിയോജിപ്പിച്ച് ആരോഗ്യവകുപ്പിന്റെ സഹകരണത്തോടെ രൂപീകരിച്ചതാണ് കുട്ടനാടിനൊപ്പം എന്ന ക്യാമ്പയിൻ. നാലുദിവസംകൊണ്ട് സന്നദ്ധപ്രവർത്തകരെയും വിദ്യാർത്ഥികളെയും കുട്ടനാട്ടിൽ എത്തിക്കാനായി. 20 മുതൽ 40 വരെയുള്ള സംഘങ്ങളായി പിരിഞ്ഞ് കുട്ടനാട്ടിലെ ഓരോ ക്യാമ്പും സന്ദർശിച്ച് അവർ പ്രതിരോധമരുന്നുകൾ നൽകി. കൂട്ടത്തിൽ ബോധവൽക്കരണ പരിപാടികളും സംഘടിപ്പിച്ചു. ഓരോ ദിവസവും സന്നദ്ധസേവനത്തിനായി ആലപ്പുഴ ബസ് സ്റ്റാൻഡിലെത്തിച്ചേരുന്ന സന്നദ്ധപ്രവർ

**ആ വെല്ലുവിളി ആലപ്പുഴ നേരിട്ടത് അസാധാരണമായ ഒരു കൂട്ടായ്മയിലൂടെയാണ്.**



ദുരിതാശ്വാസപ്രവർത്തന ങ്ങളിൽ ഏർപ്പെട്ട സന്നദ്ധ പ്രവർത്തകർക്ക നിർദ്ദേശങ്ങൾ നൽകുന്നു.

ത്തകരെ ഗ്രൂപ്പതിരിച്ച മുൻകൂട്ടി നിശ്ചയിച്ച പ്രദേശങ്ങളിലേക്കയക്കുകയായിരുന്നു. ഓരോ ക്യാമ്പുകളിലും നടപ്പാക്കേണ്ട പ്രവർത്തനങ്ങളെ ക്കുറിച്ചും നൽകേണ്ട നിർദ്ദേശങ്ങളെക്കുറിച്ചും വിശദീകരിക്കുന്നതു പരിഷത്തിന്റെ യുവസമിതി പ്രവർത്തകരാണ്. സന്നദ്ധപ്രവർത്തകർക്കുള്ള പരിശീലനം നൽകുന്നതും ഇവർതന്നെ. സന്നദ്ധപ്രവർത്തകർക്ക വഴികാട്ടിയതും അവരെ മുൻകൂട്ടി നിശ്ചയിച്ച പ്രദേശങ്ങളിലെത്തിച്ചതും പ്രദേശത്തെക്കുറിച്ച് നല്ല അറിവുള്ള നാവിഗേഷൻ വിഭാഗമാണ്. സന്നദ്ധപ്രവർത്തകർക്കുള്ള ഭക്ഷണമെത്തിച്ചത് സ്നേഹജാലകം ജനകീയ ഭക്ഷണശാലയായിരുന്നു.

പ്രതിരോധ മരുന്നുകൾക്കൊപ്പം അത്യാവശ്യം വേണ്ട മറ്റു മരുന്നുകളും ഒ.ആർ.എസ് പാക്കറ്റുകൾ, ക്ലോറിനേഷൻ ഗുളികകൾ, വളംകടിക്കുള്ള മരുന്നുകൾ എന്നിവയും ക്യാമ്പുകളിലെത്തിച്ചു. 50 കേന്ദ്രങ്ങളിൽ രണ്ടുദിവസങ്ങളിലായി മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിച്ചു. സന്നദ്ധ പ്രവർത്തകർ ഏതു ക്യാമ്പിലേക്കാണ് പോകേണ്ടതെന്നും എങ്ങനെ എത്തിച്ചേരാമെന്നും മൊബൈൽ ആപ്ലിക്കേഷൻ വഴിയാണ് നിശ്ചയിച്ചത്. സുരക്ഷിതമായി അവരെ ക്യാമ്പുകളിലെത്തിക്കാനും തിരികെ കൊണ്ടുവരാനും മൊബൈൽ ആപ്ലിക്കേഷൻ ഉപകരിച്ചു. കാവാലം, വെളിയനാട്, നീലംപേരൂർ, രാമങ്കരി എന്നീ പഞ്ചായത്തുകളിലേക്ക് ആലപ്പുഴയിൽ നിന്ന് എത്തിച്ചേരുന്നതിനു രണ്ടു മണിക്കൂർ സമയമെടുക്കുന്നു. പുളിങ്കുന്ന കേന്ദ്രീകരിച്ച് മറ്റൊരു ഹബ്ബ് രൂപപ്പെടുത്തുകയാണ് പോംവഴി. പ്രവർത്തനങ്ങൾ മേൽനോട്ടം വഹിക്കാൻ പുളിങ്കുന്ന് എഞ്ചിനിയറിംഗ് കോളേജ് പ്രിൻസിപ്പൽ ഡോ. സുനിൽകുമാർ മുന്നോട്ടു വന്നു. കോളേജിലെ എൻ.എസ്.എസിന്റെ സഹായത്തോടെ 100 വിദ്യാർത്ഥികളെ വിവിധ പ്രദേശങ്ങളിലേക്കയച്ചു. ആലപ്പുഴയിലെ ദുരിതാശ്വാസപ്രവർത്തനങ്ങളിൽ പങ്കെടുത്തവരും അതിനു നേതൃത്വം നൽകിയവരും മഹത്തായ മാതൃകയാണ് സൃഷ്ടിച്ചത്.

ശാസ്ത്രീയമായ മാലിന്യനിർമ്മാർജനത്തിനു കിലയുടെ നേതൃത്വത്തിൽ ഐ.ഐ.ടി മുംബൈയുടെ സാങ്കേതിക സഹായത്തോടെ രൂപം കൊടുത്ത ജനകീയ കൂട്ടായ്മയാണ് കാൻആലപ്പി (CANALPY). കുട്ടനാട്ടിലെ ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ അവരുടെ ഇടപെടൽ ശ്രദ്ധേയമായി.

ദുരിതാബാധിതർക്ക സഹായങ്ങൾ കൈമാറുന്നു.



ലേഖകൻ
കില ഡയറക്ടറാണ്



# മാലിന്യങ്ങളില്ലാത്ത അടിമാലി സത്യമായി

**അഴുക്കില്ലാനാട് ഐക്യപ്രവർത്തന ഫലം**

**കെ.എൻ. സഹജൻ**

ഉറവിട മാലിന്യസംസ്കരണവും പ്ലാസ്റ്റിക് ക്യാരിബാഗുകളുടെ നിരോധനവും ഒപ്പം സമഗ്ര ശുചിത്വ സംവിധാനവും ഏർപ്പെടുത്തി ഇടുക്കി ജില്ലയിലെ അടിമാലി ഗ്രാമ പഞ്ചായത്ത് മാതൃകയാവുകയാണ്. ദിനംപ്രതി 5 മുതൽ 10 ടൺ വരെ മാലിന്യം നീക്കം ചെയ്തിരുന്ന പഞ്ചായത്തിൽ ഇപ്പോൾ മാലിന്യങ്ങളൊന്നും നീക്കം ചെയ്യാനില്ല. ആഴ്ചയിൽ ഒന്നോ രണ്ടോ ദിവസം ടൗൺ അടിച്ചുവാരി ലഭിക്കുന്ന തുച്ഛമായ പ്ലാസ്റ്റിക്കും പേപ്പറും സംസ്കരിക്കുന്ന ജോലി മാത്രമാണ് ഇപ്പോഴുള്ളത്. സമസ്ത വിഭാഗം ജനങ്ങളെയും സംഘടനകളെയും രാഷ്ട്രീയ പാർട്ടികളെയും വിശ്വാസത്തിലെടുത്തും കൂടിയാലോചനകൾ നടത്തി മാലിന്യങ്ങൾ അത് ഉത്പാദിപ്പിക്കുന്നവർ തന്നെ സംസ്കരിക്കണം എന്ന ധാരണയിലെത്തിയുമാണ് പഞ്ചായത്ത് ഈ ലക്ഷ്യത്തിലെത്തിയത്.

ഗ്രീൻ അടിമാലി ക്ലീൻ ദേവിയാർ എന്ന സമഗ്രപദ്ധതിയുടെ ഭാഗമായി ഗ്രീൻ പ്രോട്ടോക്കോളും എയ്റോബിക് കമ്പോസ്റ്റും പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റും സ്കൂളുകൾ വഴി പ്ലാസ്റ്റിക് ശേഖരിക്കുന്ന മൈ പ്ലാസ്റ്റിക് പദ്ധതിയും വീടുകൾ വഴി പ്ലാസ്റ്റിക് ശേഖരിക്കുന്ന ഹോം പ്ലാസ്റ്റിക് പദ്ധതിയും വിജയകരമായി നടപ്പിലാക്കി വരുന്നു. പഞ്ചായത്തിലെ ഇതര സ്ഥാപനങ്ങളിൽ നിന്നും യൂസർ ഫീ ഈടാക്കി പ്ലാസ്റ്റിക് അജൈവ വസ്തു ശേഖരണവും നടക്കുന്നു.

പഞ്ചായത്തിൽ എല്ലാ സൗകര്യങ്ങളോടും കൂടി സ്ഥാപിച്ച പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ് നല്ല നിലയിൽ പ്രവർത്തിക്കുന്നു. ബെയിൽ പ്രഷർ യൂണിറ്റ്, ഷ്രെഡിംഗ് മെഷിൻ, എക്സ്ട്രൂഡർ, ഡസ്റ്റ് റിമൂവർ, അഗ്ലോമെഷിൻ എന്നിവയും പ്രവർത്തിച്ച് വരുന്നു.

പഞ്ചായത്ത് ഓഫീസിനോട് ചേർന്ന് സ്ഥാപിച്ചിട്ടുള്ള എയ്റോബിക് കമ്പോസ്റ്റ് വലിയ തോതിൽ ആളുകൾ ഉപയോഗിച്ച് വരുന്നു. പുതിയ മറ്റൊരു എയ്റോബിക് കമ്പോസ്റ്റും പ്രവർത്തന സജ്ജമായി. പഞ്ചായത്തിന്റെ ഇടപെടലുകളുടെ ഭാഗമായി ഇതര സ്ഥാപനങ്ങളും എയ്റോബിക് കമ്പോസ്റ്റ് നിർമ്മിച്ച് വരുന്നു.

ആഴ്ചയിൽ ഒന്നോ രണ്ടോ ദിവസം ടൗൺ അടിച്ചുവാരി ലഭിക്കുന്ന തുച്ഛമായ പ്ലാസ്റ്റിക്കും പേപ്പറും സംസ്കരിക്കുന്ന ജോലി മാത്രമാണ് ഇപ്പോഴുള്ളത്.

ഹരിതകേരളം മിഷൻ




കേരള പഞ്ചായത്ത് രാജ് നിയമം 219 വി, 2016 ലെ കേന്ദ്ര പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂൾസ് എന്നിവ പ്രകാരം പഞ്ചായത്ത് വിശദമായ വിജ്ഞാപനങ്ങൾ പുറപ്പെടുവിക്കുകയുണ്ടായി. 50 മൈക്രോണിൽ താഴെയുള്ള പ്ലാസ്റ്റിക് ക്യാരി ബാഗുകളുടെ നിരോധനം, 50 മൈക്രോണിൽ കൂടുതലുള്ളവ വിൽക്കുന്നവരിൽ നിന്നും പ്രതിമാസം 4000 രൂപ ഫീസ്, വിജ്ഞാപനം ലംഘിക്കുന്നവർക്ക് 5000 രൂപ പിഴ, മാലിന്യ നിക്ഷേപം അറിയിക്കുന്നവർക്ക് 2500 രൂപ വീതം പാരിതോഷികം എന്നിവ വലിയ പ്രതികരണം സൃഷ്ടിച്ചു. വിജ്ഞാപനം ബാധകമായ 2016 ഡിസംബർ ഒന്ന മുതൽ കർശനമായ പരിശോധനയും സാമഗ്രികൾ പിടിച്ചെടുക്കലും തുടർന്ന് പിഴ ഈടാക്കലും നടത്തി. നിരോധിത ബാഗുകളിൽ സാധനങ്ങളുമായി പോയവരിൽ നിന്നും വിവരങ്ങൾ ശേഖരിച്ച് നടപടികൾക്ക് വിധേയരാക്കി. കഴിഞ്ഞ ഒന്നര വർഷമായി പ്ലാസ്റ്റിക് ക്യാരിബാഗുകൾ ഉപയോഗിക്കുകയോ വിൽപ്പന നടത്തുകയോ ചെയ്യുന്നില്ലാത്ത ഏക പഞ്ചായത്താണ് അടിമാലി എന്ന് പറയാൻ ഇന്ന് കഴിയും.

പഞ്ചായത്തിന്റെ 2016-17, 2017-18 വാർഷിക പദ്ധതികളിലായി 1070 കുടുംബങ്ങളിൽ രണ്ട് വീതം റിംഗ് കമ്പോസ്റ്റുകളും 105 കുടുംബങ്ങൾക്ക് ബയോഗ്യാസ് പ്ലാന്റും നൽകി മികച്ച കാമ്പയിനിലൂടെ സമ്പൂർണ്ണ ഉറവിട മാലിന്യസംസ്കരണ ബോധം ജനങ്ങളിൽ വളർത്തി. ടൗൺ കേന്ദ്രീകൃത പ്രദേശങ്ങളിലെ സ്ഥല പരിമിതിയുള്ള വീട്ടുകൾക്കാണ് കൂടുതലായി ഇവ നൽകിയത്. നിലവിലുള്ള എല്ലാ 100 ച. മീറ്ററിനു മുകളിൽ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളിൽ ഖര, ദ്രവ മാലിന്യങ്ങൾ സംസ്കരിക്കുന്നതിനുള്ള മതിയായ ഏതെങ്കിലും സംവിധാനം ആറു മാസത്തിനുള്ളിൽ ഏർപ്പെടുത്തിയിരിക്കണമെന്നും പുതിയതായി നിർമ്മിക്കുന്ന കെട്ടിടങ്ങളിൽ ഇവ നിർബന്ധമായും ഏർപ്പെടുത്തണമെന്നും വിജ്ഞാപനം ചെയ്തു. മഴവെള്ള സംഭരണിയോ കിണർ റീ ചാർജ്ജിംഗോ (ഏതെങ്കിലും ഒന്ന്) ഖര, ദ്രവ മാലിന്യ സംസ്കരണ സംവിധാനങ്ങളോ ഏർപ്പെടുത്തിയാൽ മാത്രമേ പഞ്ചായത്ത് കെട്ടിട നമ്പർ നൽകൂ എന്ന് നിശ്ചയിച്ചു.

മാലിന്യം പൊതു സ്ഥലത്ത് നിക്ഷേപിച്ചത് പോലീസ് സഹായത്തോടെ പരിശോധിച്ച് ഉടമകളെ കണ്ടെത്തി പിഴ ചുമത്തി. ഇതുവരെ പിഴ ഇനത്തിൽ ഒരു ലക്ഷത്തിലധികം രൂപ പഞ്ചായത്ത് ഈടാക്കി. ഡിസ്പോസിബിൾ പ്ലേറ്റ്, തെർമോക്കോൾ പ്ലേറ്റ് തുടങ്ങിയ യാതൊരു വിധ ഡിസ്പോസിബിൾ വസ്തുക്കളും പഞ്ചായത്തിലെ ഓഡിറ്റോറിയങ്ങളിലൊന്നും ഉപയോഗിക്കില്ലെന്ന് അവരുമായി കൂടിയാലോചന നടത്തി ധാരണയിലെത്തി. പൊതു നിരത്തിൽ മാലിന്യം ഇല്ലാതായതോടെ തെരുവ് നായ്ക്കളുടെ എണ്ണവും വളരെ കുറഞ്ഞു.

ഗ്രീൻ അടിമാലി ക്ലീൻ ദേവിയാർ, ഹരിത കേരളം എന്നീ വാട്സ് ആപ് ഗ്രൂപ്പുകൾ രൂപീകരിച്ച് പ്രവർത്തിച്ച് വരുന്നു. പഞ്ചായത്തിന്റെ രണ്ട് ദേശീയ പാതയോരവും പ്ലാസ്റ്റിക് മാലിന്യ രഹിത പാതയായി ബോർഡ് സ്ഥാപിച്ചും പൊതുജന സഹകരണത്തോടെ ഇടപെടൽ നടത്തിയും വലിയ തോതിലെത്തുന്ന ടൂറിസ്റ്റുകളുടെ മാലിന്യ നിക്ഷേപം ഇല്ലാതാക്കി. മാലിന്യം നിക്ഷേപിക്കുന്ന ടൂറിസ്റ്റുകളെയും മറ്റും വാട്സ്ആപ് കൂട്ടായ്മയിലൂടെയും പോലീസ്, ഫോറസ്റ്റ് മറ്റ് ജനവിഭാഗങ്ങൾ എന്നിവരുടെ സഹായത്തോടെയും കണ്ടെത്തി പിഴ ഈടാക്കിയും മാലിന്യം തിരികെ എടുപ്പിച്ചും ബോധവത്കരണവും ലഘുലേഖയും നൽകി ഉപദേശിച്ചും വിടുന്നു. പഞ്ചായത്തിൽ എവിടെയെങ്കിലും മാലിന്യമോ മാലിന്യം നിറച്ച പായ്ക്കറ്റോ കണ്ടാൽ ശക്തമായ ഇടപെടലാണ് പൊതുജനങ്ങൾ നടത്തി വരുന്നത്.

പഞ്ചായത്തിലെ ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും ഫോണിൽ മാലിന്യസംസ്കരണത്തിന്റെയും പ്ലാസ്റ്റിക് നിരോധനത്തിന്റെയും ജൈവ കൃഷിയുടെയും സന്ദേശമുള്ള മനോഹരമായ റിംഗ് ടോൺ സെറ്റ് ചെയ്തു. (9496045012, 9496045013 - കേൾക്കുക) മാലിന്യ സംസ്കരണ ശുചിത്വ സന്ദേശങ്ങൾ ടൗണിലെ പ്രധാന ഭാഗങ്ങളിൽ മനോഹരമായി മതിലെഴുത്ത് നടത്തി.

മികച്ചയിനം തുണി ബാഗുകൾ 40 രൂപ നിരക്കിൽ പ്രാദേശികമായി തയ്ച്ച് പഞ്ചായത്തിന്റെ സന്ദേശവും ലോഗോയും സഹിതം വിവിധ യോഗങ്ങളിലും വ്യാപാര സ്ഥാപനങ്ങളിലും കുടുംബ

കഴിഞ്ഞ ഒന്നര വർഷമായി പ്ലാസ്റ്റിക് ക്യാരിബാഗുകൾ ഉപയോഗിക്കുകയോ വിൽപ്പന നടത്തുകയോ ചെയ്യുന്നില്ലാത്ത ഏക പഞ്ചായത്താണ് അടിമാലി എന്ന് പറയാൻ ഇന്ന് കഴിയും.

ശ്രീ വഴിയും നൽകി വരുന്നു. ടൗണിലെ ഖര മാലിന്യ സംസ്കരണത്തിന് സ്ഥല പരിമിതി യുള്ളവർക്കായി രണ്ടിടത്ത് എയ്റോബിക് കമ്പോസ്റ്റ് സ്ഥാപിച്ചു. ഗ്രീൻ പ്രോട്ടോക്കോൾ പഞ്ചായത്തിലാകെ നടപ്പിലാക്കി.

സമ്പൂർണ്ണ മാലിന്യരഹിത പഞ്ചായത്ത് എന്ന ലക്ഷ്യം കൈവരിച്ചതിനെത്തുടർന്ന് പ്രകൃതി വിഭവങ്ങളെ പുനരുജ്ജീവിപ്പിക്കുന്ന തിനുള്ള പരിശ്രമത്തിലാണ് പഞ്ചായത്ത് ഇപ്പോൾ. ഇതിന്റെ ഭാഗമായി കൃഷി ഭവനോട് ചേർന്ന് കുടുംബശ്രീയുടെ നേതൃത്വത്തിൽ ഒരു ഫലവൃക്ഷ പച്ചക്കറി നഴ്സറി ആരംഭിച്ചു. പഞ്ചാ യത്തിലെ രണ്ട് ദേശീയ പാതയോരങ്ങളിലും (ദേശീയ പാത 85 - 32 കി. മീ, ദേശീയ പാത 85 - 6 കി. മീ) 300 വാളൻ പുളി (സൗജന്യമായി ലഭിച്ചത് - സി. എൻ. ഗോപി ചെറുകുന്നേൽ എന്ന സംസ്ഥാന അവാർഡ് ജേതാവ് നട്ട് വളർത്തി പരിപാലിച്ചത്) യുടെ തൈകൾ കൂട് നി ർമ്മിച്ചും പരിചരണം ഉറപ്പാക്കിയും നട്ട് പരി പാലിച്ച് വരുന്നു. ഇവയുടെ പരിചരണം പ്രദേശത്തെ സ്ഥാപനങ്ങൾ/സംഘടനകൾ/ വീടുകൾ എന്നിവരെ രേഖാമൂലം ഏൽപ്പിക്കും.

പഞ്ചായത്തിന്റെ ഹൃദയഭാഗത്തിലൂടെ 30 കി. മീ ഒഴുകി പെരിയാറിൽ എത്തിച്ചേരുന്ന ദേവിയാർ പുഴ പുനരുജ്ജീവിപ്പിക്കുന്നതിന് ശക്തമായ നടപടികൾ പഞ്ചായത്ത് സ്വീകരി ച്ചു. പുഴയിലെ ചെളിയും മാലിന്യവും കോരിമാ റ്റി. പുഴയിലേക്കുള്ള അഴുക്ക് ചാലുകൾ അടപ്പി ച്ചു. ശുദ്ധമായ ജലം ഒഴുകുന്ന മാലിന്യമില്ലാത്ത പുഴ എന്ന ക്ലീൻ ദേവിയാർ ലക്ഷ്യം ഈ വർഷം പഞ്ചായത്ത് നേടും. സ്മിത മുനിസ്വാമി നേതൃത്വം നൽകുന്ന ഭരണസമിതി കൂട്ടായ തീ രുമാനത്തിലൂടെയാണ് പദ്ധതികളാകെ നടപ്പി ലാക്കുന്നത്.

പഞ്ചായത്തിൽ എവിടെ യെങ്കിലും മാലിന്യമോ മാലിന്യം നിറച്ച പായ്ക്കറ്റോ കണ്ടാൽ ശക്തമായ ഇടപെടലാണ് പൊതുജനങ്ങൾ നടത്തി വരുന്നത്.

*ലേഖകൻ അടിമാലി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയാണ്*

# പഞ്ചായത്ത് എംപ്ലോയീസ് റിക്രിയേഷൻ ക്ലബ്ബ് കാസറഗോഡ് (PERCK)



പഞ്ചായത്ത് ഓഫീസുകളിൽ ജീവിതത്തി ന്റെ സിംഹഭാഗവും ചെലവഴിക്കുന്ന ജീവ നക്കാർക്ക് ഔദ്യോഗികവും അല്ലാതെയുമുള്ള നിരവധി പ്രശ്നങ്ങൾ നിലനിൽക്കുന്ന സാഹ ചര്യത്തിൽ ഓരോരുത്തരിലും അന്തർലീന മായ കഴിവുകളെ പരിപോഷിപ്പിക്കുന്നതിനും തൊഴിൽജന്യ പ്രശ്നങ്ങളെ ക്രിയാത്മകമായി പരിഹരിക്കുന്നതിനും ലക്ഷ്യമിട്ട് കാസറഗോ ഡ് ജില്ലയിലെ പഞ്ചായത്ത് വകുപ്പ് ജീവന ക്കാരുടെ ഒരു ക്ലബ്ബ്, പ്രവർത്തനം ആരംഭിച്ചു.

ക്ലബിന്റെ പ്രവർത്തനോദ്ഘാടനവും അം ഗത്വവിതരണവും ഫുട്ബോൾ മത്സരവും വനി തകൾക്കുള്ള ത്രോബോൾ മത്സരവും 2018 ജൂൺ 29-ന് മുനിസിപ്പൽ സ്റ്റേഡിയത്തിൽ ജില്ലാ കളക്ടർ ജീവൻ ബാബു. ഐ.എ. എസ് ഉദ്ഘാടനം ചെയ്തു. യോഗത്തിൽ ഡെപ്യൂട്ടി ഡയറക്ടർ എൻ. പ്രദീപ് കുമാർ അദ്ധ്യക്ഷത വഹിച്ചു. ക്ലബ്ബ് പ്രസിഡന്റ് കെ. വിനോദ് കുമാർ സെക്രട്ടറി രത്നാകരൻ, സുരേഷ്.ബി.എൻ, കണ്ണൻ നായർ എന്നിവർ സംസാരിച്ചു.

# കില ന്യൂസ്



*തളിപ്പറമ്പ് നിയോജകമണ്ഡലത്തിന്റെ സമഗ്രപുരോഗതി ഉറപ്പുവരുത്തുന്ന സമൃദ്ധി പദ്ധതി സംബന്ധിച്ച ശില്പശാല പ്രിൻസിപ്പൽ സെക്രട്ടറി എം. ശിവശങ്കർ ഉദ്ഘാടനം ചെയ്യുന്നു*

## തളിപ്പറമ്പ് മണ്ഡലത്തിലെ സമൃദ്ധിപദ്ധതി പ്രോജക്ട് രൂപീകരണത്തിനു തുടക്കമായി

തളിപ്പറമ്പ് നിയോജകമണ്ഡലത്തിന്റെ സമഗ്രപുരോഗതിയും സ്വയംപര്യാപ്തതയും ഉറപ്പുവരുത്തുന്ന സമൃദ്ധി പദ്ധതിയുടെ വിശദമായ പ്രോജക്ട് രൂപീകരണത്തിനു തുടക്കമായി. ജനങ്ങളുടെ ജീവിതസുരക്ഷ, കുടിവെള്ള സമൃദ്ധി എന്നിവയാണ് പദ്ധതിയിലൂടെ ലക്ഷ്യമിട്ടന്നത്. കരിമ്പ ഐ.ടി.കെ ഓഡിറ്റോറിയത്തിൽ ചേർന്ന ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും വിഷയ വിദഗ്ദ്ധരുടെയും ദ്വിദിന ശില്പശാലയാണ് സമൃദ്ധിപദ്ധതിയുടെ വിശദമായ പ്രോജക്ട് നിർദ്ദേശങ്ങളുടെ മുൻഗണനാക്രമം നിശ്ചയിച്ചത്. എന്റെ സ്കൂൾ പദ്ധതിക്കു പിന്നാലെ സംസ്ഥാനത്തിന്റെ മുഖച്ഛായ മാറ്റാൻ വഴികാട്ടിയാവുകയാണ് സമൃദ്ധിയിലൂടെ തളിപ്പറമ്പ് മണ്ഡലം.

മണ്ണ്-ജലസംരക്ഷണം, കാർഷികോൽപ്പാദന മേഖല വികസനം, കുടുംബങ്ങളുടെ വരുമാനവർദ്ധന പദ്ധതികൾ, മൃഗസംരക്ഷണം, സാമൂഹ്യവനവൽക്കരണ പ്രവർത്തനങ്ങൾ എന്നീ മുൻഗണനക്രമത്തിലാണ് 176 കോടി രൂപ ചെലവു പ്രതീക്ഷിക്കുന്ന വിശദമായ പ്രോജക്ട് നിർദ്ദേശങ്ങൾ തയ്യാറാക്കുന്നത്. ഇതിലൂടെ കുടുംബങ്ങളുടെ വരുമാന വർദ്ധന സാദ്ധ്യമാകും. ജലസമൃദ്ധി ഉറപ്പുവരുത്തി മൂന്നു വർഷത്തിനകം ടാങ്കറിലൂടെയുള്ള ജലവിതരണം പൂർണ്ണമായും ഒഴിവാക്കും.

വിശദവും അന്തിമവുമായ പ്രോജക്ട് നിർദ്ദേശങ്ങൾ സർക്കാരിനു നല്കും.സംസ്ഥാന സർക്കാരിന്റെ കീഴിൽ നബാർഡിന്റെ നിഡ(നബാർഡ് ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് അസിസ്റ്റൻസ്) പദ്ധതി വഴി തളിപ്പറമ്പ് മണ്ഡലത്തിലെ 104 നീർത്തടങ്ങളെ കൂട്ടിയോജിപ്പിച്ചുകൊണ്ടാണ് ഈ സമഗ്രവികസനപദ്ധതി നടപ്പാക്കുന്നത്.

പ്രിൻസിപ്പൽ സെക്രട്ടറി എം.ശിവശങ്കർ ശില്പശാല ഉദ്ഘാടനം ചെയ്തു. ജെയിംസ് മാത്യു എം.എൽ.എ ആമുഖ പ്രഭാഷണം നടത്തി. കില ഡയറക്ടർ ഡോ.ജോയ് ഇളമൺ, നബാർഡ് എ.ജി.എം.എസ്. നാഗേഷ്, മണ്ണു പര്യവേഷണ വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ പി. ബിജു, ഡോ.സി. ശശിധരൻ എന്നിവർ ചർച്ചകൾക്ക നേതൃത്വം നൽകി.

## സമഗ്രവികസനത്തിനു ട്രാൻസ്ഫോമിംഗ് ആലപ്പാട്

ആലപ്പാട് ഗ്രാമപഞ്ചായത്തിന്റെ സമഗ്രവികസനപദ്ധതി(ട്രാൻസ്ഫോമിംഗ് ആലപ്പാട്)യുമായി ബന്ധപ്പെട്ട് കൊട്ടാരക്കര കില മേഖലാകേന്ദ്രത്തിൽ ദ്വിദിന കൂടിയാലോചന ശില്പശാല സംഘടിപ്പിച്ചു. കില റീജിണൽ ഡയറക്ടറും ജോയിന്റ് ഡെവലപ്മെന്റ് കമ്മീഷണറുമായ കെ. വനജകുമാരി ഉദ്ഘാടനം ചെയ്തു. ഡെപ്യൂട്ടി ഡെവലപ്മെന്റ് കമ്മീഷണർ സി.എസ്. ലതിക ആമുഖപ്രഭാഷണം നടത്തി. ആലപ്പാടിന്റെ വികസന പദ്ധതിയെക്കുറിച്ച് വി.എൻ. ജിതേന്ദ്രൻ ഐ.എ.എസ്(റിട്ട.) വിശദീകരിച്ചു. മുൻ ജോയിന്റ് ഡെവലപ്മെന്റ് കമ്മിഷണർ കെ. ശിവകുമാർ സംസാരിച്ചു.

വിവിധ വിഷയങ്ങളെക്കുറിച്ചു നടന്ന ചർച്ചകൾക്കു മുൻ ചീഫ് സെക്രട്ടറി എസ്.എം. വിജയാനന്ദ്, ജില്ലാ കലക്ടർ ഡോ. എസ്. കാർത്തികേയൻ, കില ഡയറക്ടർ ഡോ.ജോയ് ഇളമൺ, ഡോ. മൊഹമ്മദ് അഷീൽ, എസ്. ഷനിറുദ്ദീൻ, ഐ.ആർ.ടി.സി ഡയറക്ടർ എൻ.കെ. ശശിധരൻ പിള്ള എന്നിവർ നേതൃത്വം നൽകി.

സുനാമിയിൽ ഏറെ നാശനഷ്ടം സംഭവിച്ച കൊല്ലം ജില്ലയിലെ തീരദേശ ഗ്രാമപഞ്ചായത്താണ് ആലപ്പാട്. പഞ്ചായത്തിന്റെ സമഗ്രവികസനമാണ് ശില്പശാലയുടെ ലക്ഷ്യം.

## ഉദ്യോഗസ്ഥർ ഉത്തരവാദിത്തം സമയബന്ധിതമായി നിർവഹിക്കണം: നഗരകാര്യവകുപ്പ് ഡയറക്ടർ

ഉദ്യോഗസ്ഥർ തങ്ങളുടെ ഉത്തരവാദിത്തം സമയബന്ധിതമായി നിർവഹിക്കണമെന്ന് നഗരകാര്യവകുപ്പ് ഡയറക്ടർ ആർ. ഗിരിജ ഐ.എ.എസ്. കോർപ്പറേഷനുകളിലെ വാർഷിക പദ്ധതിയുമായി ബന്ധപ്പെട്ട് നിർവഹണ ഉദ്യോഗസ്ഥർക്കുള്ള ഏകദിന പരിശീലനപരിപാടി കിലയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അവർ. ഗുണഭോക്തൃലിസ്റ്റ് പലയിടത്തും ഇനിയും പൂർത്തിയാക്കാനായിട്ടില്ല. കശാപ്പുശാലകളുടെ ശോച്യാവസ്ഥ പരിഹരിക്കാൻ ആധുനിക സംവിധാനം ഏർപ്പെടുത്തണമെന്നും അവർ നിർദ്ദേശിച്ചു.



*കോർപ്പറേഷനുകളിലെ വാർഷിക പദ്ധതിയുമായി ബന്ധപ്പെട്ട് നിർവഹണ ഉദ്യോഗസ്ഥർക്കുള്ള ഏകദിന പരിശീലനപരിപാടി നഗരകാര്യവകുപ്പ് ഡയറക്ടർ ആർ. ഗിരിജ ഐ.എ.എസ് ഉദ്ഘാടനം ചെയ്യുന്നു.*

ജില്ലകളിലുള്ളവർക്ക കില കേന്ദ്രത്തിൽ നിന്നാണ് പരിശീലനം നൽകിയത്. ശേഷിക്കുന്ന ജില്ലകൾക്ക തിരുവനന്തപുരത്തെ സ്വരാജ് ഓഡിറ്റോറിയമായിരുന്ന പരിശീലനകേന്ദ്രം.



പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസുകൾ ഐ.എസ്.ഒ നിലവാരത്തിലാക്കുന്നതിന്റെ ഭാഗമായി സംഘടിപ്പിച്ച ഏകദിന ശില്പശാല.

## ഹരിതകേരളം മിഷൻ: ഏകദിന ശില്പശാല

ഹരിത കേരളം മിഷൻ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് തൃശ്ശൂർ ജില്ലയിലെ തദ്ദേശഭരണസ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർക്കുള്ള ഏകദിന ശില്പശാല കിലയിൽ ജില്ല പഞ്ചായത്ത് പ്രസിഡന്റ് മേരി തോമസ് ഉദ്ഘാടനം ചെയ്തു. മിഷന്റെ പ്രവർത്തനങ്ങൾക്ക ഉദ്യോഗസ്ഥരുടെ സഹകരണം അത്യാവശ്യമാണെന്ന ഉദ്ഘാടനപ്രസംഗത്തിൽ മേരി തോമസ് പറഞ്ഞു. ശുചിത്വ-മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക മുൻഗണന നൽകണം. ജില്ലാപദ്ധതിയായ ജലരക്ഷ ജീവരക്ഷാ പദ്ധതിക്ക സർക്കാരിന്റെ അനുമതി ലഭിച്ചുകഴിഞ്ഞുവെന്നും അവർ അറിയിച്ചു.

## ഡി.ഡി.പി ഓഫീസുകൾ ഐ.എസ്.ഒ നിലവാരത്തിലേക്ക്

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസുകളിൽ ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റിലൂടെ (ടി.ക്യു.എം) ഐ.എസ്.ഒ 9001: 2015 നടപ്പിലാക്കുന്നതിന്റെ ഭാഗമായുള്ള ആദ്യത്തെ സംസ്ഥാനതല ഏകദിന ശില്പശാല കിലയിൽ സംഘടിപ്പിച്ചു. ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റിന്റെ ആവശ്യകത, ടി.ക്യു.എം തത്വങ്ങൾ, ഡി.ഡി.പി. ഓഫീസുകളിൽ നടപ്പിലാക്കുന്ന രീതി, ഐ.എസ്.ഒ സർട്ടിഫിക്കേഷനുള്ള കർമ്മപരിപാടി തയ്യാറാക്കൽ, ടി.ക്യു.എമ്മിന്റെ പഞ്ചായത്തുതല പ്രവർത്തനം തുടങ്ങിയ വിഷയങ്ങളെ അടിസ്ഥാനപ്പെടുത്തിയായിരുന്ന ശില്പശാല.

പതിനാല് ജില്ലകളിൽനിന്നുള്ള പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാരും പഞ്ചായത്ത് ഡയറക്ടറേറ്റിലെ പ്രതിനിധികളുമാണ് ശില്പശാലയിൽ പങ്കെടുത്തത്.




ഹരിത കേരളം മിഷൻ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ഏകദിന ശില്പശാല തൃശ്ശൂർ ജില്ല പഞ്ചായത്ത് പ്രസിഡന്റ് മേരി തോമസ് ഉദ്ഘാടനം ചെയ്യുന്നു

## പദ്ധതിനിർവഹണം: വെർച്ച്വൽ ക്ലാസ്സ്റൂം പരിശീലനം പൂർത്തിയായി

നടപ്പുവർഷത്തെ (2018-19) പദ്ധതി രൂപീകരണവും നിർവഹണവും നൂറുശതമാനം ഗുണമേന്മയോടെ നടപ്പിലാക്കുന്നതിന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും വെർച്ച്വൽ ക്ലാസ്സ് റൂം വഴി നൽകിവന്ന പരിശീലനം പൂർത്തിയായി. തൃശ്ശൂർ മുതൽ കണ്ണൂർ വരെയുള്ള ഏഴ

## ഭൂട്ടാനിൽനിന്നുള്ള രണ്ടാമത്തെ സംഘം കിലയിൽ

പെർഫോർമൻസ് മാനേജ്മെന്റ് വിഷയത്തിൽ പരിശീലനത്തിനായി ഭൂട്ടാനിൽ നിന്നുള്ള രണ്ടാമത്തെ സംഘം കിലയിലെത്തി. ഭൂട്ടാൻ സെക്രട്ടേറിയറ്റിലെയും വിവിധ മന്ത്രാലയങ്ങളിലെയും ഉദ്യോഗസ്ഥർ, പ്ലാനിംഗ് ഓഫീസർമാർ എന്നിവരടങ്ങുന്ന സംഘത്തിൽ പതിനെട്ടുപേരുണ്ടായിരുന്നു. അഞ്ചുദിവസത്തെ പരിശീലനപരിപാടിയുടെ ഉദ്ഘാടനച്ചടങ്ങിൽ കില ഡയറക്ടർ ജോയ് ഇളമൺ, കില പ്രൊഫ. ഡോ. സണ്ണി ജോർജ്, ഡോ.ജെ.ബി. രാജൻ, പ്രൊഫ. ടി.രാഘവൻ എന്നിവർ സംബന്ധിച്ചു. സന്ദർശനസംഘം വലപ്പാട് ഗ്രാമപഞ്ചായത്തും സന്ദർശിച്ചു.



ഭൂട്ടാനിൽനിന്നുള്ള രണ്ടാമത്തെ സംഘത്തിന കിലയിൽ സംഘടിപ്പിച്ച പരിശീലനപരിപാടി

# വാർത്തകൾ വിശേഷങ്ങൾ

### പെൻഷൻ മാനദണ്ഡങ്ങളിൽ ഭേദഗതി

നിലവിൽ സാമൂഹ്യസുരക്ഷാ പെൻഷൻ വാങ്ങുന്നവരുടെ അർഹതാ മാനദണ്ഡങ്ങളിൽ ഭേദഗതി വരുത്തി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. ഇതുപ്രകാരം 1000 സിസിയിൽ കൂടുതൽ എഞ്ചിൻ കപ്പാസിറ്റിയുള്ള ടാക്സിയല്ലാത്ത 4 ചക്രവാഹനങ്ങൾ സ്വന്തമായുള്ള (അംബാസിഡർ കാർ ഒഴികെ) ഗുണഭോക്താക്കൾക്കും 4 ചക്രത്തിൽ കൂടുതൽ ചക്രങ്ങളുള്ള വാഹനങ്ങളുടെ (ലോറി, ബസ്, ടെംബോ ട്രാവലർ തുടങ്ങിയവ) ഉടമകൾക്കും സാമൂഹ്യ സുരക്ഷാ പെൻഷൻ തുടർന്ന് ലഭിക്കാൻ അർഹതയില്ല. മരണപ്പെട്ട ഗുണഭോക്താക്കളെ സാമൂഹ്യസുരക്ഷാ പെൻഷൻ ഡേറ്റാബേസിൽ നിന്നും അടിയന്തരമായി ഒഴിവാക്കാനും ഇത്തരത്തിൽ സർക്കാരിനെ കബളിപ്പിച്ച് അനർഹമായി തട്ടിയെടുത്ത തുക അനന്തരാവകാശികളിൽനിന്ന് തിരിച്ചുപിടിച്ച് സർക്കാരിൽ മുതൽക്കൂട്ടുവാനും തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിമാർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

(സ.ഉ.(എം.എസ്)നം. 278/2018/ധന, തീയതി 03.08.2018)

### ARTCO നോഡൽ ഏജൻസി

'ആർട്ട്കോ'യിലെ ഉല്പന്നങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വാങ്ങുന്നതിന് അനുമതി നല്കിയും തദ്ദേശ സ്ഥാപനങ്ങളിലെ ഫർണിഷിംഗ് പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിന് ARTCO യെ നോഡൽ ഏജൻസിയായും അംഗീകരിച്ച് ഉത്തരവായി.

(സ.ഉ.(സാധാ)നം. 2092/2018/തസ്വഭവ,തീയതി 01.08.2018)

### ലൈറ്റുകൾ ഗ്രാമകിരണത്തിൽ നിന്നും വാങ്ങാം

കാസർഗോഡ് ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പിലിക്കോട് ഗ്രാമകിരണം സ്ട്രീറ്റ് ലൈറ്റ് & എൽ.ഇ.ഡി. നിർമ്മാണ യൂണിറ്റിൽനിന്നും സ്ട്രീറ്റ് ലൈറ്റും എൽ.ഇ.ഡി. ബൾബുകളും വാങ്ങുന്നതിന് അനുമതി നൽകി സർക്കാർ ഉത്തരവായി. വാങ്ങുന്ന ഉല്പന്നത്തിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് സർക്കാർ എഞ്ചിനീയറിംഗ് കോളേജിലെ ഇലക്ട്രിക്കൽ വിഭാഗത്തിന്റെ സാക്ഷ്യപത്രം വാങ്ങേണ്ടതാണ്.

(സ.ഉ.(സാധാ)നം. 2111/2018/തസ്വഭവ, തീയതി 01.08.2018)

### അക്രഡിറ്റഡ് ഏജൻസികളുടെ നിർമ്മാണ പ്രവൃത്തികളുടെ മൂല്യനിർണ്ണയം

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അക്രഡിറ്റഡ് ഏജൻസികൾ വഴി നടപ്പാക്കുന്ന നിർമ്മാണ പ്രവൃത്തികളുടെ സൂപ്പർ വിഷൻ, മെഷർമെന്റ്, ചെക്ക് മെഷർമെന്റ് എന്നിവ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആവശ്യപ്പെടുന്ന പക്ഷം തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗം ചെയ്തു നല്കേണ്ടതാണ്.

(സർക്കുലർ നം.എ.സി.3/163/2017/തസ്വഭവ,തീയതി 01.08.2016)

### വാർഷികപദ്ധതി ഭേദഗതിക്ക് ക്രമീകരണം ഏർപ്പെടുത്തി

വാർഷിക പദ്ധതി ഭേദഗതിക്ക് ജില്ല ആസൂത്രണ സമിതി സെക്രട്ടറിയേറ്റിൽനിന്ന് അനുമതി വാങ്ങുകയും തിരികെ ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിക്കാൻ കഴിയാത്തതുമായ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ക്രമീകരണം ഏർപ്പെടുത്തി സർക്കുലർ പുറപ്പെടുവിച്ചു.

(സർക്കുലർ നം. ഡി.എ1/558/2018/തസ്വഭവ 1, തീയതി 30.07.2018)

### മഴക്കാലക്കെടുതി - തുക ചെലവഴിക്കുന്നതിന് യഥേഷ്ടാനുമതി

മഴക്കാല ദുരിതാശ്വാസ പ്രവർത്തനത്തിന്റെ ഭാഗമായി ദുരിതബാധിത പ്രദേശങ്ങളിൽ ഗുരുതരമായ സാംക്രമിക രോഗങ്ങൾ, പകർച്ച വ്യാധികൾ എന്നിവ തടയുന്നതിന് ശുചീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിന് ആവശ്യമായ തുക ചെലവിടുന്നതിന് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് യഥേഷ്ടാനുമതി നല്കിക്കൊണ്ടും തനതുഫണ്ടിൽ ആവശ്യമായ തുക ലഭ്യമല്ലാത്ത തദ്ദേശസ്ഥാപനങ്ങൾക്ക് ജില്ലാ കളക്ടറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ മൂന്നു ലക്ഷം രൂപ വരെ അനുവദിക്കുന്നതിനും അനുമതി നല്കി ഉത്തരവ് പുറപ്പെടുവിച്ചു.

(സ.ഉ.(സാധാ) നം. 2047/2018/തസ്വഭവ, തീയതി 26.07.2018)

### പഞ്ചായത്ത് വകുപ്പിൽ സദ്ഭരണം ഉറപ്പാക്കുന്നതിന് മാർഗ്ഗനിർദ്ദേശങ്ങൾ

പഞ്ചായത്ത് വകുപ്പിൽ നിന്നും പൊതുജനങ്ങൾക്ക് കൃത്യമായ സേവനം ലഭിക്കുന്നതിനും വകുപ്പിലെ എല്ലാ ആഫീസുകളിലും സദ്ഭരണം ഉറപ്പാക്കി ജനകീയ പഞ്ചായത്ത് എന്ന സമ്പൂർണ്ണ ലക്ഷ്യം കൈവരിക്കുന്നതിനുമായി മാർഗ്ഗനിർദ്ദേശങ്ങൾ പഞ്ചായത്ത് ഡയറക്ടർ പുറപ്പെടുവിച്ചു.

(സർക്കുലർ നംപർ. ഡി3/25337/2018/CRU(DP)PAN, തീയതി 18.07.2018)

**തദ്ദേശസ്വയംഭരണവകുപ്പുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ, സർക്കുലറുകൾ ഗസറ്റ് വിജ്ഞാപനങ്ങൾ എന്നിവയുടെ പൂർണരൂപം www.lsgkerala.gov.in, www.dop.lsgkerala.gov.in എന്നീ വെബ്സൈറ്റുകളിൽ ലഭ്യമാണ്**



# ഊഞ്ഞാൽ

**ഗിരീഷ് പുലിയൂർ**

കാട്ടിലെ വള്ളി പിരിച്ചുണ്ടാക്കിയൊ
രുക്കനൊരൂഞ്ഞാലാടുന്നു
അപ്പുറമിപ്പുറമതു കെട്ടാൻ തല
പൊക്കിയ തെങ്ങു കുലുങ്ങുന്നു
തൊണ്ടലുവെട്ടിക്കേറിയ ചന്ദ്രൻ
മണ്ടയിലേയ്ക്കു കുതിക്കുന്നു
താഴോട്ടാഞ്ഞിട്ടുമോലത്തുമ്പല
ചുണ്ടുകൾ ചേർത്തു കടിക്കുന്നു
കണ്ടവരൊക്കെയുമാർപ്പുംവിളിയും
കൊണ്ടോണത്തിനെ വരവേറ്റു
അങ്ങനെവന്നൊരു ചിങ്ങത്തോണ്ടോ
ണത്തിനു തിത്തൈ തരികിട തോം

പൂക്കല പൂക്കുലനുള്ളാൻ തെറ്റിയ
വല്ലം നിറയ്ക്കുണതാരെല്ലാം
കാക്കപ്പൂവും ഹാര ജമന്തിയു
മക്കരയിക്കര തെച്ചിപ്പൂ
ചിങ്ങനിലാവുനനയ്ക്കും കിങ്ങിണി
കദളിപ്പൂങ്കണ്ണാന്തളിയും
ആടിയുലഞ്ഞെത്തും പൂമ്പാറ്റ -
യ്ക്കാടകൾ ചാർത്തും ചാമ്പപ്പൂ
രാമൻ വിരലുവരക്കുറി ചാർത്തിയ
മൂവന്തിപ്പൂവരളിപ്പൂ
കണ്ടവരുണ്ടോയിന്നവരെക്കണി
കാണാൻ തിത്തൈ തരികിട തോം

വിത്തിനു കാത്തു കിടക്കുംപാട -
ത്തന്തിവരെക്കളിയാർപ്പുവിളി
കൊറ്റിനു കറ്റമെതിച്ചവരവരുടെ
മക്കളുമൊന്നിച്ചാന കളി
ചിത്തിര പാട്ടും കൊച്ചുവരമ്പിൽ
കരിയിലമാടൻ കൂക്കിവിളി
പീച്ചാം കുഴലും പപ്പടവളയും
ചാർത്തിയ ചിങ്ങത്തേരു വലി
പൊട്ടുംപൊടിയുംതൊട്ടുടചാർത്തിയ
പൊട്ടൻ കോലക്കുതിരകളി
എത്തറവട്ടം തപ്പും താളവു
മിട്ടവർ തിത്തൈ തരികിട തോം

കാലം മാറിപ്പോയെന്നാരോ
കാതിൽ പറയണ കാലത്തും
കാണുന്നെവിടെയുമിന്നെൻ നാട്ടിൽ
പുതുതലമുറയുടെ പൊന്നോണം
കയ്യിൽ"ച്ചുണ്ടെലി"കാതിലിയർഫോൺ
മെയ്യിലിരമ്പുമലങ്കാരം
മടിയിലിരിക്കും റ്റാബിൽ നിരന്നിട്ടു
മെമ്മെമ്മസ്സിൻ പൊടിപൂരം
വാട്സാപ്പും നൂറാപ്പുകൾ വേറെയു
മോണച്ചാനൽപ്പകിടകളി
തലമുറകൾക്കുള്ളന്തരമവരുടെ
തലയിലെഴുത്തായില്ലല്ലോ!

(ഫോൺ: 9447388170)

# ഓണം – ഒരുമയുടെ പൊലിമ

**വട്ടപ്പറമ്പിൽ പീതാംബരൻ**

ചിങ്ങം പിറന്നു. പ്രകൃതി കൺതുറന്നു. പൂക്കൾ പുഞ്ചിരി തൂകി. മലയാളികളുടെ മനസ്സുണർന്നു.

ഓണം വരവായി. ഓണം! മലയാളിയുടെ മോഹങ്ങളുടെ സ്വപ്നം! ഓണം! ഒരുമയുടെ സന്ദേശം വിളംബരം ചെയ്യുന്ന ഉത്സവം. ഓണത്തിനു ജാതിയില്ല; മതമില്ല; വലുപ്പച്ചെറുപ്പമില്ല. സന്തോഷത്തിന്റെയും സാഹോദര്യത്തിന്റെയും സ്നേഹത്തിന്റെയും സഹകരണത്തിന്റെയും പ്രതീകമാണ് ഓണം. ഓണം വിശ്വാസമല്ല; ഒരുമയുടെ യാഥാർത്ഥ്യമാണ്, അദ്ധ്വാനത്തിന്റെ അടയാളമാണ്. ലോകത്തിലെ എല്ലാ നന്മകൾക്കും പിന്നിലുള്ള ശക്തി, ഒരുമയുടെയും അദ്ധ്വാനത്തിന്റെയും കൂടിച്ചേരലിൽ നിന്നാണ് ഉരുവം കൊണ്ടിട്ടുള്ളത്.

പുരാണവുമായി ബന്ധമുള്ള ഒരു ഐതിഹ്യകഥയാണ് മാവേലിചരിതം. ഓണവുമായി ബന്ധപ്പെട്ട് മറ്റുപല ഐതിഹ്യങ്ങളും നിലവിലുണ്ടെങ്കിലും ഓണം മലയാളികളുടെ വിളവെടുപ്പുത്സവമാണെന്നതാണ് യാഥാർത്ഥ്യം.

മലയാളികൾക്ക് എല്ലാ മാസങ്ങളിലും കാർഷികവൃത്തിയുമായി ബന്ധപ്പെട്ട് നിരവധി ആഘോഷങ്ങളുണ്ട്. കാർത്തികയും വിഷുവും ഞാറ്റുവേലയും തിരുവാതിരയും ദീപാവലിയും ഉച്ചാരയും തുടങ്ങി മണ്ണും കൃഷിയും പ്രകൃതിയുമായി ബന്ധപ്പെട്ട ആഘോഷങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ട കാർഷികോത്സവമാണ് ഓണം.

ഓണം സ്ഥിതിസമത്വചിന്തയുടെ ആഘോഷമാണ്. "മാനുഷരെല്ലാരുമൊന്നുപോലെ" എന്ന സ്വപ്ന സാക്ഷാത്കാരത്തിനു വേണ്ടിയുള്ള ഒരുമയുടെ ആഘോഷമാണ് ഓണം. ഒരു ദേശത്തെ മുഴുവൻ ജനതയും ജാതിവ്യത്യാസമില്ലാതെ ഒരുമിച്ചുചേർന്ന്, സന്തോഷത്തോടെ ആടിയും പാടിയും ആർത്തുവിളിച്ചും സൗഹൃദം പങ്കിട്ട് ഒരുമയുടെ സന്ദേശം വിളംബരം ചെയ്യുന്ന, കേരളത്തനിമയും മഹിമയും നിറഞ്ഞ ആഘോഷമാണ് ഓണം.

ഓണം ഒരുമയുടെ ആഘോഷമാണ്. ഓണപ്പൂക്കൾ തേടിയുള്ള യാത്ര, ഓണപ്പൂക്കളനിർമ്മാണം, ഊഞ്ഞാലാട്ടം, ഓണക്കാഴ്ച, ഓണസമ്മാനം, ഓണസദ്യ, ഓണക്കളികൾ തുടങ്ങി ഓണവുമായി ബന്ധപ്പെട്ട എല്ലാ ചടങ്ങുകളിലും മിന്നിത്തിളങ്ങുന്നത് പച്ചമനുഷ്യന്റെ ഒരുമയാണ്. മനുഷ്യന്റെ ഒരുമയാണ് മതങ്ങൾ ഭയക്കുന്നത്.

പൂക്കൂടകളുമേന്തി പൂവിളിപ്പാട്ടുകളും ആർപ്പുവിളികളുമായി കാടും മേടും താണ്ടി പൂക്കൾ തേടിപ്പോകുന്ന കുട്ടികളിൽ കാണുന്നത് വർണ്ണവർഗ്ഗ വ്യത്യാസമില്ലാത്ത മനുഷ്യവർഗ്ഗത്തിന്റെ ഒരുമയാണ്. മാനുഷരെല്ലാരും ഒന്നാണ് എന്ന സന്ദേശമാണ് അത് ഉത്ഘോഷിക്കുന്നത്.

ചെമപ്പും മഞ്ഞയും വെള്ളയും നീലയും നിറങ്ങളും പല ആകൃതിയും പല വലുപ്പവും വ്യത്യസ്ത മണങ്ങളുമുള്ള പൂക്കൾ സമന്വയിപ്പിച്ച് എല്ലാ കുട്ടികളും ഒരുമിച്ച് ചേർന്ന് ഒരുക്കുന്നത് ഒരുമയുടെ പൂക്കളങ്ങളാണ്.

കയ്പ്പും മധുരവും എരിവും പുളിപ്പും കലർന്ന ഭിന്ന രുചികളും നിറങ്ങളും കലർന്ന കറികളും ഭിന്നവിഭവങ്ങളും ഒത്തുചേരുന്ന ഓണസദ്യയും ഒരുമയാണ് നമ്മെ ബോധ്യപ്പെടുത്തുന്നത്.

ഊഞ്ഞാലാട്ടം, തുമ്പിതുള്ളൽ, പുലികളി, കൈകൊട്ടിക്കളി, ഓണപ്പൊട്ടൻ തുടങ്ങിയ ഓണക്കളികളിലും ഓണക്കാഴ്ച, ഓണസമ്മാനവിതരണം തുടങ്ങിയ ഓണച്ചടങ്ങുകളിലുമൊക്കെ ദൃശ്യമാകുന്നത് ആബാലവൃദ്ധം ജനങ്ങളുടെയും ജാതിമതചിന്തകൾക്കതീതമായ സ്നേഹത്തിന്റെയും സാഹോദര്യത്തിന്റെയും ഒരുമ തന്നെയാണ്.



എല്ലാ മതവിഭാഗങ്ങളിലുംപെട്ടവരും അല്ലാത്തവരുമായ മുഴുവൻ ജനവിഭാഗങ്ങളും ആഘോഷിച്ചുവരുന്നതും ഒരുമയുടെ സന്ദേശം വിളംബരം ചെയ്യുന്നതുമായ - സമത്വത്തിന്റെയും സാഹോദര്യത്തിന്റെയും സൗഹൃദത്തിന്റെയും മഹത്തായ മാതൃകയായ ഓണം മാലോകർക്ക് മലയാളമണ്ണിന്റെ മഹത് സന്ദേശം പകരുന്നു.

(ഫോൺ: 9446479576)



# മഹാബലി ചരിതം

**വെള്ളനാട് രാമചന്ദ്രൻ**

*മാവേലി നാടു വാണീടും കാലം*
*മാനുഷരെല്ലാരുമൊന്നുപോലെ*

ഈ വരികൾ ഒന്നു പാടിക്കേൾക്കാത്തവരോ വെറുതെ ഒന്നു മൂളാത്തവരോ മലയാളത്തിൽ അപൂർവ്വമായിരിക്കും. ഊഞ്ഞാൽപ്പാട്ടായും കൈകൊട്ടിക്കളിപ്പാട്ടായും പലപ്പോഴും ഈ വരികൾ പ്രത്യക്ഷപ്പെടാറുണ്ട്. ഈ ജനകീയ ഗാഥ നാടൻപാട്ടു ശാഖയിൽ ഉൾപ്പെട്ടതാണെന്ന ധാരണ പൊതുവെയുണ്ടെങ്കിലും പതിനേഴോ പതിനെട്ടോ നൂറ്റാണ്ടിൽ ജീവിച്ചിരുന്ന അജ്ഞാതനാമാവായ ഒരു കവി രചിച്ച മഹാബലി ചരിതമെന്ന കിളിപ്പാട്ടു കാവ്യമാണെന്നതാണ് സത്യം. അഞ്ഞൂറ്റിപ്പതിനാറു വരികളുള്ള ഈ കാവ്യത്തിൽ മഹാബലി മന്നൻ സമ്പൽ സമൃദ്ധിയോടുകൂടി കേരളം ഭരിക്കുന്നതും വാമന രൂപമെടുത്ത മഹാവിഷ്ണു മൂന്നടി ഭൂമി ചോദിച്ചെത്തുന്നതും തുടർന്ന് വിരാട് രൂപം പൂണ്ട് മഹാബലി ചക്രവർത്തിയെ പാതാളത്തിലേക്ക് ചവിട്ടിത്താഴ്ത്തുന്നതും തന്നെയാണ് കഥാതന്തു.

തൃക്കാക്കര ക്ഷേത്രത്തിൽ നിന്നും വരുന്ന കിളി നാരദൻ ചൊല്ലിക്കേട്ട മഹാബലി കഥയെ പുനരവതരിപ്പിക്കുകയാണ് മഹാബലി ചരിതത്തിലൂടെ. തൃക്കാക്കര മഹാദേവന്റെ ലീലകൾ ആമുഖമായി അവതരിപ്പിച്ചു കൊണ്ടാണ് കാവ്യം ആരംഭിക്കുന്നത്. മഹാബലി ചക്രവർത്തിയാണ് തൃക്കാക്കരയിൽ ഓണാഘോഷം തുടങ്ങിവച്ചത് എന്ന സൂചനയും കവി തരുന്നുണ്ട്.

മാധവനാൽ നിഷ്കാസിതനായ ശേഷം മലയാളക്കരയ്ക്ക് സംഭവിച്ച ദുര്യോഗങ്ങളെക്കുറിച്ച് വിലപിക്കുന്ന പ്രജാവത്സലനായ ഒരു ഭരണാധികാരിയെയാണ് നാം മഹാബലി ചരിതത്തിൽ കാണുന്നത്.

*എന്നുടെ ഭൂമിയടക്കം വാങ്ങി*
*ഞാനങ്ങുപേക്ഷിച്ചുപോയ ശേഷം*
*മാനുഷരൊക്കെ വലഞ്ഞുപോയി*

തന്റെ നാടിനെയും നാട്ടാരെയുമോർത്ത് വേപഥുപൂണ്ട മാവേലിക്ക് മഹാവിഷ്ണു അനുവദിച്ചുകൊടുത്ത സൗജന്യം ഇങ്ങനെ

*കാലമൊരാണ്ടിലൊരു ദിവസം*
*മാനുഷരെ വന്നു കണ്ടുകൊൾവിൻ*

കള്ളവും ചതിയുമൊന്നുമില്ലാത്ത സമത്വസുന്ദരമായ ഒരു കേരളത്തെക്കുറിച്ചുള്ള സ്വപ്നം, കാവ്യരചനാകാലത്ത് കേരളത്തിൽ നിലവിലിരിക്കുന്ന വിപരീത പരിതസ്ഥിതിയാണെന്ന് കരുതേണ്ടിയിരിക്കുന്നു. അയിത്താചാരങ്ങളും പട്ടിണി മരണങ്ങളും നടമാടിയിരുന്ന ഫ്യൂഡൽ വാഴ്ചകാലത്ത് ഇത്തരമൊരു സോഷ്യലിസ്റ്റാശയം കാവ്യത്തിലൂടെ കോറിയിട്ട അജ്ഞാതകവിയുടെ ധൈര്യവും സ്ഥൈര്യവും പ്രകീർത്തിക്കപ്പെടേണ്ടതുതന്നെ. അതു മാത്രമല്ല തന്റെ ഈരടികൾക്ക് കാലദേശങ്ങൾക്കനുസരിച്ച് മാറ്റം വരുത്തുവാനുള്ള സ്വാതന്ത്ര്യവും കവി അനുവാചകർക്ക് നല്കുന്നുണ്ട്.

*വിദ്യയില്ലാത്തവർ ചൊല്ലും നേരം*
*വിദ്വാൻമാർ കണ്ടതിൽ കുറ്റം തീർപ്പിൻ*

(ഫോൺ: 9495828585)



# പൂവിളി പൂവിളി... പൊന്നോണമായി

**എൻ.പി. മുരളീകൃഷ്ണൻ**

സമൃദ്ധമായ കാർഷിക സംസ്കാരത്തിന്റെയും വിളവെടുപ്പ് കാലത്തിന്റെയും സുന്ദരമായ ഓർമപ്പെടുത്തലാണ് മലയാളിക്ക് ഓരോ ഓണക്കാലവും. കേരളത്തിന്റെ കാർഷിക സംസ്കാരം നഷ്ടമായെങ്കിലും പഞ്ഞമാസമായ കർക്കിടകത്തിനു ശേഷം കടന്നുവരുന്ന കൊയ്ത്തിന്റെയും സമൃദ്ധിയുടെയും കാലത്തെ ഇന്നും ഗൃഹാതുരതയോടെ ഓർക്കാൻ മലയാളിക്ക് ഇഷ്ടമാണ്. ഗൃഹാതുരതയിലേക്കുള്ള അവരുടെ ഈ നോട്ടങ്ങൾ കലകളിലൂടെയും സാഹിത്യത്തിലൂടെയുമെല്ലാം നിരന്തരം സംഭവിച്ചുപോരുന്നുണ്ട്. അങ്ങനെയാണ് പോയ കാലത്തിന്റെ നന്മകളെ ഓർത്തെടുക്കുന്ന ഓണപ്പാട്ടുകൾക്ക് വലിയ പ്രചാരമുണ്ടായത്.

മലയാള സിനിമയിൽ ചിത്രീകരിച്ചിട്ടുള്ള ഓണവും ഇത്തരത്തിൽ ബന്ധങ്ങളുടെ കൂടിച്ചേരലിനെയും ഇഴയടുപ്പത്തെയും കാണിക്കാനാണ് ശ്രദ്ധിച്ചിട്ടുള്ളത്. ഓണം കേന്ദ്ര പ്രമേയമായിട്ടുള്ള സിനിമകളെക്കാൾ കഥയിൽ ഓണം കടന്നുവരുന്ന സിനിമകളാണ് ഏറെയും സംഭവിച്ചിട്ടുള്ളത്. ജനിച്ച തറവാട്ടിൽ ഓണക്കാലത്തുള്ള ഒത്തുചേരലും ദൂരദിക്കുകളിൽ നിന്ന് ഓണനാളിൽ വീട്ടിലേക്കുള്ള മടങ്ങിവരവും ഒന്നിച്ചിരുന്നുണ്ണുന്ന തിരുവോണ സദ്യയും ഒന്നിച്ചൊരുക്കുന്ന പൂക്കളവുമെല്ലാം സിനിമയുടെ ഫ്രെയിമിൽ ആവർത്തിച്ചുവരാൻ മലയാളി ചലച്ചിത്രകാരന്മാർ ശ്രദ്ധിക്കാറുണ്ട്. മലയാള സിനിമയുടെ തുടക്കകാലം മുതൽക്കുള്ള ഈ പതിവ് ഇപ്പൊഴും തുടർന്നുപോരുന്നു. മലയാളി കെടാതെ സൂക്ഷിച്ചുപോരുന്ന ഗൃഹാതുരതയാണ് ഇതിനു കാരണമായിട്ടുള്ളത്.

ഓണം കേരളത്തിന്റെ കാർഷിക സംസ്കൃതിയുമായി ബന്ധപ്പെട്ട ആഘോഷമാണെങ്കിലും ഓണത്തെ പുരാണവുമായി ബന്ധപ്പെടുത്തിയുള്ള മഹാബലിക്കഥയെ 'മഹാബലി' എന്ന പേരിൽ തന്നെ സിനിമയാക്കിയത് ജെ.ശശികുമാറാണ്. പഴനി സ്വാമിയാണ് ഈ പുരാണ ഐതിഹ്യ സിനിമയ്ക്ക് തിരക്കഥയൊരുക്കിയത്. പ്രേം നസീർ ആയിരുന്നു മുഖ്യവേഷത്തിൽ. മഹാബലിയും മിത്തുകളും കഥാംശമായിട്ടുണ്ടെങ്കിലും ഓണത്തിന്റെ ഐതിഹ്യത്തെ പൂർണമായി ചിത്രീകരിച്ച സിനിമകൾ ഇതിനുപുറമെ 'തിരുവോണപ്പുലരിതൻ തിരുമുൽക്കാഴ്ച വാങ്ങാൻ തിരുമുറ്റമണിഞ്ഞൊരുങ്ങി' എന്ന ശ്രീകുമാരൻ തമ്പിയുടെ അതിപ്രസിദ്ധമായ ഓണപ്പാട്ട് ഉൾപ്പെടുത്തിക്കൊണ്ട് 1975-ൽ പുറത്തിറങ്ങിയ 'തിരുവോണം' ഓണവുമായി ബന്ധപ്പെടുത്തി ഒരു കുടുംബത്തിന്റെ കഥപറഞ്ഞ സിനിമയായിരുന്നു. ശ്രീകുമാരൻ തമ്പി സംവിധാനം നിർവ്വഹിച്ച ഈ ചിത്രത്തിലെ പാട്ടുകളാണ് സിനിമയെക്കാളേറെ ഏറ്റെടുക്കപ്പെട്ടത്. ഇന്നും ഓണക്കാലമായാൽ റേഡിയോയിലും ടെലിവിഷനിലും നാട്ടിൻപുറത്തെ ക്ലബ്ബുകളുടെ ഓണാഘോഷ പരിപാടികളിലും ആവർത്തിച്ച് കേൾക്കുന്നത് 'തിരുവോണപ്പുലരിതൻ തിരുമുൽക്കാഴ്ച വാങ്ങാൻ' എന്ന വാണി ജയറാമിന്റെ ശബ്ദമായിരിക്കും.

1955-ൽ പുറത്തിറങ്ങിയ 'ന്യൂസ് പേപ്പർ ബോയ്' എന്ന ചിത്രത്തിലാണ് 'മാവേലി നാടുവാണീടും കാലം മാനുഷരെല്ലാരുമൊന്നുപോലെ' എന്ന ഓണപ്പാട്ട് ആദ്യമായി ഉൾപ്പെടുത്തിയത്. മലയാളത്തിലെ ആദ്യത്തെ റിയലിസ്റ്റിക് സിനിമ എന്ന വിശേഷണമുള്ള ന്യൂസ് പേപ്പർ ബോയിയുടെ പ്രമേയവുമായി ബന്ധമില്ലെങ്കിലും മലയാളിയുടെ നാവിൻതുമ്പിലുള്ള ഈ ഓണപ്പാട്ട് സിനിമയിൽ ഉൾപ്പെടുത്താൻ സംവിധായകനായ പി. രാംദാസ് തീരുമാനിക്കുകയായിരുന്നു. എ. വിജയനും

എ. രാമചന്ദ്രനും ഈണം നൽകി കമുകറ പുരുഷോത്തമനും ശാന്ത പി. നായരും ചേർന്നാണ് പാടിയത്. 1973-ൽ പുറത്തിറങ്ങിയ 'മാധവിക്കുട്ടി' എന്ന ചിത്രത്തിൽ 'മാവേലി നാട്ടുവാണീടും കാലം മാനുഷരെല്ലാരുമൊന്നുപോലെ' പി ലീലയുടെ ശബ്ദത്തിലൂടെ വീണ്ടും സിനിമയിലെത്തി.

'അവർ ഉണരുന്നു' എന്ന ചിത്രത്തിൽ പി. നാരായണൻ നായർ രചിച്ച് ദക്ഷിണാമൂർത്തി ഈണം നൽകിയ 'മാവേലി നാട്ടിലെ മന്ദാരക്കാറ്റിലെ', മുടിയനായ പുത്രനിലെ കവിയൂർ രേവമ്മ പാടിയ 'ഓണത്തുമ്പീ ഓണത്തുമ്പീ ഓടി നടക്കും വീണക്കമ്പി', എൽ.ആർ ഈശ്വരിയുടെ ശബ്ദത്തിൽ പുറത്തുവന്ന 'ഓണത്തുമ്പീ വന്നാട്ടേ ഒരു നല്ല കഥപറയാൻ ഒന്നിരുന്നാട്ടേ', 'അത്തം പത്തിനു പൊന്നോണം പുത്തരികൊണ്ടൊരു കല്യാണം',വയലാർ എഴുതിയ 'മാവേലി വാണൊരുകാലം മറക്കുകില്ലാ മലയാളം' തുടങ്ങിയ ഓണപ്പാട്ടുകൾ അറുപതുകളിലെയും എഴുപതുകളിലെയും സിനിമകളിലൂടെ പുറത്തെത്തുകയും മലയാളി ഏറ്റുപാടുകയും ചെയ്തവയാണ്.

1972-ൽ 'ചെമ്പരത്തി' എന്ന ചിത്രത്തിൽ മാധുരി പാടിയ 'പൂവേ പൊലി പൂവേ പൊലി പൊലി പൂവേ, തുമ്പപ്പൂവേ പൂത്തിരളേ നാളേക്കൊരുവട്ടി പൂ തരണേ', ഓടിവാ തുമ്പീ പൂത്തുമ്പീ താ...തെയ്....' എന്നീ പാട്ടുകൾ ഇന്നും അനശ്വരമായി നിൽക്കുന്ന പാട്ടുകളും ഓണക്കാല ഗൃഹാതുരതയുടെ ചിത്രീകരണവുമാണ്. 'ആറന്മുള ഭഗവാന്റെ പൊന്നുകെട്ടിയ ചുണ്ടൻവള്ളം ആലോല മണിത്തിരയിൽ നടനമാടി', 'പൊന്നിൻ ചിങ്ങ മേഘം വാനിൽ പൂക്കളം പോലാടി' എന്നീ ഗാനങ്ങൾ ഒരു തലമുറയുടെ പ്രിയപ്പെട്ട ഓണപ്പാട്ടുകളായിരുന്നു.

ഇന്നത്തെ തലമുറയ്ക്കും ഏറെ പരിചിതമായ രണ്ടു ഓണപ്പാട്ടുകളാണ് സലിൽ ചൗധരി -ഒ.എൻ.വി ടീമിന്റെ 'ഓണപ്പൂവേ ഓണപ്പൂവേ', ശ്രീകുമാരൻ തമ്പിയും സലിൽദായുമൊന്നിച്ച 'പൂവിളി പൂവിളി പൊന്നോണമായി' എന്നിവ.

'കാലം തെളിഞ്ഞു പാടം കനിഞ്ഞു കള്ളി നിന്റെ കള്ളച്ചിരിപോലെ, പൊന്നരളി പൂനിരത്തി പൊന്നോണം വിരുന്നുവരും അരവയർ നിറവയറാകുമ്പോൾ നിനക്കും എനിക്കും കല്യാണം' ശ്രീകുമാരൻ തമ്പി എൺപതുകളിൽ എഴുതിയ ഈ വരികൾ അന്നത്തെ കാർഷിക കേരളത്തിലെ പഞ്ഞകാലത്തെയും ചിങ്ങത്തിലെ സമൃദ്ധിയിലേക്കും ചിത്രം വരച്ച പോലെയുള്ള നോട്ടമാണ്.

തൊണ്ണൂറുകളായപ്പോഴേക്ക് വയലേലകൾ കുറയുകയും കാർഷിക സാംസ്കാരം ഓർമയിലേക്ക് മാറുകയും ചെയ്തതിൽ പിന്നെ സിനിമയിലെ ഓണക്കാഴ്ച കുടിച്ചേരലിന്റെയും നല്ല കാലത്തിന്റെയും അയവിറക്കൽ മാത്രമായി. പിന്നീട് ഉപഭോഗ സംസ്കാര കാലത്തെ പോപ്പുലർ സിനിമകളെല്ലാം നിരന്തരം ഇത്തരം കാഴ്ചകൾ ഓർമ്മപ്പെടുത്തിക്കൊണ്ടേയിരുന്നു.

മേജർ രവിയുടെ 'കീർത്തിചക്ര'യിലും '1971 ബിയോണ്ട് ദ ബോർഡേഴ്സി'ലും ഓണക്കാലത്ത് നാട്ടിൽ വരുന്ന പട്ടാളക്കാരനെയും അയാൾ കുടുംബവുമൊത്തുള്ള ഓണസദ്യയും പൂക്കളം തീർക്കലും ഊഞ്ഞാലാട്ടവുമായി സന്തോഷിക്കുന്നതും നാട്ടിൻപുറത്തെ കൂട്ടുകാർക്കിടയിൽ ഓണക്കളികളിൽ മുഴുകുന്നതും കാണാം.

വലിയൊരു തറവാട്ടിലെ അംഗങ്ങളെല്ലാം ഓണക്കാലത്ത് ഒത്തുചേരുന്നതും അതിന്റെ രസങ്ങളും കളിചിരികളും കമലിന്റെ 'രാപകലി'ൽ കാണാം. തോംസന്റെ 'കാര്യസ്ഥനി'ലും ഒരുപാട് അംഗങ്ങളുള്ള തറവാട്ടിലെ ഓണം പാട്ടിലൂടെ കടന്നുവരുന്നുണ്ട്.

വിനീത് ശ്രീനിവാസന്റെ 'ജേക്കബ്ബിന്റെ സ്വർഗരാജ്യ'ത്തിൽ പ്രവാസികളുടെ ഓണാഘോഷം ഏറെ ആകർഷകമായി പാട്ടിലൂടെ ചിത്രീകരിക്കുന്നുണ്ട്.

ഓണാഘോഷ ചടങ്ങുകളുമായി ബന്ധമില്ലെങ്കിലും കത്തിച്ചുവച്ച നിലവിളക്കും തിരുവാതിരക്കളിയും ഓണത്തിന്റെ ബിംബമായി പലപ്പൊഴും സിനിമയിൽ കാണിക്കാറുണ്ട്. വള്ളംകളിയും പുലികളിയും സമൃദ്ധമായി മലയാള സിനിമ ഉപയോഗിച്ചിട്ടുണ്ട്. അതേസമയം അയൽവീടുകളിലെ വ്യത്യസ്ത മതക്കാരുമായി ഓണക്കാലത്തും പെരുന്നാളിനുമുള്ള വിശേഷ ഭോജ്യങ്ങളുടെ കൊടുക്കൽ വാങ്ങലുകൾ, ഓണപ്പൊട്ടൻ, ഉയിലുണർത്തുപാട്ട്, തുമ്പി തുള്ളൽ, കൈകൊട്ടിക്കളി, ഓണത്തല്ല് തുടങ്ങി ഓണക്കാലത്തെ നാട്ടാചാരങ്ങൾ, കളികൾ എന്നിവയൊന്നും വേണ്ട വിധത്തിൽ സിനിമയിൽ വന്നിട്ടില്ല.

(ഫോൺ: 9847404972)



# ഓണപ്പദങ്ങളാൽ പൂക്കളമൊരുക്കാം

**മുരളീധരൻ തഴക്കര**

ഓണം നമുക്ക് ഓർമ്മയുടെ വസന്തവും വസന്തത്തിന്റെ ഓർമ്മയുമാണ്. ആഹ്ലാദകരമായ ഒത്തുചേരലിന്റെയും പാരസ്പര്യത്തിന്റെയും പങ്കുവയ്ക്കലിന്റെയും ഓർമ്മപ്പെടുത്തൽ കൂടിയാണ് ഓണം. അത്തരം ഓർമ്മയിലേക്കു നയിക്കുന്ന ചില പദങ്ങളും അവയുടെ പൊരുളും ഇവിടെ സൂചിപ്പിക്കുകയാണ്. ഓണപ്പദങ്ങൾകൊണ്ട് ഒരു പൂക്കളമിടാം.

## ഓണപ്പുഴക്ക്

ഓണത്തിന്റെ മുന്നൊരുക്കങ്ങളിൽ ഏറ്റവും പ്രധാനമാണ് ഓണപ്പുഴക്ക്. ആവശ്യത്തിന് നെല്ല് പുഴങ്ങിക്കുത്തി അരിയാക്കിവെയ്ക്കുന്നതിനെയാണ് ഓണപ്പുഴക്ക് കൊണ്ട് ഉദ്ദേശിക്കുന്നത്.

## ഓണക്കൊയ്ത്ത്

ഓണം നമുക്ക് കൊയ്ത്തുത്സവമായിരുന്നു. ഒന്നാംവിള അഥവാ വിരിപ്പ് കൊയ്തെടുത്ത് അതായത് ചിങ്ങക്കൊയ്ത്തുകഴിഞ്ഞ് പുന്നെല്ല് പുഴങ്ങിക്കുത്തി ആ പുത്തരിച്ചോറാണ് ഓണത്തിന് തൂശനിലയിൽ വിളമ്പുക.



## ഓണപ്പൂവ്

വേലിപ്പടർപ്പിലും തൊടിയിലും മറ്റും സമൃദ്ധമായി വളർന്നിരുന്ന മഞ്ഞനിറത്തിലുള്ള ഒരുതരം പൂവാണ് ഓണപ്പൂവ്. മധ്യകേരളത്തിൽ ഇതിനെ കോളാമ്പിപ്പൂവെന്നാണ് പറയുന്നത്. കയ്യാലകളിലും വേലിപ്പടർപ്പുകളിലും ഇവ നന്നായി വളർന്നു നില്ക്കും. കൊങ്ങിണി, എണ്ണക്കാടൻ, ശംഖുപുഷ്പം, ചെമ്പരത്തി, അമ്പരത്തി, കമ്മലുപൂവ് തുടങ്ങി ആരുടെയും പരിചരണമൊന്നുമില്ലാതെ ശുദ്ധമായ നാട്ടിൻപുറത്തിന്റെ നിഷ്കളങ്കതയോടെ ഓണക്കാലമെത്തുമ്പോൾ പൂവിടുന്ന നാനാജാതി ചെടികളുണ്ടായിരുന്നു.

## പൂവട്ടി

അത്തം തുടങ്ങിയാൽ പിന്നെ അത്തപ്പൂക്കളമിടാൻ കുട്ടികൾ പൂവട്ടിയുമായി തൊടിയായ തൊടിയെല്ലാം കയറിയിറങ്ങും. പൂക്കൾ ശേഖരിച്ച് സൂക്ഷിക്കുന്ന പാത്രമാണ് പൂവട്ടി.

## ഓണത്തുമ്പ

പൂക്കളിൽവച്ച് ഏറ്റവും ചെറിയ പൂവായ തുമ്പപ്പൂവാണത്രെ മാവേലിത്തമ്പുരാനേറെയിഷ്ടം. പൂക്കളമിടുമ്പോൾ ആദ്യവരിയിടുന്നതും തുമ്പപ്പൂവ് കൊണ്ടാണ്.

## ഓണയളവ്

കർഷകത്തൊഴിലാളികളും മറ്റ് പണിക്കാരും ഓണത്തിന് ജന്മിയുടെ വീട്ടിലേക്ക് ഓണക്കാഴ്ചയുമായി വരുന്ന ഒരു സമ്പ്രദായം നിലനിന്നിരുന്നു. നേന്ത്രക്കുല, പച്ചക്കറികൾ, ചിരട്ടത്തവി, ചുണ്ണാമ്പ്, മുറം, കുട്ട, വട്ടി, കറിക്കത്തി എന്നിവയെല്ലാം അവരവരുടെ കുലത്തൊഴിലിനനുസരിച്ച് കൊണ്ടുവരുമായിരുന്നു. ഇതിനെ ഓണക്കാഴ്ച എന്നാണ് പൊതുവെ പറഞ്ഞിരു ന്നത്. ഇപ്രകാരം ഓണക്കാഴ്ചയുമായെത്തുന്നവർക്ക് ജന്മിഗൃഹത്തിൽനിന്നും നല്കുന്ന പ്രതിഫലം അഥവാ ഓണസമ്മാനത്തിനാണ് ഓണയളവ് എന്നു പറയുക. നെല്ലും നല്ലെണ്ണയും നാളികേരവും പുതുവസ്ത്രങ്ങളും പണവുമാണ് ഓണയളവായി നല്കിയിരുന്നത്.

## ഉറുമ്പൂട്ടും ഗൗളിപ്രാതലും

മനുഷ്യർക്കു മാത്രമല്ല ഏറ്റവും ചെറിയ ജീവിയായ ഉറുമ്പിന് പോലും ഓണത്തിന് ഉറുമ്പൂട്ട് നടത്തുന്ന ചടങ്ങ് നിലനിന്നിരുന്നു. തൂശനില വെട്ടി അതിൽ തേൻ തേച്ച് അതിന്മേൽ നുറുക്കരിയും മറ്റ് ഇഷ്ടധാന്യങ്ങളും ചേറി കൊടുക്കുന്നു. ഉറുമ്പും ഗൗളിയും സ്വൈരവിഹാരം നടത്തുന്ന ഇടങ്ങൾ കണക്കാക്കിയാണ് ഉറുമ്പൂട്ടിനും ഗൗളിപ്രാതലിനും സ്ഥാനമൊരുക്കുന്നത്.

## ഓണം കൊടുക്കുക

കന്നുകാലികൾക്കും ഓണമുണ്ട്. രാവിലെ തന്നെ അവയെ കുളിപ്പിച്ച് അരിമാവും മഞ്ഞൾപ്പൊടിയും കുങ്കുമവും ചാലിച്ച് അവയെ കുറി തൊടീക്കും. അതിനുശേഷം സംഭരിച്ച് വച്ചിട്ടുള്ള തീറ്റപ്പുല്ലും വൈക്കോലും നല്കുന്നു. വളരെ സ്വാദിഷ്ടമായ ധാന്യങ്ങളും പിണ്ണാക്കും പുളുങ്കുരുപ്പൊടിയും ചേർത്തുണ്ടാക്കുന്ന കാടിയും നല്കും. ഇപ്രകാരം കന്നുകാലികൾക്ക് ഓണത്തിന് മൃഷ്ടാന്നമായി ഭക്ഷണവും പരിചരണവും നല്കുന്നതിനാണ് ഓണം കൊടുക്കുക എന്നു പറയുന്നത്.

ഇനിയുമുണ്ട് മലയാളികൾക്ക് ചിരപരിചിതമായ ഓണവുമായി സന്ധിബന്ധമുള്ള വാക്കുകൾ. ഓണക്കളി, ഓണപ്പാട്ട്, ഓണവില്ല്, ഓണവട്ടം, ഓണപ്പൊട്ടൻ, ഓണമുണ്ട്, ഓണത്തല്ല്, ഓണത്തുമ്പി, പിള്ളേരോണം, പുത്തനോണം, ഓണക്കോടി, ഓണപ്പുടവ എന്നിങ്ങനെ നിരവധി പദങ്ങൾ.

പ്രാദേശിക പ്രാധാന്യവും വ്യത്യസ്തതകളുമുള്ള ധാരാളം വാക്കുകൾ ഇനിയും എത്രയോ ഉണ്ട്. ഓണവുമായി ഇഴചേർന്ന ഈ പദസമ്പത്തുതന്നെ മലനാടിന്റെ ഈ മഹോത്സവത്തിന്റെ പെരുമയും തനിമയുമാണ് വിളിച്ചോതുന്നത്.

(ഫോൺ : 9447220197)

കഥ

# മാടായിക്കാവിലെ കാക്കപ്പൂക്കൾ

**ജേക്കബ് ഏബ്രഹാം**

ഇത്തവണത്തെ ഓണത്തിന് മാടായിക്കുന്നിലെ കാക്കപൂക്കളുടെ ചിത്രമെടുക്കാൻ വിനോദേട്ടനില്ല. കുന്നാകെ തെറ്റിട്ടു നിൽപ്പുണ്ട് കാക്കപ്പൂക്കൾ. ഒരു നീലവിരിപ്പു പോലെ, കാക്കപൂക്കൾ മാത്രമല്ല, തുമ്പപ്പൂവും അക്കരപ്പതയും കൃഷ്ണകേസരവും കണ്ണാന്തളിയും ഒക്കെ പൂത്തിട്ടുണ്ട്. കൽമരങ്ങളുടെ അടുത്ത് പച്ചപൊന്തകൾക്കിടയിൽ കൃഷ്ണകിരീട ത്തിന്റെ ഒരുക്കൂട്ടം തന്നെ. വിനോദേട്ടനുണ്ടായിരുന്നെങ്കിൽ ഓരോ പൂവിനെയും ചെടിയെയും കുറിച്ച് ക്ലാസെടുത്തേനേം. ഒപ്പം പൂക്കൾക്കൊപ്പം നിർത്തി ഫോട്ടോകളെടുത്തേനേം. ദേവു ഓർത്തു.

-ദേവൂ.. അങ്ങനെയല്ല പെണ്ണേ ഇങ്ങനെ നന്നായി ചിരിക്ക്. ആ പൂക്കൾ പോലെ ആ ശബ്ദം കാതിൽ മുഴങ്ങുന്നു. പണ്ടൊരോണക്കാലത്ത് പത്താംക്ലാസുകാരിയായിരുന്നപ്പോൾ കൃഷ്ണകിരീടത്തി നിടയിൽ പട്ടുപാവാടയും അണിഞ്ഞ് ചിരിച്ച് ഈ കുന്നിൻമുകളിൽ വെച്ചെടുത്ത പടം ഒരു സാഹിത്യമാസികയുടെ ഓണപതിപ്പിൽ കവർചിത്രമായി അച്ചടിച്ചു വന്നു. വീട്ടുകാർക്കിടയിലും നാട്ടുകാർക്കിടയിലും പ്രശസ്തയായി. ഫോട്ടോഗ്രാഫറുടെയും മോഡലിന്റെയും പേരും മാസികയിൽ കൊടുത്തിരുന്നു. ചിത്രം-വിനോദ് മനക്കോത്ത്, മോഡൽ- ദേവേന്ദു മനക്കോത്ത്. കല്യാണങ്ങൾക്കൊക്കെ തറവാട്ടിൽ ഒത്തുകൂടുമ്പോൾ ചന്ദ്രേച്ചി, വിനോദേട്ടന്റെ ഏച്ചി പറയും

- ഓൾക്ക് സാഹിത്യവായന...ഓന് പടമെടുപ്പ്..രണ്ടിനെയും പിടിച്ച് മംഗലം കയിപ്പിക്കണം.

അത് കേട്ട് ക്യാമറയും തൂക്കി തൂണിൽ ചാരിനിന്ന് ചിരിച്ചോണ്ട് പറയും

- പിന്നേ ഈ ഉണക്കപൂട്ടിനെ ആർക്ക് വേണം. എനിക്ക് നല്ല മഞ്ജു വാര്യരെപ്പോലുള്ള പെണ്ണിനെ കിട്ടും

കണ്ണിൽ ചെറിയ നനവ് പടരുന്നുവോ.. ഈ ഓണം വേദനയുടേതാണ്

വിനോദേട്ടന്റെ അച്ഛനും കാരണവന്മാരും കുടുംബത്തിലെല്ലാവരും പറയുമായിരുന്നു

- നീയൊരു സ്റ്റുഡിയോയിട്..അല്ലെങ്കിൽ എതെങ്കിലും പത്രത്തിൽ ഫോട്ടോഗ്രാഫറായി കയറ്

അപ്പോഴൊക്കെ പറയുന്നയാളുടെ ചിത്രമെടുത്ത് മൂപ്പർ കൂളായി ചിരിച്ചുകൊണ്ടു നിൽക്കും.

കർക്കിടകം കഴുകി തെളിച്ചിട്ട മാടായിക്കുന്നിൽ ഓണവെയിൽ തിളങ്ങുന്നു.

ഓരോ ഋതുവിലും ഓരോ സമയങ്ങളിലും വിനോദേട്ടൻ മാടായിക്കാവിന്റെ ചിത്രങ്ങൾ പകർത്തിയിട്ടുണ്ട്. ഒരിക്കൽ വീട്ടിലെ കമ്പ്യൂട്ടറിൽ ശേഖരിച്ചുവെച്ച ഫോട്ടോകളൊക്കെ കാണിച്ചുതന്നു. ജൂതക്കുളത്തിനടുത്ത് പശുക്കൾ മേയുന്നത്, ഏഴിമലയ്ക്കപ്പുറം അന്തിസൂര്യൻ മറയുന്നത്, വേനൽ, മഴ, മഞ്ഞ്, മനുഷ്യർ, കുന്ന് കയറുന്നവരും ഇറങ്ങുന്നവരും... പടങ്ങൾ നിറയെ മാടായിയാണ്. ഓണം എന്ന ഫോൾഡറിൽ മാടായിക്കുന്നിൽ മാത്രം വിരിയുന്ന ഓണപൂക്കൾ.

ആദ്യമായി സാരിയുടുത്തപ്പോൾ കാണാൻചെന്നപ്പോൾ ബൈക്കിൽ കയറ്റി കാവിൽ കൊണ്ടുപോയി. ഭഗവതിയുടെ മുമ്പിലെ ആലിൻചുവട്ടിൽ നിർത്തി ഫോട്ടോയെടുത്തു. ഫേസ്ബുക്കിലെ പ്രൊഫൈൽചിത്രമതാണ്. കോളേജിലെ കൂട്ടുകാരികൾ പറയുമായിരുന്നു

-ദേവൂ..നിന്റെ ഫോട്ടോഗ്രാഫറെ ഒന്നു കൊണ്ടുവാ

കർക്കിടകത്തിലെ മഴ മാറി വന്ന വെയിലിൽ ഓണത്തുമ്പികൾ തുള്ളുന്നു. ഈ വഴിയെ നടക്കുമ്പോൾ വിതുമ്പിപ്പോകുന്നു

ചന്ദ്രേച്ചി പറയും - ഓനെ കാണാനാരൊക്കെയാ അപ്പാ വരണെ..പരിസ്ഥിതിക്കാര്, മാഷ്മ്മാര്, എഴുത്തുകാര്, കവികള്, പത്രക്കാര്,..ല്ലാരും ഓനെക്കൂട്ടിയല്ലെ മാടായിക്കുന്ന് കയറണെ.

ചന്ദ്രേച്ചിയുടെ വാക്കുകൾക്കൊപ്പം കുന്ന് കയറുന്ന വിനോദേട്ടന്റെ രൂപം. കഴുത്തിൽ തൂക്കിയിട്ട ക്യാമറ. ആ നശിച്ച രാത്രിയിലെ ബൈക്ക് ആക്സിഡന്റ് തകർത്ത ജീവിതങ്ങളിൽ ഞാനുമുണ്ട് ദേവു ഓർത്തു. കണ്ണുകൾ നിറഞ്ഞു. മാടായിക്കുന്നിറങ്ങവെ പൂക്കൾക്കു മുകളിൽ തുള്ളുന്ന തുമ്പികളെ ദേവു ഒന്നുകൂടി നോക്കി, ഏട്ടന്റെ ആത്മാവുമുണ്ടാകും അതിൽ... മാടായിക്കുന്നിലെ ഓണപൂക്കളെ വിട്ട് ഏട്ടന് പോകാനാവില്ലല്ലോ... ദേവു മെല്ലെ കുന്നിറങ്ങി...

(ഫോൺ : 9995011323)




ആഘോഷത്തി
നല്ല. ആശ്വാ
സത്തിനാണ്
ഈ വരവ്...




## പരസ്യ നിരക്ക്

| | |
|---|---|
| കവർ (അവസാന പുറം) കളർ | ₹ 12000 |
| കവർ (ഉൾവശം) കളർ | ₹ 10000 |
| കവർ (ഉൾവശം) ബ്ലാക്ക് & വൈറ്റ് | ₹ 8000 |
| മറ്റു പേജുകൾ (കളർ) | ₹ 8000 |
| മറ്റു പേജുകൾ (ബ്ലാക്ക് & വൈറ്റ്) | ₹ 6000 |
| അരപേജ് (കളർ) | ₹ 5000 |
| അര പേജ് (ബ്ലാക്ക് & വൈറ്റ്) | ₹ 3000 |


# പഞ്ചായത്ത്‌രാജ്

വാർഷിക വരിസംഖ്യ ₹ 120



**PANCHAYAT RAJ (Monthly)** August 2018
Annual Subscription ₹120, Published on 20 August 2018
Posted at Trivandrum RMS on 25th & 26th of every month

RNI. No. : 7959/61
Postal Reg. No. KL/TV(N) 391/2018-20
Licensed to post without prepayment No. KL/TV(N) WPP/85/2018-20




Printed & Published by M.P.Ajithkumar, Director (ic), Dept. of Panchayats on behalf of Govt. of Kerala and
Printed at Gramalakshmi Mudralayam, Kanjikodu, Palakkad, Kerala and
Published at Directorate of Panchayats, Museum P.O., Thiruvananthapuram - 695 033, Kerala. Editor: M.P.Ajithkumar